# ജനപഥം

ഒക്ടോബർ 2013

## ഉള്ളടക്കം


4
ഭൂരഹിതരില്ലാത്ത മലയാള മണ്ണ്
അടൂർ പ്രകാശ്
റവന്യൂ മന്ത്രി



8
ഭക്ഷണം ഇനി
പാവപ്പെട്ടവരുടെ അവകാശം
സി.ടി. തങ്കച്ചൻ



18
പുതിയ രാമന്റെ
നൂറാം വർഷം
എസ്. ഗോപാലകൃഷ്ണൻ

13
സന്തുഷ്ടവാർധക്യം
സ്വന്തം വീട്ടിൽ
അഷ്റഫ് കാവിൽ

21
പറക്കാൻ കൊതിച്ച് കണ്ണൂർ
ജി. രമ്യ

23
ചെറുകിട വ്യവസായരംഗത്തെ
പുതിയ പ്രവണതകൾ
ടി.എസ്. ചന്ദ്രൻ

26
ഫോട്ടോ ഫീച്ചർ

28
അമാനുഷികതയുടെ
രാവണാവതാരങ്ങൾ
ദീപ ആർ.വി.എം.

30
മണ്ണിൽതൊട്ട
ഇതിഹാസഗാഥകൾ
പ്രൊഫ. ജി. ബാലചന്ദ്രൻ

32
സംഗീതത്തിന്റെ ഒരു മഹാകാലം
സജി ശ്രീവത്സം



34
അൻപതു കഴിഞ്ഞ
ഒരു ബംഗ്ലാവ്
പി.കെ. സുധി

36
വിസ്മൃതമാകുന്ന കളംപാട്ട്
വി.വി. പ്രഭാകരൻ

38 ജില്ലകളിലൂടെ
45 സർക്കാർ ഉത്തരവുകൾ
47 പെൺജീവിതം
49 ശാസ്ത്രലോകം
50 ശാസ്ത്രം
51 സമീക്ഷ
52 കാലത്തിനൊപ്പം

## പ്രതികരണം




# യാത്രകൾ ജീവിതയാത്രകൾ

വിനോദസഞ്ചാരമേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകി പുറത്തിറക്കിയ ജനപഥം സെപ്റ്റംബർ ലക്കം വശ്യമനോഹരിയായി!

ഓരോ മാനവജീവിതവും നിതാന്ത സഞ്ചാരമാണല്ലോ. ജനനത്തിൽ നിന്ന് മരണത്തിലേക്കുള്ള ആ മഹാപ്രയാണത്തിന്നിടയിൽ ഭൂമിയിലെ ഓരോ നിമിഷവും ധന്യവും സാർഥകവുമാക്കാൻ ഏവരും മോഹിക്കുന്നു. എന്നാൽ അത് സാധിക്കുന്നവരോ വിരളവും. ദൃശ്യചാരുതയും അതുല്യാനുഭവങ്ങളും തേടിയുള്ള യാത്രകൾ നൽകുന്ന ആത്മപ്രഹർഷം അനന്യവും അനിർവചനീയവുമാണ്. മനസ്സിന്റെ വിശാലത യാത്രയുമായി ബന്ധപ്പെട്ടിരിക്കുന്നതു കൊണ്ടാവണം 'എത്ര ലോകം കണ്ടതാ' എന്ന ചൊല്ല് ഉത്ഭവിച്ചത്. യാത്രകൾ ജീവിതയാത്രയെ ചേതോഹരവും നിത്യനവീനവുമാക്കും. തീർച്ച.

ജനപഥം കൂടുതൽ വായനക്കാരിലേക്കുള്ള സഞ്ചാരം അഭംഗുരം തുടരട്ടെ.

**ആനന്ദ് നാറാത്ത്,** *കണ്ണൂർ*

# പരീക്ഷണം കലാരംഗത്ത് മാത്രമല്ല കാർഷിക രംഗത്തും

2013 ഓഗസ്റ്റ് ലക്കം ജനപഥം കാർഷിക കേരളത്തെ വളരെ മനോഹരമായി ചിത്രീകരിച്ചു. കേരളത്തിൽ നെല്ലുത്പാദനരംഗത്ത് വേണ്ടത്ര മികച്ച പ്രകടനം കാഴ്ചവെക്കാനായില്ലെങ്കിലും കാർഷികരംഗം വളരെയേറെ പുഷ്ടിപ്പെടുന്ന കാഴ്ചയാണ് നാമിന്ന് കാണുന്നത്. അതിന്റെ പരിണതഫലമെന്നോണം കൃഷിയിറക്കാത്ത പാടശേഖരങ്ങൾ പാട്ടത്തിനെടുത്തും സ്കൂൾ പരിസരത്തെ കൃഷിയും ഇന്ന് ഏറെ മുന്നിലെത്തിക്കൊണ്ടിരിക്കുന്നു. സ്കൂൾ കോംപൗണ്ടുകളിൽ വിദ്യാർഥികൾ വളരെ ആവേശപൂർവമാണ് പച്ചക്കറികൾ നടുന്നത്. ജനസാന്ദ്രതയേറിയ ഇടങ്ങളിൽ മട്ടുപ്പാവ് കൃഷി വളരെ ഉത്സാഹപൂർവം നടക്കുന്നു. ഒരു പരിധിവരെ മാനസിക സംഘർഷം കുറയ്ക്കാനും മനസ്സിന്റെ സംതൃപ്തി നിലനിർത്താനും സാമ്പത്തികലാഭത്തിനും കൃഷി ഒരുത്തമ മാർഗമാണ്.

ഈയിടെ അന്തരിച്ച ദക്ഷിണാമൂർത്തി സ്വാമിയെക്കുറിച്ചുള്ള ലേഖനവും ഏറെ മികവുപുലർത്തിയ ഒന്നായിരുന്നു.

**കെ. പ്രേമചന്ദ്രൻ**
കടയ്ക്കാവൂർ

# കാർഷിക സംസ്കൃതി

2013 ഓഗസ്റ്റ് ലക്കം ജനപഥം വായിച്ചു. ചീഫ് എഡിറ്റർ എഴുതിയ മുഖക്കുറിപ്പിൽ "കാർഷിക സംസ്കൃതി നിലനിർത്തണം" 2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ ഇപ്പോഴത്തെ ജനസംഖ്യ 3.34 കോടിയാണ്. നമ്മുടെ ഭക്ഷ്യാവശ്യം നിറവേറ്റാൻ 40 ലക്ഷം ടൺ അരിയുടെ ആവശ്യമുണ്ട്. ഉത്പാദനം വെറും ആറു ലക്ഷം ടൺ ആണ്. 1970-71 ൽ നമ്മുടെ സംസ്ഥാനം ഏറ്റവുമധികം നെല്ല് ഉത്പാദിപ്പിച്ചു, 135740 ടൺ. ക്രമാനുഗതമായി നെല്ലിന്റെ ഉത്പാദനം കുറഞ്ഞുവരുന്നതായാണ് കണക്കുകൾ പറയുന്നത്. 2021 ആകുമ്പോൾ 64 ലക്ഷം ടൺ ഭക്ഷ്യധാന്യം ആവശ്യമാണ്. നെൽവയലുകൾ ക്രമാതീതമായി കുറയുന്ന പ്രവണത നമ്മുടെ ഭക്ഷ്യസുരക്ഷയ്ക്കുതന്നെ ഭീഷണിയാണ്.

കേരളത്തിൽ ഏറ്റവും അനുയോജ്യമായ ഭൂമിയും കാലാവസ്ഥയുമാണ് നെൽകൃഷിക്കുള്ളത്. കേരളത്തിലുള്ള അത്രയും വൈവിധ്യമാർന്ന ഒരു നെൽകൃഷി മേഖല ഇന്ത്യയിൽ മറ്റൊരിടത്തും കാണാനാകില്ല. പൊതുവേ വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നിങ്ങനെ മൂന്നു നെൽകൃഷി നടക്കുന്നതെങ്കിലും ചില പ്രത്യേക കാർഷിക കാലാവസ്ഥ വ്യത്യാസവും മഴയുടെ ലഭ്യതയും മൂലമായി ഒരു കാലത്ത് കാർഷിക അഭിവൃദ്ധിയുടെ മുഖമുദ്രയായിരുന്ന നെൽപ്പാടങ്ങൾ പാടേ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇന്ത്യാഗവൺമെന്റിന്റെ കണക്കനുസരിച്ച് നെൽകൃഷിയിൽ ഏറ്റവുമധികം ഉത്പാദനചെലവുള്ള സംസ്ഥാനമാണ് കേരളം. നാൾക്കുനാൾ ഏറിവരുന്ന ചെലവ് കൂടാതെ കർഷകത്തൊഴിലാളികളുടെ കുറവ്, ഉത്പാദനോപാധികളുടെ വില, താമസം തുടങ്ങിയ പ്രശ്നങ്ങളാണ് നെൽ കർഷകരെ അലട്ടുന്നത്. നെൽകൃഷിയും സമ്പദ് വ്യവസ്ഥയും, കൃഷിയെ മറക്കുന്ന മലയാളിപ്പൊങ്ങച്ചം, കാർഷിക സംസ്കൃതിയെ ആത്മതാളമാക്കിയ യുവത്വം, മണ്ണിൽ നിലയുറപ്പിച്ച കൃഷിപാഠങ്ങൾ മറ്റ് എല്ലാ ലേഖനങ്ങളും ഉന്നത നിലവാരമുള്ളവയായി.

**വി. മണികണ്ഠൻ**. ചെമ്പൻകോട്

# ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ഒക്ടോബർ 2013

പുസ്തകം 2 ലക്കം 8

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**കെ.സി. അനിൽകുമാർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

ട്രാൻസ്‌ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

**പ്രതിനിധികൾ:**

- **കെ.എസ്. ശൈലേന്ദ്രൻ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **ശക്തികുമാർ ആർ,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.പി. പ്രമോദ്കുമാർ,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ.ടി. ശേഖരൻ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി



**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
ഫോൺ: 0471-2518171


മുഖക്കുറിപ്പ്

# പുതിയ കേരളം

മണ്ണും മനുഷ്യനുമായുള്ള ബന്ധത്തിന് മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. സ്വന്തമായി ഒരു തുണ്ട് ഭൂമിയുണ്ടാകുകയെന്നത് എല്ലാ മനുഷ്യരുടെയും സ്വപ്നമാണ്. സ്വന്തം മണ്ണിൽ തലചായ്ച്ചുറങ്ങാൻ ആഗ്രഹിക്കാത്ത മനുഷ്യരില്ലല്ലോ. ഇവിടെ സാമൂഹികവും ചരിത്രപരവുമായ കാരണങ്ങളാൽ ഭൂമിയില്ലാതായ മനുഷ്യരുടെ ആശങ്കകൾ പങ്കുവെച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ആവിഷ്കരിച്ചത്. 2015 ഓടെ കേരളത്തിലെ എല്ലാ ഭൂരഹിതർക്കും സ്വന്തമായി മൂന്നു സെന്റ് ഭൂമി നൽകുകയാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ ഒരു ലക്ഷം പേർക്ക് ഭൂമി വിതരണം ചെയ്യുന്ന പദ്ധതി സെപ്റ്റംബർ 30 ന് ഉദ്ഘാടനം ചെയ്യപ്പെട്ടു.

ആദ്യഘട്ടത്തിൽ അഗതികൾ, ക്യാൻസർ, ഹൃദ്രോഗം, തളർവാതം, മറ്റ് മാറാരോഗങ്ങൾ പിടിപെട്ടവർ, 50 ശതമാനത്തിൽ കൂടുതൽ അംഗവൈകല്യമുള്ളവർ, വിധവകൾ, പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ടവർ എന്നിവർക്കാണ് ഭൂമി നൽകുന്നതിൽ മുൻഗണന. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നിങ്ങനെ ആറു ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ടവർക്കാണ് ഭൂമി വിതരണം ചെയ്യുന്നത്.

ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അതിന് പരിഹാരം കാണുമ്പോഴാണ് ഭരണകൂടം ജനകീയമാകുന്നത്. കോടിക്കണക്കിന് വരുന്ന സാധാരണക്കാരായ ജനങ്ങൾക്ക് ആശ്വാസമാകുന്ന കേന്ദ്ര ഗവൺമെന്റിന്റെ നവീന പദ്ധതിയാണ് ഭക്ഷ്യസുരക്ഷാ ബിൽ. പാവപ്പെട്ടവന് ഭക്ഷണം ഉറപ്പുനൽകുന്ന ഈ നിയമം ദാരിദ്ര്യനിർമാർജന ശ്രമങ്ങൾക്ക് ആക്കം കൂട്ടും. സ്വാതന്ത്ര്യത്തിനു ശേഷം ധാരാളം ദാരിദ്ര്യനിർമാർജന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അവയൊന്നും പൂർണമായും ഫലപ്രദമായില്ല. വ്യക്തമായ ലക്ഷ്യബോധത്തോട മുൻകാല പിഴവുകൾ പരിഹരിച്ചുകൊണ്ടുള്ള ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ പട്ടിണിയില്ലാത്ത ഇന്ത്യയെന്ന സ്വപ്നം യാഥാർഥ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഗർഭിണികൾ, പ്രസവിച്ച അമ്മ, പിറന്നുവീണ കുട്ടി, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് പോഷകാഹാരം ഉറപ്പുനൽകുന്നു. ഭക്ഷ്യ ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടിയ രാജ്യത്ത് ഭക്ഷണം കഴിക്കാത്ത ജനങ്ങളുണ്ടാകുകയെന്നത് വിരോധാഭാസമാണ്. പാളിച്ചകളുള്ള വിതരണ സമ്പ്രദായത്തിന്റെ പ്രതിഫലനം കൂടിയാണിത്. സ്വാതന്ത്ര്യത്തിന് 67 വർഷങ്ങൾ പിന്നിടുന്ന വേളയിൽ സാധാരണക്കാരനുവേണ്ടിയുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിക്കുവാൻ കഴിഞ്ഞത് നല്ലകാര്യമാണ്. അർഹരുടെ കൈകളിൽ തന്നെ ഗുണഫലങ്ങൾ എത്തുന്നുവെന്നത് ഉറപ്പുവരുത്തിയെങ്കിൽ മാത്രമേ ഇതിന്റെ ഫലപ്രാപ്തി പൂർണമാകൂ.


സംസ്ഥാന സർക്കാർ ജനങ്ങൾക്ക് ഭൂമിയും കേന്ദ്രത്തിൽ നിന്ന് ഭക്ഷ്യസുരക്ഷയും ഉറപ്പുനൽകുമ്പോൾ സംസ്ഥാനം വളർച്ചയുടെ പുതിയൊരു പാതയിലൂടെ സഞ്ചരിച്ചു തുടങ്ങുകയാണ്. ഈ പദ്ധതികളിലൂടെ പുതിയൊരു കേരളം സാധ്യമാകുമെന്ന് പ്രതീക്ഷിക്കാം.

**മിനി ആന്റണി**
ചീഫ് എഡിറ്റർ

അടൂർ പ്രകാശ്
റവന്യൂ മന്ത്രി

**സാമൂഹികക്ഷേമത്തിന്റേയും വികസനത്തിന്റെയും നാഴികക്കല്ലാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി. എല്ലാവരും ഭൂമിയുടെ, മണ്ണിന്റെ അവകാശികളാകുന്ന ഒരു ലക്ഷ്യത്തിലേക്കുള്ള നിർണ്ണായകമായ ആദ്യ ചുവട് വയ്പിനാണ് സെപ്റ്റംബറിന്റെ അവസാനനാളിൽ കേരളം സാക്ഷ്യം വഹിച്ചത്**

# ഭൂരഹിതരില്ലാത്ത മലയാള മണ്ണ്





ഭാരതത്തിന്റെ ചരിത്രത്തിൽ ദാരിദ്ര്യവും പിന്നാക്കാവസ്ഥയും അനുഭവിക്കുന്ന ജനതയുടെ ക്ഷേമത്തിനും വളർച്ചയ്ക്കും ഉതകുന്ന പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിൽ കേരളം എന്നും മാതൃകയായിരുന്നു. നിയമനിർമാണ സഭയുടെ 125 ാം വാർഷികം ആഘോഷിക്കുമ്പോൾ കേരളം നൂതനമായ പദ്ധതിക്കുകൂടി തുടക്കം കുറിക്കുകയാണ്. സെപ്റ്റംബർ 30 ന് ബഹുമാന്യയായ യു.പി.എ. അധ്യക്ഷ സോണിയാഗാന്ധി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാംഘട്ടം ഉദ്ഘാടനം ചെയ്തപ്പോൾ അത് രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്കു കൂടി മാതൃകയായി.

റവന്യൂ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതനവും വിപ്ലവാത്മകവുമായ ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ ഭൂരഹിതരായിട്ടുള്ള കുടുംബങ്ങൾക്ക് മൂന്നു സെന്റ് ഭൂമി വീതം നൽകുകയെന്നതാണ് വിഭാവന ചെയ്യുന്നത്. മഹത്തായ ആ ദൗത്യത്തിന്റെ ആദ്യ ഘട്ട




**ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഉദ്ഘാടനവേദിയിൽ യു.പി.എ. അധ്യക്ഷ സോണിയാഗാന്ധി പട്ടയം വിതരണം ചെയ്യുന്നു**



ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിനെത്തിയ ജനക്കൂട്ടം

മായി ഒരു ലക്ഷം പേർക്ക് ഭൂമി നൽകാനാണ് ഉദ്ദേശിക്കുന്നത്.

തന്റെ കുടുംബത്തിന് ഒരു തുണ്ടു ഭൂമിയെങ്കിലും സ്വന്തമായി ഉണ്ടാകുകയെന്നത് ഏതൊരു വ്യക്തിയുടെയും ജീവിതാഭിലാഷമാണ്. എന്നാൽ ജനസംഖ്യയുടെ വളർച്ചയ്ക്കാനുപാതികമായി ഭൂമിയുടെ ലഭ്യതയിലും കുറവുസംഭവിക്കുകയും ഭൂരഹിതരുടെ എണ്ണം ക്രമാതീതമായി വർധിക്കുകയും ചെയ്തു. ലോകജനസംഖ്യ ഇന്ന് 700 കോടി കഴിഞ്ഞിരിക്കുന്നു. ഇന്ത്യ ഇന്ന് ലോകജനസംഖ്യയിൽ രണ്ടാം സ്ഥാനത്ത്

# കേരളത്തിന്റെ അഭിമാന നിമിഷങ്ങൾ

വൃദ്ധയായ ആ അമ്മയുടെ കണ്ണുകളിലുണ്ടായ തിളക്കം കേരളത്തിന്റെ അഭിമാന മുഹൂർത്തമായി സ്വന്തം മണ്ണിൽ തലചായ്ച്ചുറങ്ങുക എന്ന സ്വപ്നത്തിന് വാർധക്യത്തിലെങ്കിലും അവസരമുണ്ടായതിന്റെ കൃതാർഥതയുണ്ടായിരുന്നു അവരുടെ മുഖത്ത്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഉദ്ഘാടന വേദിയിൽ സ്വന്തമായി മൂന്നു സെന്റ് ഭൂമിയുടെ പട്ടയം സ്വീകരിച്ച ആ അമ്മയുടെയും മറ്റ് അഞ്ചു പേരുടെയും മാത്രമല്ല പദ്ധതിയുടെ ആദ്യ ഘട്ടമായി ഭൂമി ലഭിക്കുന്ന ഒരു ലക്ഷത്തോളം വരുന്ന മണ്ണും കിടപ്പാടവുമില്ലാത്ത ജനവിഭാഗത്തിന്റെ മുഴുവൻ സന്തോഷാശ്രുക്കൾക്കാണ് സെപ്റ്റംബർ മുപ്പതിന്റെ പൂർവാഹ്നം സാക്ഷ്യം വഹിച്ചത്.




ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഉദ്ഘാടന വേദിയിൽ യു.പി.എ. അധ്യക്ഷ സോണിയാ ഗാന്ധിയിൽ നിന്നും പട്ടയം സ്വീകരിച്ച ആറു പേർക്കും സർക്കാർ വീടുവെച്ച് നൽകും. ചടങ്ങിൽ അധ്യക്ഷത വഹിച്ച മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയാണ് പ്രസംഗത്തിൽ ഈ പ്രഖ്യാപനം നടത്തിയത്. തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള കെ. ഗണേശൻ, അന്നം (എറണാകുളം), ആരിഫ ബീവി (ആലപ്പുഴ), സജികുമാർ (കോട്ടയം), ജയകുമാരി (പത്തനംതിട്ട), ശശികല (കൊല്ലം) എന്നിവർക്കാണ് സൗജന്യ ഭൂമിക്കൊപ്പം വീടും ലഭിക്കുക.

കിടപ്പാടമില്ലാത്ത ഒരു കുടുംബം പോലുമുണ്ടാവരുതെന്ന ലക്ഷ്യത്തിലെത്താനുള്ള ശ്രമമാണ് സർക്കാരിന്റേതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഈ സർക്കാരിന്റെ സ്വപ്ന പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം. അത് പൂർണമായും നടപ്പാക്കിക്കഴിഞ്ഞാൽ ഭവന രഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യവും കൈവരിക്കും. 2,43,928 അർഹരായ അപേക്ഷകരിൽ നിന്നാണ് ഒരു ലക്ഷം പേർക്ക് ആദ്യഘട്ടത്തിൽ ഭൂമി നൽകുകയെന്ന് റവന്യൂ മന്ത്രി അടൂർ പ്രകാശ് പറഞ്ഞു. കാസർകോട്, കണ്ണൂർ ജില്ലകളിലെ മുഴുവൻ അപേക്ഷകർക്കും ആദ്യഘട്ടത്തിൽ തന്നെ ഭൂമി ലഭിക്കുമെന്ന് അദ്ദേഹം അറിയിച്ചു. കേന്ദ്രമന്ത്രിമാരായ വയലാർ രവി, ഡോ. ശശി തരൂർ, സംസ്ഥാന മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, കെ.എം. മാണി, വി.എസ്. ശിവകുമാർ, ചീഫ് സെക്രട്ടറി ഇ.കെ. ഭരത് ഭൂഷൺ, റവന്യൂ സെക്രട്ടറി കമലവർധന റാവു എന്നിവരും പങ്കെടുത്തു. ■



**ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യാൻ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗം**

എത്തിനിൽക്കുന്നു. ഭാരതത്തിൽ ഇന്ന് ഒരു ചതുരശ്ര കിലോമീറ്ററിൽ 378 പേർ അധിവസിക്കുന്നതായാണ് കണക്ക്. എന്നാൽ 2011 ലെ കണക്കനുസരിച്ച് കേരളത്തിലാകട്ടെ ഒരു ചതുരശ്ര കിലോമീറ്ററിൽ 859 പേർ ജീവിക്കുന്നു. ഇത് വെളിപ്പെടുത്തുന്നത് ഭൂമിയുടെ ആസൂത്രിതമായ ഉപയോഗത്തിന്റെ ആവശ്യകതയാണ്. സ്വന്തമായി ഒരു വാസസ്ഥലത്തിനായി വർധിച്ചുവരുന്ന ആവശ്യത്തിന്റ ഈ പശ്ചാത്തലത്തിലാണ് ഒരു തുണ്ടു ഭൂമി പോലും സ്വന്തമായി ഇല്ലാത്തവർക്കായി 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി'ക്ക് രൂപം കൊടുക്കുവാൻ സർക്കാർ തീരുമാനിച്ചത്. ആ ദൗത്യത്തിന്റെ ആദ്യ പടി സംസ്ഥാനത്തെ ഭൂരഹിതരായ കുടുംബങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുകയെന്നുള്ളതായിരുന്നു. രണ്ടു ഘട്ടങ്ങളിലായി നടത്തിയ ഏറെ ശ്രമകരമായ പരിശോധനകളിലൂടെയും സൂക്ഷ്മ നിരീക്ഷണങ്ങളിലൂടെയുമാണ് ഭൂരഹിതരായ കുടുംബങ്ങളെ കണ്ടെത്തുവാനായത്. തുടർന്ന് ആദ്യചുവടുവയ്പ്പെന്ന നിലയിൽ ഒരു ലക്ഷം കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി നൽകുവാൻ തീരുമാനിച്ചത്.

2013 ആഗസ്റ്റ് 15 ന് മുൻപ് ആദ്യഘട്ടം നൽകുമെന്നാണ് ആദ്യം പ്രഖ്യാപിച്ചിരുന്നത്. എന്നാൽ സംസ്ഥാനത്ത് ജൂൺ ഒന്നു മുതൽ ആരംഭിച്ച തുടർച്ചയായ മഴ പ്രഖ്യാപിത ദിവസം ഈ പദ്ധതി നടപ്പാക്കുന്നതിന് വിഘാതമായി. ആദ്യഘട്ടത്തിൽ ഒരു ലക്ഷം ആളുകൾക്ക് മൂന്ന് സെന്റ് ഭൂമി വീതം നൽകുമെന്നാണ് പ്രഖ്യാപിച്ചത്.

ഭൂമി കണ്ടെത്തിയെങ്കിലും പ്ലോട്ടുകൾ തിരിക്കുന്ന ജോലികൾ പൂർണമായി പൂർത്തീകരിക്കുവാൻ ഇതുമൂലം കഴിഞ്ഞില്ല.

ഓരോ ജില്ലയിലും കണ്ടെത്തിയ ഭൂമി നൽകുന്നതിന് ആളുകളെ തിരഞ്ഞെടുക്കുന്നതിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്ന സി-ഡിറ്റിനെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ചില മുൻഗണനാമാനദണ്ഡവും നൽകിയിട്ടുണ്ട്.

1. അഗതികൾ (ജോലിചെയ്ത് നിത്യവൃത്തിക്ക് നിവൃത്തിയില്ലാത്തവർ)
2. ക്യാൻസർ/ഹൃദ്രോഗം/തളർവാതം/മാറാരോഗങ്ങൾ കൊണ്ട് അവശതയനുഭവിക്കുന്നവർ
3. 50 ശതമാനത്തിൽ കൂടുതൽ അംഗവൈകല്യമുള്ളവർ
4. വിധവകൾ
5. പട്ടികജാതി/പട്ടികവർഗ ഗുണഭോക്താക്കൾ (25 ശതമാനം)

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അവർ താമസിക്കുന്ന വില്ലേജിൽ ഭൂമിയുണ്ടെങ്കിൽ ആദ്യം പരിഗണിക്കും. ആ വില്ലേജിൽ ഇല്ലെങ്കിൽ ആ താലൂക്കിലും അതും ഇല്ലെങ്കിൽ ജില്ലയിലും പരിഗണിക്കും.

ജില്ലയിൽ മതിയായ ഭൂമിയില്ലെങ്കിൽ ഭൂമി കൂടുതൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ള ജില്ലകൾ തിരഞ്ഞെടുക്കാൻ അവസരം നൽകും.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ആറു ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ഭൂരഹിതർക്കാണ് സെപ്റ്റംബർ 30 ന് തിരുവനന്തപുരത്തുവെച്ച് പട്ടയം നൽകിയത്. മറ്റു ജില്ലകളിലും ഉടൻ തന്നെ പട്ടയവിതരണം നടക്കുന്നതാണ്. 2015 ആകുമ്പോഴേക്കും കണ്ടെത്തിയിട്ടുള്ള മുഴുവൻ ഭൂരഹിതർക്കും പട്ടയം നൽകുകയെന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായുള്ള പരിശ്രമങ്ങൾ തുടർന്നുകൊണ്ടു പോകുന്നതാണ്.

ഭൂരഹിതരെ കണ്ടെത്തുന്നതു മുതൽ അവർക്കായി ഭൂമി കണ്ടെത്തി പ്ലോട്ടുതിരിച്ച് പട്ടയം തയാറാക്കുന്നതടക്കമുള്ള ശ്രമകരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ റവന്യൂ വകുപ്പിലെയും സർവെ വകുപ്പിലെയും മുഴുവൻ ഉദ്യോഗസ്ഥരെയും പ്രത്യേകം ഞാൻ അഭിനന്ദിക്കുന്നു. ഏതു സാഹചര്യത്തിലും വികസനവും കരുതലും എന്ന മുദ്രാവാക്യവുമായി കാര്യക്ഷമമായി മുന്നോട്ടു പോകുന്ന മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാരിന്റെ സാമൂഹികപ്രതിബദ്ധതയോടെയുള്ള പ്രവർത്തനങ്ങൾ ജനങ്ങളിലെത്തുന്നതിലുള്ള ചാരിതാർഥ്യം തെല്ലും ചെറുതല്ല. ■



**ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഉദ്ഘാടന ദിനത്തിലെ ഒരു ദൃശ്യം**

■ സി.ടി. തങ്കച്ചൻ



# ഭക്ഷണം ഇനി പാവപ്പെട്ടവരുടെ അവകാശം

**ഭക്ഷണം പാവപ്പെട്ടവർക്കുള്ള ഔദാര്യമല്ല, അവകാശമാണെന്ന് പ്രഖ്യാപിക്കുന്ന സുപ്രധാന നടപടിയാണ് ഭക്ഷ്യസുരക്ഷാബിൽ പാസാക്കിയതിലൂടെ കേന്ദ്രസർക്കാർ കൈക്കൊണ്ടത്**

സ്വതന്ത്രമായി ജീവിക്കുക എന്നത് ഏതൊരു പൗരന്റേയും ജന്മാവകാശമാണ്. ഇത് സ്വതന്ത്രഭാരതത്തിന്റെ ഭരണഘടന ഉറപ്പു നൽകുന്നു. യു.പി.എ. സർക്കാരിന്റെ സ്വപ്നപദ്ധതിയായിരുന്ന ഭക്ഷ്യ സുരക്ഷ ബിൽ ഇന്ത്യൻ പാർലമെന്റിന്റെ ഇരുസഭകളും ഏക കണ്ഠമായി പാസ്സാക്കിയതിലൂടെ ഭക്ഷണവും പാവപ്പെട്ടവന്റെ അവകാശമായി മാറുന്നു. ഭക്ഷണം പാകം ചെയ്യാനുള്ള അരിയും, മറ്റു ധാന്യങ്ങളും സർക്കാരുകളുടെ ഔദാര്യമായിരുന്ന ഭൂതകാലത്തോട് വിട പറഞ്ഞുകൊണ്ടാണ് 82 കോടിയോളം വരുന്ന പാവപ്പെട്ടവരുടെ അവകാശമായി ഭക്ഷ്യവസ്തുക്കൾ മാറുന്ന നിയമം കേന്ദ്ര ഭക്ഷ്യ പൊതുവിതരണ മന്ത്രി കെ.വി. തോമസ് രാജ്യസഭയിലും, ലോക്സഭയിലും അവതരിപ്പിച്ച് അംഗീകാരം നേടിയത്.

ഇന്ത്യ സ്വതന്ത്രയായി 67 വർഷം പൂർത്തിയാകുമ്പോഴാണ് 67 ശതമാനം ജനങ്ങൾക്കും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്ന ഒരു നിയമനിർമാണത്തിന് ഭാരതം സാക്ഷ്യം വഹിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി റേഷൻ സംവിധാനം നിലവിലിരുന്ന കേരളം അടക്കമുള്ള 17 സംസ്ഥാനങ്ങളുടെ ആശങ്കകൾ അവസാനിപ്പിച്ച ഭേദഗതികളോടെയാണ് ബിൽ നിയമമാകുന്നത്. മുൻവർഷത്തെ ഭക്ഷ്യധാന്യ വിഹിതം എല്ലാ സംസ്ഥാനങ്ങൾക്കും ഉറപ്പുനൽകിയാണ് ഭേദഗതികളോടെ ബിൽ നിയമമാകുന്നത്.

ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ കരുതൽ ധാന്യശേഖരം രാജ്യത്തിനുണ്ട്. ഗോഡൗൺ സൗകര്യങ്ങൾ വർധിപ്പിക്കൽ, പൊതുവിതരണ സംവിധാനത്തിന്റെ ആധുനികവത്കരണം, വിതരണത്തിലെ കാര്യക്ഷമത തുടങ്ങിയ അനുബന്ധ മേഖലകളെല്ലാം സുസജ്ജമാണെന്നാണ് കേന്ദ്രഭക്ഷ്യമന്ത്രാലയം ഉറപ്പു നൽകുന്നത്.

ഭക്ഷ്യസുരക്ഷ ബില്ലിനുള്ള നടപടികൾ 2011 ജൂലൈ മാസത്തിലാണ് കേന്ദ്രമന്ത്രി സഭാസമിതി അംഗീകരിച്ചത്.

ഡിസംബറിൽ കേന്ദ്രമന്ത്രി സഭയും ബില്ലിന് അംഗീകാരം നൽകി. തുടർന്നാണ് ബിൽ പാർലമെന്റിന്റെ പരിഗണനയ്ക്കു



വന്നത്. സംസ്ഥാനസർക്കാരുകളുമായ് നടത്തിയ നിരവധി ചർച്ചകൾക്കു ശേഷം പുതുക്കിയ ബില്ലാണ് മെയ്മാസം ലോക്സഭയിൽ അവതരിപ്പിച്ചത്. ചർച്ചകൾ പൂർത്തിയാകാതിരുന്നതിനെ തുടർന്ന് ബജറ്റ് സമ്മേളനത്തിൽ വോട്ടെടുപ്പ് നടന്നില്ല. 2013 ജൂലൈ അഞ്ചാം തീയതി രാഷ്ട്രപതി ഭക്ഷ്യസുരക്ഷാ ഓർഡിനൻസ് പുറപ്പെടുവിച്ചു.

ആഗസ്റ്റ് 26 ാം തീയതി ലോക്സഭയിൽ നടന്ന ചർച്ചകൾക്കൊടുവിൽ പ്രതിപക്ഷ കക്ഷികളുടെ സഹകരണത്തോടെ ബില്ല് ഏകകണ്ഠമായി പാസ്സാകുമ്പോൾ ഒരു ചരിത്രമുഹൂർത്തത്തിലേക്കുള്ള ആദ്യ കാൽവെപ്പു നടത്തുകയായിരുന്നു ഭാരതം.

തുടർന്ന് രാജ്യസഭയിലും ബിൽ അവതരിപ്പിച്ച് പാസ്സാക്കി.

ജീവിക്കാനുള്ള അവകാശം നിയമമാകുന്നു. വിദ്യഭ്യാസം നിയമമാകുന്നു. ആരോഗ്യം നിയമത്തിന്റെ പരിധിയിലാകുന്നു. അറിയാനുള്ള അവകാശവും നിയമമാകുന്നു. ഇതിനു പിന്നാലെയാണ് പാവപ്പെട്ടവർക്കുള്ള ഭക്ഷണത്തിന് നിയമപരിരക്ഷ ലഭിക്കുന്നത്.

സ്വാതന്ത്ര്യം നേടി ആറരദശകം പിന്നിട്ടിട്ടും പട്ടിണിയും, പട്ടിണിമരണങ്ങളും ഒരു പ്രശ്നമായി തുടരുന്ന രാജ്യത്ത് ഇങ്ങനെ ഒരു നിയമം കൊണ്ടു കൊണ്ടുവരാൻ കഴിഞ്ഞത് കേന്ദ്രസർക്കാരിനെ സംബന്ധിച്ചിടത്തോളം വലിയ നേട്ടമാണ്. ബിൽ ഏകകണ്ഠമായി പാസ്സാക്കാൻ കഴിഞ്ഞത് ബില്ലിന് ലഭിച്ച ജനകീയതയുടെ അംഗീകാരം കൊണ്ടുമാത്രമാണ്. ചില ഭേദഗതികൾ അവതരിപ്പിക്കാനല്ലാതെ ബില്ലിനെ പൂർണമായ് എതിർക്കാൻ വിമർശകരും തയാറായില്ല.

> ഭക്ഷ്യസാധനങ്ങൾക്ക് അർഹരായവരെ സംസ്ഥാന സർക്കാരുകളാണ് തെരഞ്ഞെടുക്കുന്നത്. അരി കിലോഗ്രാം മുന്നു രൂപയ്ക്കും ഗോതമ്പ് കിലോഗ്രാം രണ്ടു രൂപയ്ക്കും, ചോളം, റാഗി തുടങ്ങിയ ധാന്യങ്ങൾ കിലോഗ്രാം ഒരു രൂപയ്ക്കും നൽകാനുള്ള വ്യവസ്ഥകളാണ് ബില്ല് ഉറപ്പ് നൽകുന്നത്.

പ്രതിപക്ഷത്തിന്റെ ഭേദഗതികളെ മുഖവിലയ്ക്കെടുത്ത സർക്കാർ ചില പരാതികൾക്ക് പരിഹാരം ഉറപ്പുവരുത്തുകയായിരുന്നു. കേരളം അടക്കമുള്ള 17 സംസ്ഥാനങ്ങളുടെ ആശങ്കകളാണ് ഭേദഗതിയിലൂടെ പരിഹരിക്കപ്പെട്ടത്.

പട്ടിണിയില്ലാത്ത ഇന്ത്യ ലക്ഷ്യമിടുന്ന ബില്ല് പ്രാവർത്തികമാകുമ്പോൾ ഒന്നേകാൽ ലക്ഷം കോടി രൂപയാണ് സർക്കാർ ചെലവ് പ്രതീക്ഷിക്കുന്നത്.

ഭക്ഷ്യസാധനങ്ങൾക്ക് അർഹരായവരെ സംസ്ഥാന സർക്കാരുകളാണ് തെരഞ്ഞെടുക്കുന്നത്. അരി കിലോഗ്രാം മൂന്നു രൂപയ്ക്കും ഗോതമ്പ് കിലോഗ്രാം രണ്ടു രൂപയ്ക്കും, ചോളം, റാഗി തുടങ്ങിയ ധാന്യങ്ങൾ കിലോഗ്രാം ഒരു രൂപയ്ക്കും നൽകാനുള്ള വ്യവസ്ഥകളാണ് ബില്ല് ഉറപ്പ് നൽകുന്നത്.

ഗർഭിണികൾ, പ്രസവിച്ച അമ്മ, പിറന്നുവീണ കുട്ടി, മുലയൂട്ടുന്ന അമ്മമാർ എന്നിവരുടെ പോഷകാഹാരം ബിൽ ഉറപ്പു നൽകുന്നു. ഇതിനായി അങ്കൺവാടികളെയാണ് ചുമതലപ്പെടുത്തുന്നത്. ഇന്ത്യയിലെ കോർപ്പറേറ്റുകൾ നിർമിക്കുന്ന പായ്ക്കറ്റ് ഫുഡ് ഒരു കാരണവശാലും നൽകരുതെന്ന് ബിൽ നിഷ്കർഷിക്കുന്നു. അങ്കൺവാടികളിൽ പാചകം ചെയ്യുന്ന ഭക്ഷണം ഇവർക്ക് നൽകണമെന്നതാണ് ബില്ലിൽ കൊണ്ടുവന്ന പ്രധാന ഭേദഗതിയെന്ന് ബില്ലിന് അന്തിമ രൂപം നൽകിയ കേന്ദ്രമന്ത്രി പ്രൊഫ. കെ.വി. തോമസ് ഉറപ്പിക്കുന്നു. ഭാരതത്തിൽ നിലവി ലുള്ള അന്ത്യോദയ, അന്നയോജന പദ്ധതികളെ നിലനിർത്തിക്കൊണ്ടാണ്

പുതിയ ഭക്ഷ്യസുരക്ഷ ബിൽ യാഥാർഥ്യമാകുന്നത്.

ഗർഭിണികൾക്ക് പ്രസവകാലരക്ഷയ്ക്കായി ആറുമാസം ആയിരം രൂപ വീതം നൽകാനും, ബില്ല് വ്യവസ്ഥ ചെയ്യുന്നു. ഒരു വർഷം കൊണ്ട് ബില്ല് പൂർണമായും രാജ്യത്ത് നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ആറുമാസത്തിനകം തന്നെ പകുതിയോളം സംസ്ഥാനങ്ങളിൽ ബിൽ പ്രാവർത്തികമാക്കും. ഇതിന് മുന്നോടിയായി സംസ്ഥാന ഭക്ഷ്യ മന്ത്രിമാരുടേയും, ഭക്ഷ്യ സെക്രട്ടറിമാരുടേയും യോഗം ഡൽഹിയിൽ ചേരും.

ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാകുമ്പോൾ സംസ്ഥാനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ യോഗം ചർച്ച ചെയ്യും.

നിയമം നടപ്പിലാകുമ്പോൾ 17 സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നൽകുന്നതിനേക്കാൾ അധികം ഭക്ഷ്യസാധനങ്ങൾ നൽകും. അതേ സമയം കേരളം, തമിഴ്നാട്, കർണാടക അടക്കമുള്ള സംസ്ഥാനങ്ങൾക്ക് നിലവിൽ ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളിൽ കുറവു വരും. എന്നാൽ 5000 കോടി രൂപയുടെ അധിക സബ്സിഡി നൽകി ഈ പ്രശ്നത്തിന് പരിഹാരം കാണുമെന്ന് കേന്ദ്ര ഭക്ഷ്യമന്ത്രാലയം ഉറപ്പു നൽകുന്നു.

ഭക്ഷണം ജന്മാവകാശമായി മാറുന്ന 67 ശതമാനം പാവപ്പെട്ടവർക്കും പുറത്തുള്ള 33 ശതമാനം ജനങ്ങൾക്കും ഭക്ഷ്യധാന്യങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കും.

സംസ്ഥാനസർക്കാരിന്റെ കീഴിലുള്ള പൊതുവിതരണ കേന്ദ്രങ്ങൾ വഴി ഭക്ഷ്യധാന്യങ്ങളുടെ വിതരണം സുഗമമാക്കും. പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും പദ്ധതിയുടെ മേൽനോട്ട ചുമതല. കേരളത്തിൽ കുടുംബശ്രീ പോലുള്ള സ്വയം പര്യാപ്ത ഗ്രൂപ്പുകളെയും സഹകരണ സംഘങ്ങളെയും പദ്ധതിയിൽ പങ്കാളികളാക്കും. പദ്ധതിക്കായി ധാന്യങ്ങൾ സംഭരിക്കാൻ ജില്ലാ താലൂക്ക് തലങ്ങളിൽ പുതിയ ഗോഡൗണുകൾ സംസ്ഥാന സർക്കാരിന്റെ ചുമതലയിൽ നിർമ്മിക്കുന്നതാണ്.

നാലുമാസത്തേക്ക് വരെ ധാന്യങ്ങൾ സംഭരിച്ച് സൂക്ഷിക്കാനുള്ള സംവിധാനമാണ് ഒരുക്കേണ്ടത്. ഇതിനായി കേന്ദ്രസർക്കാർ സാമ്പത്തിക സഹായം നൽകും.

ഭക്ഷ്യധാന്യങ്ങൾ കൊണ്ടുവരുന്ന

## ഭക്ഷ്യ സുരക്ഷ ബിൽ നാൾവഴികളിലൂടെ

| | |
|---|---|
| 4.6.2009 | യു.പി.എ സർക്കാരിന്റെ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തിൽ രാഷ്ട്രപതി പ്രതിഭാ പാട്ടീൽ പ്രഖ്യാപിച്ചു. |
| 5.6.2009 | ഭക്ഷ്യ സുരക്ഷ പദ്ധതിയെ സംബന്ധിച്ച ആദ്യ കരട് രേഖ സംസ്ഥാനങ്ങൾക്കും, ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങൾക്കും അയച്ചു. |
| 10.6.2009 | സംസ്ഥാന ഭക്ഷ്യ സെക്രട്ടറിമാരുമായി പ്രാഥമിക ചർച്ച |
| 11.6.2009 | ഗ്രാമവികസനം, വനിതാ-ശിശു വികസനം, മാനവ ശേഷി വികസനം എന്നീ മന്ത്രാലയങ്ങൾ ആസൂത്രണ കമ്മിഷൻ എന്നിവയുടെ പ്രതിനിധികളുമായി ചർച്ച. |
| 12.6.2009 | കൃഷി മന്ത്രിയുടെ നേതൃത്വത്തിൽ യോഗം |
| 1.7.2009 | കൃഷി, ശുദ്ധജല വിതരണം, സാമൂഹ്യ നീതി, ദാരിദ്ര്യ നിർമാർജനം, ഗ്രാമവികസനം, വനിതാ - ശിശു വികസനം, മാനവവിഭവശേഷി വികസനം, ആസൂത്രണ കമ്മിഷൻ എന്നിവയുടെ പ്രതിനിധികളുമായി ചർച്ച. |
| 14.7.2009 | നിർദിഷ്ട ഭക്ഷ്യ സുരക്ഷ നിയമം പരിശോധിക്കുന്നതിന് ഉന്നതാധികാര മന്ത്രിതല സമിതി രൂപീകരിച്ചു. (എംപവേർഡ് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് (ഈഗോം) |
| 16.11.2010 | പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതി ചെയർമാൻ ഡോ. സി. രംഗരാജന്റെ നേതൃത്വത്തിൽ പദ്ധതിയുടെ അവലോകനത്തിനായി വിദഗ്ധ കമ്മിറ്റി രൂപീകരിച്ചു. |
| 7.1.2011 | വിദഗ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രധാനമന്ത്രിക്ക് സമർപ്പിച്ചു. |
| 19.1.2011 | ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ മന്ത്രാലയങ്ങളുടെ സ്വതന്ത്ര ചുമതലയുള്ള മന്ത്രിയായി പ്രൊഫ. കെ.വി. തോമസ് ചുമതലയേറ്റു. |
| 21.1.2011 | സോണിയാ ഗാന്ധി അധ്യക്ഷയായ ദേശീയ ഉപദേശക സമിതി (NAC) അംഗീകരിച്ച ദേശീയ ഭക്ഷ്യ സുരക്ഷ ബില്ലിന്റെ കരട് പൊതുജനങ്ങളുടെ അറിവിനും നിർദേശങ്ങൾക്കുമായി പ്രസിദ്ധീകരിച്ചു. |
| 28.2.2011 | ധനകാര്യ മന്ത്രി ബജറ്റ് പ്രസംഗത്തിൽ ഭക്ഷ്യ സുരക്ഷ ബിൽ പ്രഖ്യാപിച്ചു. |
| 24.3.2011 | കരട് ബില്ലിനെ കുറിച്ചുള്ള ദേശീയ ഉപദേശക സമിതിയുടെ കുറിപ്പ് വിവിധ മന്ത്രാലയങ്ങൾക്കും സംസ്ഥാനങ്ങൾക്കും നൽകി. |
| 3.6.2011 | ഭക്ഷ്യ സുരക്ഷ ബിൽ സംബന്ധിച്ച ദേശീയ ഉപദേശക സമിതിയുടെ കരട് പൊതുജന നിർദേശങ്ങൾക്കായി വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. |
| 22.6.2011 | ദേശീയ ഉപദേശക സമിതി ഭക്ഷ്യ സുരക്ഷ ബിൽ അംഗീകരിച്ചു. |



തിനും, വിതരണം ചെയ്യുന്നതിനുമുള്ള ചെലവുകൾ നേരത്തെ സംസ്ഥാനസർക്കാരും ഉപഭോക്താക്കളുമാണ് വഹിച്ചിരുന്നത്. ഇനി ഉപഭോക്താക്കളെ ഒഴിവാക്കി ചെലവുകൾ കേന്ദ്രസംസ്ഥാന സർക്കാരുകൾ പങ്കുവെക്കും.

പൊതുവിതരണ ശൃംഖല വഴി ഭക്ഷ്യ എണ്ണയും, പയറുവർഗങ്ങളും വിതരണം ചെയ്യുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. വെളിച്ചെണ്ണയടക്കമുള്ള തദ്ദേശീയ എണ്ണകളുടെ വിതരണവും പദ്ധതി വിഭാവനം ചെയ്യുന്നു.

യു.പി.എ സർക്കാർ വിഭാവനം ചെയ്ത ഈ സ്വപ്ന പദ്ധതി യാഥാർഥ്യമാവുമ്പോൾ രാജ്യത്തിന് വൻ ഭാരമാവുമെന്ന ആക്ഷേപവും ഉയരുന്നുണ്ട്. ജനങ്ങൾക്ക് ഭക്ഷണം



| | |
|---|---|
| 11.7.2011 | പരിഷ്ക്കരിച്ച നിർദിഷ്ട ഭക്ഷ്യ സുരക്ഷ ബില്ലിന്റെ കരട് രൂപം കേന്ദ്ര നിയമ നിർമാണ വകുപ്പിന് കൈമാറാൻ തീരുമാനിച്ചു. തുടർന്ന് സംസ്ഥാനങ്ങൾക്ക് അയച്ചു കൊടുത്തു. |
| 19.8.2011 | കരട് ബിൽ സംസ്ഥാന സെക്രട്ടറിമാർക്ക് അയച്ചു. |
| 9.9.2011 | കരട് ഭക്ഷ്യ സുരക്ഷ ബിൽ പൊതു ജനങ്ങളുടെ നിർദേശങ്ങൾക്കായി വീണ്ടും പ്രസിദ്ധപ്പെടുത്തി. |
| 17.11.2011 | ദേശീയ ഭക്ഷ്യ സുരക്ഷ ബിൽ പാർലമെന്റിൽ അവതരിപ്പിക്കുന്നതിനായുള്ള ക്യാബിനറ്റ് കുറിപ്പ് ബന്ധപ്പെട്ട മന്ത്രാലയങ്ങൾക്ക് അവരുടെ അഭിപ്രായ നിർദേശങ്ങൾക്കായി നൽകി. |
| 18.12.2011 | ദേശീയ ഭക്ഷ്യ സുരക്ഷ ബിൽ പാർലമെന്റിൽ അവതരിപ്പിക്കുന്നതിന് മുന്നോടിയായുള്ള കുറിപ്പ് മന്ത്രി സഭാ യോഗം അംഗീകരിച്ചു. |
| 22.12.2011 | ദേശീയ ഭക്ഷ്യ സുരക്ഷ ബിൽ 2011 ൽ ലോക്സഭയിൽ അവതരിപ്പിച്ചു. |
| 05.01.2012 | ദേശീയ ഭക്ഷ്യ സുരക്ഷ ബിൽ ലോക്സഭ സ്പീക്കർ ഭക്ഷ്യ പൊതുവിതരണ സ്റ്റാന്റിങ് കമ്മിറ്റിക്ക് വിട്ടു. |
| 30.01.2013 | കേന്ദ്രത്തിലെ വിവിധ വകുപ്പുകളുമായി ചർച്ച |
| 13.2.2013 | വിവിധ സംസ്ഥാന ഭക്ഷ്യ മന്ത്രിമാരുടേയും ഭക്ഷ്യ സെക്രട്ടറിമാരുടേയും യോഗം. |
| 17.2.2013 | സ്റ്റാന്റിങ് കമ്മിറ്റിയുടെ റിപ്പോർട്ട് ലോക്സഭ സ്പീക്കർക്ക് സമർപ്പിച്ചു. |
| 28.2.2013 | സ്റ്റാന്റിങ് കമ്മിറ്റിയുടെ ശുപാർശകളുടെയും, നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ കേന്ദ്ര ഭക്ഷ്യ മന്ത്രാലയം ഭേദഗതി ചെയ്ത ദേശീയ ഭക്ഷ്യ സുരക്ഷ ബിൽ 2011 ന്റെ കരട് പത്രിക മറ്റ് വകുപ്പുകളുടെ/ മന്ത്രാലയങ്ങളുടെ നിർദ്ദേശങ്ങൾക്കുവേണ്ടി അയച്ചു. |
| 13.03.2013 | ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ/മന്ത്രാലയങ്ങളുടെ പ്രതികരണങ്ങളോടു കൂടിയ ദേശീയ ഭക്ഷ്യ സുരക്ഷ ബിൽ 2011 ന്റെ കരട് പത്രിക ക്യാബിനറ്റ് സെക്രട്ടറിയേറ്റിന് സമർപ്പിച്ചു. |
| 19.3.2013 | പരിഷ്ക്കരിച്ച ദേശീയ ഭക്ഷ്യ സുരക്ഷ ബിൽ 2011 കേന്ദ്ര മന്ത്രി സഭായോഗം അംഗീകരിച്ചു. |
| 20.03.2013 | പരിഷ്ക്കരിച്ച ഭക്ഷ്യ സുരക്ഷ ബിൽ 2011 പാർലമെന്റിൽ അവതരിപ്പിക്കുന്നതിനായി രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചു. തുടർന്ന് പാർലമെന്റിൽ അവതരിപ്പിക്കുന്നതിനായി ബിൽ ലോക്സഭാ സെക്രട്ടറി ജനറലിന് സമർപ്പിച്ചു. |
| 21.03.2013 | ഭക്ഷ്യ സുരക്ഷ ബിൽ പാർലമെന്റിൽ അവതരിപ്പിക്കുന്നതിനുള്ള അനുമതി ലോക്സഭയുടെ കാര്യപരിപാടിയുടെ അജണ്ടയിൽ ഉൾപ്പെടുത്തി. ബഹളം മൂലം സഭ നടക്കാതിരുന്നതിനെ തുടർന്ന് ബിൽ ചർച്ചയ്ക്ക് എടുക്കാൻ കഴിഞ്ഞില്ല. |
| 02.05.2013 | പാർലമെന്റിന്റെ ബജറ്റ് സമ്മേളനം അവധിക്ക് ശേഷം പുനഃർ സമ്മേളിച്ചപ്പോൾ അഞ്ച്, ആറ്, ഏഴ്, എട്ട് തീയതികളിൽ വീണ്ടും സഭയുടെ പരിഗണനയ്ക്കു വന്നെങ്കിലും ബഹളം മൂലം ചർച്ച ചെയ്യാൻ സാധിച്ചില്ല. |
| 04.06.2013 | ഭക്ഷ്യ സുരക്ഷ ബിൽ ഓർഡിനൻസ് രൂപത്തിൽ നടപ്പാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയ ഭക്ഷ്യ സുരക്ഷ ഓർഡിനൻസ്, 2013 ന്റെ കരട് രൂപം ക്യാബിനറ്റ് സെക്രട്ടറിയേറ്റിന് സമർപ്പിച്ചു. |
| 13.06.2013 | ദേശീയ 'ഭക്ഷ്യ സുരക്ഷ ഓർഡിനൻസ്, 2013' ന്റെ കരട് രൂപം 2013 ജൂൺ 13 ലെ മന്ത്രിസഭാ യോഗത്തിലെ കാര്യപരിപാടിയുടെ അജണ്ടയിൽ ഉൾപ്പെടുത്തിയെങ്കിലും മാറ്റി വെച്ചു. |
| 03.07.2013 | ദേശീയ 'ഭക്ഷ്യ സുരക്ഷ ഓർഡിനൻസ്, 2013 ന്റെ കരട് പത്രിക കേന്ദ്രമന്ത്രി സഭ അംഗീകരിക്കുകയും രാഷ്ട്രപതിയുടെ അനുമതിക്കായി ശുപാർശ ചെയ്യുകയും ചെയ്തു. |
| 05.07.2013 | 'ദേശീയ ഭക്ഷ്യ സുരക്ഷ ഓർഡിനൻസ് 2013' രാഷ്ട്രപതി ഒപ്പു വെച്ചു, പ്രസിദ്ധപ്പെടുത്തി. |
| 26.08.2013 | ദേശീയ ഭക്ഷ്യ സുരക്ഷ ബിൽ ലോക്സഭ ഏകകണ്ഠമായി പാസ്സാക്കി ■ |

ഉറപ്പുവരുത്തുന്നതിന് എത്ര പണം ചെലവഴിക്കേണ്ടി വന്നാലും അതൊന്നും അധികമാവില്ല. ഇന്ത്യയിൽ ദാരിദ്ര്യനിർമാർജനത്തിനായ് ആവിഷ്ക്കരിച്ച പദ്ധതികളിൽ പലതും ലക്ഷ്യത്തിലെത്തിയില്ല. അതുകൊണ്ടു തന്നെ ഭക്ഷ്യസുരക്ഷ പദ്ധതിയുടെ കാര്യത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഭാഗത്തു നിന്ന് കൂടുതൽ കരുതൽ ഉണ്ടായേ മതിയാകൂ. പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ അർഹരുടെ കൈകളിൽ തന്നെയാണ് എത്തിയതെന്ന് ഉറപ്പാക്കാൻ നമുക്കു കഴിയണം. പദ്ധതി നടപ്പിലാക്കുമ്പോൾ വരുന്ന പോരായ്മകൾക്ക് ചർച്ചകളിലൂടെ പരിഹാരം കാണാൻ സർക്കാരുകളും, പ്രതിപക്ഷവും ശ്രമിക്കണം.

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷമുള്ള കുറേ വർഷങ്ങളിൽ ഇന്ത്യ ഭക്ഷ്യധാന്യങ്ങൾക്കായ് മറ്റു രാജ്യങ്ങളെയാണ് ആശ്രയിച്ചത്. ഇന്ന് ഭക്ഷ്യ ഉത്പാദനത്തിൽ ഇന്ത്യ സ്വയം പര്യാപ്തമാണ്. എന്നാൽ ഇതിന്റെ ഫലം ലഭിക്കാത്ത ജനവിഭാഗങ്ങൾ ഇപ്പോഴും ഭാരതത്തിൽ ഉണ്ടെന്നുള്ളത് ഒരു യാഥാർഥ്യമാണ്. അതുകൊണ്ടാണ് ഭക്ഷ്യസുരക്ഷയ്ക്കായി നമുക്ക് ഒരു നിയമനിർമാണം നടത്തേണ്ടി വന്നത്. അത് സാർഥകമായി നടപ്പിലാക്കണം.

**നിയമം നടപ്പിലാകുമ്പോൾ 17 സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നൽകുന്നതിനേക്കാൾ അധികം ഭക്ഷ്യസാധനങ്ങൾ നൽകും. അതേ സമയം കേരളം, തമിഴ്നാട്, കർണാടക അടക്കമുള്ള സംസ്ഥാനങ്ങൾക്ക് നിലവിൽ ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളിൽ കുറവു വരും. എന്നാൽ 5000 കോടി രൂപയുടെ അധിക സബ്സിഡി നൽകി ഈ പ്രശ്നത്തിന് പരിഹാരം കാണുമെന്ന് കേന്ദ്രഭക്ഷ്യമന്ത്രാലയം ഉറപ്പു നൽകുന്നു.**



### ദേശീയ ഭക്ഷ്യ സുരക്ഷ നിയമം സവിശേഷതകൾ

- ഒരാൾക്ക് പ്രതിമാസം അഞ്ചു കിലോ ഭക്ഷ്യധാന്യങ്ങൾ. അരി കിലോക്ക് 3 രൂപക്കും, ഗോതമ്പ് 2 രൂപക്കും, മറ്റ് ധാന്യങ്ങൾ ഒരു രൂപക്കും നൽകുന്നു.
- അന്ത്യോദയ അന്നയോജന വിഭാഗക്കാർക്ക് നിലവിലുള്ളതുപോലെ 35 കിലോ ഭക്ഷ്യ ധാന്യങ്ങൾ.
- ഗ്രാമപ്രദേശത്തെ 75 ഉം, നഗരങ്ങളിലെ 50 ശതമാനവും ജനങ്ങൾ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതിക്ക് കീഴിൽ (ഗ്രാമങ്ങളിലെ 63 കോടിയും, നഗരങ്ങളിലെ 18 കോടിയും ജനങ്ങൾ).
- ഗർഭിണികൾക്ക് പ്രതിമാസം 1000/ രൂപ വീതം ആറ് മാസം പ്രത്യേക സഹായധനം.
- അർഹരെ കണ്ടെത്തേണ്ട ചുമതല സംസ്ഥാന സർക്കാരുകൾക്ക്
- ആറു മാസം മുതൽ മൂന്നു വയസ്സുവരെയുള്ള കുട്ടികൾക്ക് അംഗൻവാടി വഴി പോഷകമൂല്യമുള്ള സൗജന്യ ഭക്ഷണം
- മൂന്നു മുതൽ ആറു വയസ്സ് വരെയുള്ള കുട്ടികൾക്ക് പ്രഭാത ലഘു ഭക്ഷണവും, പാചകം ചെയ്ത പോഷകമൂല്യമുള്ള ചൂടുള്ള ഭക്ഷണവും.
- ആറു മുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് സ്കൂളുകളിൽ ഉച്ച ഭക്ഷണം
- ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും വീട്ടിൽ കൊണ്ടുപോകാവുന്ന ഭക്ഷണം.
- പ്രായപൂർത്തിയായ സ്ത്രീ റേഷൻ കാർഡിലെ ആദ്യപേരുകാരി.
- പദ്ധതി പരിശോധനാ സമിതികളിൽ സ്ത്രീകൾക്കും, പട്ടികവിഭാഗക്കാർക്കും പ്രാതിനിധ്യം.
- പൊതുവിതരണത്തിന് പ്രതിവർഷം 612. 3 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ
- പ്രതിവർഷം 1,24,747 കോടി രൂപയുടെ ഭക്ഷ്യ സബ്സിഡി
- ഭക്ഷ്യ ധാന്യ വിതരണ പരാതി പരിശോധിക്കാൻ ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര സെൽ
- പൊതുവിതരണ മേഖലയിൽ സമ്പൂർണ കമ്പ്യൂട്ടർവത്ക്കരണം
- ഭക്ഷ്യധാന്യ വിതരണത്തിന് കുറ്റമറ്റ സംവിധാനം
- സംസ്ഥാന തലത്തിൽ ഭക്ഷ്യ കമ്മിഷൻ
- പദ്ധതിയിൽ മൂന്നു വർഷം വരെ, പ്രത്യേകിച്ച് ഭക്ഷ്യ ധാന്യങ്ങളുടെ വിലയിൽ മാറ്റം പാടില്ല.
- സംസ്ഥാനങ്ങൾക്ക് നിലവിലുള്ള അളവിൽ ഭക്ഷ്യധാന്യങ്ങൾ തുടർന്നും ലഭിക്കും. ■



അഷ്റഫ് കാവിൽ

ഒക്ടോബർ 1
ലോക വയോജനദിനം

# സന്തുഷ്ടവാർധക്യം സ്വന്തം വീട്ടിൽ

**'മുതിർന്ന പൗരന്മാരുടെ സംസ്ഥാന നയ'ത്തിലൂടെ, സാമൂഹികക്ഷേമ രംഗത്ത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് കേരളം വീണ്ടും മാതൃകയാകുകയാണ്.**

ജീവിതത്തിലെ സായംകാലം സന്തോഷത്തോടെയും മനഃസമാധാനത്തോടെയും സ്വന്തം വീട്ടിൽ കുടുംബാംഗങ്ങളോടൊപ്പം ചെലവിടാൻ ഓരോ വ്യക്തിയും ആഗ്രഹിക്കുന്നു. ശാന്തവും സ്വസ്ഥവുമായ ജീവിതം പ്രായമായവരുടെ അവകാശം കൂടിയാണ്. അത് നിറവേറ്റേണ്ടതാകട്ടെ കുടുംബാംഗങ്ങളുടെ കടമയുമാണ്. എന്നാൽ, ഒരു ജീവിതകാലം മുഴുവൻ സ്വന്തം സുഖസൗകര്യങ്ങൾ പോലും ത്യജിച്ച്, മക്കളുടെ ക്ഷേമൈശ്വര്യങ്ങൾക്കുവേണ്ടി മാത്രം ജീവിച്ച അച്ഛനമ്മമാർ വാർധക്യത്തിലെത്തുന്നതോടെ ഇന്ന് വീടുകളിൽ അവഗണിക്കപ്പെടുകയാണ്. വൃദ്ധയായ അമ്മയെ പട്ടിക്കൂടിന് സമീപത്തെ ഷെഡ്ഡിൽ താമസിപ്പിച്ച മക്കളും (വട്ടിയൂർക്കാവ്), ക്രൂരമായി മർദിച്ചശേഷം 91 വയസ്സുള്ള അച്ഛനെ തെരുവിൽ തള്ളിയ മകനും (കലഞ്ഞൂർ), 80 വയ

സ്സുള്ള അമ്മയെ റെയിൽവേ സ്റ്റേഷനിൽ ഉപേക്ഷിച്ച മകനും (കണ്ണൂർ), തൊണ്ണൂറ് കഴിഞ്ഞ പെറ്റമ്മയെ ആട്ടിൻ തൊഴുത്തിൽ കിടത്തിയ മക്കളും (കുളത്തുപ്പുഴ), മനുഷ്യമനഃസാക്ഷിയെ നടുക്കുംവിധം മാധ്യമ വാർത്തകളിൽ നിറഞ്ഞ നാടാണ് കേരളം. എന്തിനേറെ? 71 വയസ്സുള്ള സ്വന്തം അമ്മ വീട്ടിൽ മരിച്ചുകിടന്ന വിവരം മക്കളറിയാൻ ഒന്നരമാസമെടുത്ത സംഭവം പോലും (മാവേലിക്കര) നമ്മുടെ സംസ്ഥാനത്തുണ്ടായി!

## തലനരയ്ക്കുന്ന കേരളം

ഇന്ത്യയിൽ വയോജനങ്ങളുടെ എണ്ണം ഓരോ വർഷവും കൂടുകയാണ്. 1961 ൽ 60 വയസ് കഴിഞ്ഞവരുടെ എണ്ണം 25.6 ദശലക്ഷം മാത്രമായിരുന്നുവെങ്കിൽ 1991 ൽ അത് 56.7 ദശലക്ഷമായി ഉയർന്നു. അതായത് 30 വർഷം കൊണ്ട് രാജ്യത്ത് വയോജനങ്ങളുടെ എണ്ണത്തിലുണ്ടായ വർധനവ് ഇരട്ടിയിലധികമാണ്. യു.എൻ. പോപ്പുലേഷൻ ഫണ്ട് ഏജൻസിയുടെ ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ ഇന്നത്തെ വൃദ്ധജനസംഖ്യ ഒൻപതു കോടിയാണ്. 2050 ൽ ഇത് 31.50 കോടിയായി ഉയരും. എന്നുവെച്ചാൽ 37 വർഷം കൊണ്ട് ഇന്ത്യയിൽ 60 വയസ്സിന് മേൽ പ്രായമുള്ളവരുടെ എണ്ണത്തിൽ 360 ശതമാനത്തിന്റെ വർധനവുണ്ടാകും എന്നർത്ഥം! അതോടെ വയോജനസംഖ്യയുടെ കാര്യത്തിൽ ഇന്ത്യ ചൈനയെ മറികടക്കുമെന്നാണ് കണക്ക്.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച്, വയോജനങ്ങളുടെ എണ്ണം ദ്രുതഗതിയിൽ വർധിക്കുന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് വയോജനങ്ങൾ 1961 ൽ ആകെ ജനസംഖ്യയുടെ 5.83 ശതമാനവും (ഏതാണ്ട് ഒൻപതു ലക്ഷം) 1991 ൽ 8.82 ശതമാനവും ആയിരുന്നുവെങ്കിൽ 2001 ൽ അത് 9.79 ശതമാനം (25 ലക്ഷം) ആയി ഉയർന്നു. പുതിയ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം മലയാളിയുടെ ശരാശരി ആയുസ്സ് 72 വയസ്സാണ്. ഇപ്പോൾ കേരളത്തിൽ ജനസംഖ്യയുടെ 12.2 ശതമാനവും 60 വയസ്സിന് മുകളിൽ പ്രായമുള്ളവരാണ്. 2061 ൽ ഇത് 40 ശതമാനമായി ഉയരും.

വയോജനങ്ങളുടെ എണ്ണം കൂടുന്നതനുസരിച്ച് അവർ അനുഭവിക്കുന്ന ശാരീരികവും മാനസികവുമായ പ്രശ്നങ്ങളും വർധിക്കുകയാണ്. വലിയൊരു വിഭാഗം വയോജനങ്ങളും സ്വന്തം കുടുംബത്തിൽ നിന്നുതന്നെയുള്ള അവഗണനയും പീഡനവും സഹിച്ച് ദുരിതജീവിതം തള്ളിനീക്കുകയാണ്. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ 'ഹെൽപ്പേജ് ഇന്ത്യ' എന്ന സംഘടന നടത്തിയ ഏറ്റവും പുതിയ പഠനത്തിന്റെ റിപ്പോർട്ട് പ്രകാരം, പ്രായമായവരിൽ 79 ശതമാനം പേർക്കും വീട്ടിൽ യാതൊരുവിധ പരിഗണനയും ബഹുമാനവും കിട്ടുന്നില്ല. 69 ശതമാനം വയോജനങ്ങൾ സ്വന്തം വീട്ടിൽ കടുത്ത അവഗണന അനുഭവിക്കുന്നവരാണ്. ബന്ധുക്കളുടെ ശകാരവും പുച്ഛവും കലർന്ന വാക്കുകൾ മൂലം മാനസികമായി മുറിവേൽക്കുന്നവരാണ് 76 ശതമാനം പേർ. മുതിർന്നവരിൽ 39 ശതമാനം പേർ ശാരീരികപീഡനങ്ങൾക്കും വിധേയരാകുന്നു. ദിവസവും ഇത്തരം പീഡനങ്ങൾക്ക് ഇരകളാകുന്ന വയോജനങ്ങൾ 35 ശതമാനം വരും.

വൃദ്ധരായ മാതാപിതാക്കളെ പീഡിപ്പിക്കുന്നതിൽ മുൻപിൽ മരുമക്കളാണെന്ന് പഠനം പറയുന്നു. വൃദ്ധമാതാപിതാക്കളിൽ 39 ശതമാനം പേർ മരുമക്കളുടെയും 38 ശതമാനം പേർ സ്വന്തം മകന്റെയും പീഡനങ്ങൾക്ക് വിധേയരാകുന്നു. അതിക്രമങ്ങൾക്കിരയാകുന്ന 70 ശതമാനം വൃദ്ധരും ഇക്കാര്യം പുറത്തു പറയുന്നില്ല. അതുകൊണ്ടുതന്നെ പീഡനങ്ങൾ പലപ്പോഴും മുറിയുടെ നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങുകയാണ്.

## വീടിറങ്ങുന്ന വൃദ്ധർ

കുടുംബാംഗങ്ങളുടെ പീഡനം അസഹനീയമാകുമ്പോൾ സ്വന്തം വീടുവിട്ടിറങ്ങുന്ന വയോജനങ്ങളുടെ നാടായി 'ദൈവത്തിന്റെ സ്വന്തം നാട്' മാറുകയാണോ? ജോലിത്തിരക്കും വീട്ടിൽ സംരക്ഷിക്കാൻ കഴിയാത്തതിന്റെ മറ്റ് ചില കാരണങ്ങളും പറഞ്ഞ്, പ്രായമായ മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ എത്തിക്കുന്ന മക്കളുടെ എണ്ണവും വർധിക്കുകയാണ്. തത്ഫലമായി കേരളത്തിൽ വൃദ്ധമന്ദിരങ്ങളുടെ എണ്ണം ദിനംപ്രതി കൂടിക്കൊണ്ടിരിക്കുന്നു. 'ഹെൽപ്പേജ് ഇന്ത്യ'യുടെ പഠനറിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ഏറ്റവും കൂടുതൽ വൃദ്ധമന്ദിരങ്ങൾ പ്രവർത്തിക്കുന്ന സംസ്ഥാനം കേരളമാണ്. 2011 ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ നാന്നൂറോളം വരുന്ന വൃദ്ധസദനങ്ങളിലായി പതിനായിരത്തോളം വയോജനങ്ങളാണ് കഴിയുന്നത്. സംരക്ഷിക്കാൻ ബാധ്യതപ്പെട്ട മക്കളും ബന്ധുക്കളും ഉണ്ടായിട്ടും വൃദ്ധമന്ദിരങ്ങളുടെ നാലുചുവരുകൾക്കുള്ളിൽ ഏകാന്ത വിരസമായ ജീവിതം തള്ളിനീക്കേണ്ടിവരുന്ന അച്ഛനമ്മമാരുടെ അവസ്ഥ ദയനീയമാണ്. ഒടുവിൽ ബന്ധുക്കളാരും തിരിഞ്ഞു



നോക്കാനില്ലാതെ, പൊതുശ്മശാനത്തിൽ എരിഞ്ഞടങ്ങാൻ വിധിക്കപ്പെട്ട ജന്മങ്ങളായി വയോജനങ്ങൾ മാറുകയാണ്.

ഇവിടെയാണ്, 60 വയസ്സ് തികഞ്ഞവരുടെ ക്ഷേമവും അവകാശ സംരക്ഷണവും ലക്ഷ്യമാക്കി കേരള സർക്കാർ രൂപം നൽകിയ പുതിയ 'മുതിർന്ന പൗരന്മാരുടെ സംസ്ഥാന നയ'ത്തിന്റെ പ്രസക്തി. 'സ്വഗൃഹത്തിൽ വാർധക്യകാലം' എന്ന തത്വം മുന്നോട്ടുവെക്കുന്നു എന്നതാണ് ഈ നയത്തിന്റെ ഏറ്റവും വലിയ സവിശേഷത. വാർധക്യത്തിൽ ഏതൊരാളും സ്വന്തം കുടുംബത്തിൽ തന്നെ ജീവിക്കണമെന്നും, മറ്റൊരു മാർഗവുമില്ലാതെ വരുമ്പോൾ മാത്രമേ ഒരാളെ വൃദ്ധമന്ദിരത്തിലേക്ക് അയയ്ക്കാവൂ എന്നും നയം പ്രഖ്യാപിക്കുന്നു. മുതിർന്ന പൗരന്മാരടെ സാമൂഹിക സുരക്ഷയ്ക്കുള്ള അടിസ്ഥാന യൂണിറ്റായി നയം പരിഗണിക്കുന്നത് കുടുംബത്തെയാണ്. വയോജനങ്ങൾക്ക് അവരുടെ വീട്ടിൽതന്നെ ശ്രദ്ധയും പരിചരണവും ആരോഗ്യസംരക്ഷണവും സാമ്പത്തിക സുരക്ഷയും നൽകുന്നതിന് നയം ഊന്നൽ നൽകുന്നു. വയോജന സംരക്ഷണമെന്ന കടമ നിറവേറ്റുന്നതിൽ കുടുംബാംഗങ്ങളുടെ താത്പര്യവും കഴിവും വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് നയം ഉറപ്പു നൽകുന്നു.

90 ശതമാനം മാതാപിതാക്കളും പ്രായമാകുമ്പോൾ സ്വന്തം മക്കളോടൊപ്പം വീട്ടിൽ തന്നെ താമസിക്കുകയും മക്കൾ അവരുടെ സംരക്ഷണം ഏറ്റെടുക്കുകയും ചെയ്യുന്ന മാതൃകാപരമായ കുടുംബാന്തരീക്ഷമാണ് കേരളത്തിലുണ്ടായിരുന്നത്. എന്നാൽ കൂട്ടുകുടുംബങ്ങളുടെ തകർച്ച, അണുകുടുംബങ്ങളുടെ വളർച്ച, മക്കളുടെ വിദേശരാജ്യങ്ങളിലെ തൊഴിൽ തുടങ്ങിയ ഘടകങ്ങൾ വീടുകളിൽ വൃദ്ധരായ മാതാപിതാക്കൾ സംരക്ഷണം ലഭിക്കാതെ ഒറ്റപ്പെടുന്നതിന് കാരണമായി. തലമുറകൾ തമ്മിലുള്ള വിടവും സംഘർഷവും പ്രശ്നത്തിന്റെ തീവ്രത വർധിപ്പിച്ചു. ഈ യാഥാർഥ്യം തിരിച്ചറിഞ്ഞ് പ്രശ്നപരിഹാരത്തിനുള്ള നിരവധി നടപടികളാണ് നയം മുന്നോട്ടു വെക്കുന്നത്. വിദ്യാർഥികളിലും യുവാക്കളിലും കുടുംബ ബന്ധങ്ങൾക്ക് വിലകൊടുക്കുന്ന മാനസികാവസ്ഥയും ധാർമികവും സാംസ്കാരികവുമായ മൂല്യബോധവും വളർത്തിയെടുക്കുന്നതിനും സ്കൂൾ-കോളേജ് പാഠ്യപദ്ധതികളിൽ വയോജനസംരക്ഷണം ഉൾപ്പെടുത്തുകയും ബോധവത്കരണ പരിപാടികൾസംഘടിപ്പിക്കുകയും ചെയ്യും. സ്കൂൾ-കോളേജ് തലങ്ങളിൽ വർഷത്തിൽ മൂന്ന് പ്രാവശ്യം മുതിർന്നവരും കുട്ടികളും തമ്മിൽ കൂടിച്ചേരാനും ആശയവിനിമയം നടത്താനും ഉതകുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കും.

### വയോജനവാർഡുകളും ഹോം നഴ്സുമാരും

മുതിർന്ന പൗരന്മാർ അനുഭവിക്കുന്ന മുഖ്യപ്രശ്നങ്ങളിൽ ഒന്ന് വാർധക്യകാല രോഗങ്ങൾ തന്നെയാണ്. അതുകൊണ്ടു തന്നെ, വയോജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് മുന്തിയ പരിഗണനയാണ് നയം നൽകുന്നത്. മുതിർന്ന പൗരന്മാർക്ക് മികച്ച ആരോഗ്യസേവനം നൽകുന്നതിന് താലൂക്ക് ആശുപത്രി തലംവരെ പ്രത്യേക വയോജന വാർഡുകളാരംഭിക്കും. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾമുതൽ മെഡിക്കൽ കോളേജ് ആശുപത്രികൾ വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും വയോജന ചികിത്സയ്ക്ക് പ്രത്യേകം സൗകര്യങ്ങളൊരുക്കും. ഇവിടെ, വയോജന ചികിത്സയിൽ പരിശീലനം നേടിയ മെഡിക്കൽ-പാരാമെഡിക്കൽ ജീവനക്കാരുടെ സേവനവും ലഭ്യമാക്കും. ഈ സൗകര്യങ്ങൾ സ്വകാര്യ ആശുപത്രികളിൽക്കൂടി ഏർപ്പെടുത്തുന്നതിനും അവിടെ മൊത്തം ശേഷിയുടെ പത്ത് ശതമാനമെങ്കിലും വൃദ്ധചികിത്സയ്ക്കായി നീക്കിവെക്കുന്നതിനും, ജറിയാട്രിക് വാർഡുകൾ ആരംഭിക്കുന്നതിനും സ്വകാര്യ ആശുപത്രി അധികൃതരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കും.

> 90 ശതമാനം മാതാപിതാക്കളും പ്രായമാകുമ്പോൾ സ്വന്തം മക്കളോടൊപ്പം വീട്ടിൽ തന്നെ താമസിക്കുകയും മക്കൾ അവരുടെ സംരക്ഷണം ഏറ്റെടുക്കുകയും ചെയ്യുന്ന മാതൃകാപരമായ കുടുംബാന്തരീക്ഷമാണ് കേരളത്തിലുണ്ടായിരുന്നത്. എന്നാൽ കൂട്ടുകുടുംബങ്ങളുടെ തകർച്ച, അണുകുടുംബങ്ങളുടെ വളർച്ച, മക്കളുടെ വിദേശരാജ്യങ്ങളിലെ തൊഴിൽ തുടങ്ങിയ ഘടകങ്ങൾ വീടുകളിൽ വൃദ്ധരായ മാതാപിതാക്കൾ സംരക്ഷണം ലഭിക്കാതെ ഒറ്റപ്പെടുന്നതിന് കാരണമായി.

രണ്ടര ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള മുതിർന്ന പൗരന്മാർക്ക് സർക്കാർ ആശുപത്രികളിൽ മരുന്ന് സൗജന്യമായി നൽകും. ജില്ലാ/ജനറൽ ആശുപത്രികളിൽ പ്രത്യേക വയോജനാരോഗ്യ ക്ലിനിക്കുകൾ ആരംഭിക്കും. സാമ്പത്തികമായി പാവപ്പെട്ട വയോജനങ്ങൾക്ക് സൗജന്യമായി ഡയാലിസിസിന് സൗകര്യം ലഭ്യമാക്കുന്നതിന്, സന്നദ്ധസംഘടനകൾക്ക് സഹായം നൽകും. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി സഞ്ചരിക്കുന്ന ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിക്കും. രോഗം വന്ന് കിടപ്പിലായ മുതിർന്ന പൗരന്മാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പാലിയേറ്റീവ് പരിചരണ പദ്ധതി നടപ്പാക്കും. ഇതിനായി സൗജന്യ പരിശീലനം നൽകി, യുവതി-യുവാക്കളെ ഹോം നേഴ്സുമാരായി നിയമിക്കും. ശയ്യാവലംബികളായ വയോജനങ്ങളെ, വീടുകളിൽ നേരിട്ട് ചെന്ന് പരിപാലിക്കുന്നതിന് കേരള സാമൂ



ഹികസുരക്ഷാ മിഷൻ നടപ്പാക്കുന്ന 'വയോമിത്രം' പദ്ധതി എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുകയും സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ ഒരു 'പാലിയേറ്റീവ് കെയർ നെറ്റ്‌വർക്ക്' ആരംഭിക്കുകയും ചെയ്യും. മുതിർന്ന പൗരന്മാരിൽ പോഷകാഹാരക്കുറവിന്റെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അംഗൻവാടികൾ വഴി പ്രത്യേക പോഷകാഹാരവിതരണ പരിപാടി ആവിഷ്കരിക്കുന്നതിനും നയത്തിൽ നിർദേശമുണ്ട്.

രോഗചികിത്സയ്ക്കു വേണ്ടിവരുന്ന ഭാരിച്ച സാമ്പത്തിക ചെലവാണ് മുതിർന്ന പൗരന്മാരെ അലട്ടുന്ന മറ്റൊരു പ്രശ്നം. ഇത് പരിഹരിക്കുന്നതിന് നയത്തിൽ സുപ്രധാനമായ നിർദേശങ്ങളുണ്ട്. വൈദ്യപരിശോധന, മരുന്ന്, ശ്രവണ സഹായികൾ, കണ്ണടകൾ, നടക്കാനും മറ്റും ഉപയോഗിക്കുന്ന ഉപകരണങ്ങൾ തുടങ്ങിയവ മുതിർന്നവർക്ക് സൗജന്യമായി ലഭ്യമാക്കുന്നതിന് 'ആരോഗ്യസേവന പാക്കേജി'ന് രൂപം നൽകും. പാവപ്പെട്ട വൃദ്ധരോഗികളുടെ ചികിത്സയ്ക്ക് ധനസഹായം നൽകുന്നതിനും ചികിത്സാ ചെലവിൽ ഇളവ് അനുവദിക്കുന്നതിനുമുള്ള ഒരു ദുരിതാശ്വാസ ഫണ്ട് രൂപവത്കരിക്കാൻ സ്വകാര്യ ആശുപത്രികളോട് ആവശ്യപ്പെടും. ജോലിയിൽ നിന്ന് വിരമിച്ചതിനുശേഷമുള്ള ചികിത്സാച്ചെലവുകൾ കണ്ടെത്തുന്നതിനും ആരോഗ്യ ഇൻഷുറൻസ് പ്രീമിയം ഒടുക്കുന്നതിനും സഹായകരമായ ഒരു 'ആരോഗ്യ ഇൻഷുറൻസ് പദ്ധതി' ആവിഷ്കരിക്കുമെന്ന പ്രഖ്യാപനം, സർക്കാർ സേവനത്തിൽ നിന്നും മറ്റും വിരമിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് ഏറെ ആശ്വാസം നൽകുന്നതാണ്.

## പൊതു ഇടങ്ങളിൽ സംവരണം

പൊതു ഇടങ്ങളും പൊതു സ്ഥലങ്ങളിലെ സൗകര്യങ്ങളും പലപ്പോഴും വയോജന സൗഹൃദപരമല്ലെന്നത് യാഥാർഥ്യമാണ്. അതിന്റെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരാണ് വൃദ്ധജനങ്ങൾ. ഇത് പരിഹരിക്കുന്നതിനായി പൊതുനിരത്തുകളിൽ മുതിർന്നവർക്ക് തടസ്സരഹിതവും സുരക്ഷിതവുമായി സഞ്ചരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുമെന്ന് നയം പറയുന്നു. ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ, പാർക്കുകൾ, ആരാധനാലയങ്ങൾ, സർക്കാർ-അർധ സർക്കാർ സ്ഥാപനങ്ങൾ, ഷോപ്പിങ് മാളുകൾ തുടങ്ങി മുതിർന്നവരും വികലാംഗരുമെത്തുന്ന എല്ലാ പൊതു ഇടങ്ങളിലും വയോജന സൗഹൃദപരമായ സൗകര്യങ്ങളും തടസ്സരഹിതമായ സഞ്ചാരവും ഉറപ്പുവരുത്തും. ഇത്തരം പൊതു കേന്ദ്രങ്ങളിൽ നിശ്ചിത ശതമാനം ഇരിപ്പിടങ്ങൾ അവർക്ക് സംവരണം ചെയ്യും. ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താത്ത സ്ഥാപനമേധാവികൾക്കും വയോജനങ്ങൾക്കായി സംവരണം ചെയ്ത സൗകര്യങ്ങൾ അനർഹമായി ഉപയോഗിക്കുന്നവർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കും. പെൻഷൻകാർക്ക് ട്രഷറികളിൽ പ്രത്യേക കൗണ്ടറുകളും വിശ്രമത്തിനും പ്രാഥമിക കൃത്യങ്ങൾ നിറവേറ്റുന്നതിനുമുള്ള സൗകര്യങ്ങളും ഏർപ്പെടുത്തും.

ഹൗസിങ് കോളനികളിൽ വയോജനക്ഷേമത്തിനായി വിവിധോദ്ദേശ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും മുതിർന്നവരെ ഒറ്റപ്പെടുത്തുന്നത് കർശനമായി തടയുകയും ചെയ്യും. വയോജനങ്ങൾക്ക് എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്ന 'പൊതു വെബ്സൈറ്റുകൾ' തയാറാക്കും. എല്ലാ നഗരങ്ങളിലും രാവും പകലും പ്രവർത്തിക്കുന്ന വയോജന 'ഹെൽപ് ലൈനുകൾ' നിലവിൽ വരും.



വൃദ്ധജനങ്ങൾക്ക് അനായാസം കയറിപ്പോകാനോ, സഞ്ചരിക്കാനോ കഴിയുന്നവിധത്തിലുള്ളതല്ല ഇന്നത്തെ മിക്ക കെട്ടിടങ്ങളും. ആയതിനാൽ വയോജന-വികലാംഗ സൗഹൃദപരമായ കെട്ടിട നിർമാണത്തിനു മാത്രം അനുമതി നൽകുന്ന രീതിയിൽ, നിലവിലുള്ള കെട്ടിട നിർമാണ ചട്ടങ്ങൾ ഭേദഗതി ചെയ്യും. പൊതു വാഹനങ്ങളിൽ മുതിർന്നവർക്ക് സംവരണം ചെയ്ത ഇരിപ്പിടങ്ങൾ മറ്റുള്ളവർ ഉപയോഗിക്കുന്നത് കർശനമായി തടയും. ബസ്സുകളിലും സ്റ്റേജ് കാര്യേജുകളിലും മുതിർന്നവർക്ക് എളുപ്പത്തിൽ കയറാവുന്നവിധത്തിൽ ചവിട്ടുപടികൾ ഘടിപ്പിക്കണമെന്ന വ്യവസ്ഥ ഫലപ്രദമായി നടപ്പിലാക്കുമെന്നും നയം ഉറപ്പു നൽകുന്നു.

## ശ്രദ്ധ ക്ഷേമത്തിനും

മുതിർന്ന പൗരന്മാർ രാഷ്ട്രപുരോഗതിക്ക് നൽകിയ സേവനങ്ങൾ അംഗീകരിക്കുകയും സമൂഹത്തിനുള്ള കടപ്പാട് പ്രകടിപ്പിക്കുകയും ചെയ്യുന്ന നയം വയോജനക്ഷേമ മേഖലയിൽ ശ്രദ്ധേയമായ പദ്ധതികൾ മുന്നോട്ടുവെക്കുന്നു. വീടുകളിലും സമൂഹത്തിലും ഒറ്റപ്പെടലിന്റെ വേദന അനുഭവിക്കുന്ന വയോജനങ്ങളുടെ മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് 'മുതിർന്നവരുടെ ഗ്രാമങ്ങൾ' വികസിപ്പിക്കും. ഹൗസിങ് കോളനികളിൽ വയോജനക്ഷേമത്തിനായി വിവിധോദ്ദേശ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും മുതിർന്നവരെ ഒറ്റപ്പെടുത്തുന്നത് കർശനമായി തടയുകയും ചെയ്യും. വയോജനങ്ങൾക്ക് എളുപ്പത്തിൽ കൈകാര്യം ചെയ്യാവുന്ന 'പൊതു വെബ്സൈറ്റുകൾ' തയാറാക്കും. എല്ലാ നഗരങ്ങളിലും രാവും പകലും പ്രവർത്തിക്കുന്ന വയോജന 'ഹെൽപ് ലൈനുകൾ' നിലവിൽ വരും. 60 വയസ്സ് തികഞ്ഞ എല്ലാവർക്കും സാമൂഹികനീതിവകുപ്പ് തിരിച്ചറിയൽകാർഡ് നൽകും. സർക്കാർ ആനുകൂ

ല്യങ്ങൾ ലഭിക്കാനുള്ള സഹായക രേഖ യായി ഈ കാർഡ് ഉപയോഗിക്കാം.

വൃദ്ധമന്ദിരങ്ങളുടെ അടിസ്ഥാന സൗക ര്യങ്ങളുടെ പ്രവർത്തന രീതികളും പരിഷ്ക രിച്ച്, അന്തേവാസികളുടെ ജീവിതനില വാരം മെച്ചപ്പെടുത്തുന്നതിന്, ഫലപ്രദമായ നിരവധി നിർദേശങ്ങൾ നയത്തിലുണ്ട്. ഓരോ ബ്ലോക്ക് പഞ്ചായത്തിലും കൗൺസിലിങ് സൗകര്യവും പാരാ-മെഡി ക്കൽ സേവനവും ലഭ്യമാക്കുന്ന 'കമ്യൂണിറ്റി -കം-ഡേ കെയർ സെന്ററുകൾ' ആരംഭിക്കും. വയോജനങ്ങളുടെ സാമ്പ ത്തിക സുരക്ഷിതത്വം മുൻനിർത്തി, ചെറു കിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കു ന്നതിന് സബ്സിഡിയും റിവോൾവിങ് ഫണ്ടും കുറഞ്ഞ പലിശയിൽ വായ്പാസൗ കര്യവും ലഭ്യമാക്കും. സർക്കാർ സേവന ത്തിൽ നിന്നും വിരമിച്ചവർക്ക് പുനർനിയ മനം നൽകുന്നതിന് 'എംപ്ലോയ്മെന്റ് ഡയ റക്ടറേറ്റ്' രൂപീകരിക്കുമെന്ന നിർദേശവും നയത്തിലുണ്ട്.



പുതിയ വീടുകൾ നിർമിക്കുന്നതിനും വീടുകളുടെ അറ്റകുറ്റപ്പണി നടത്തുന്ന തിനും വായ്പാ സൗകര്യം ലഭ്യമാക്കും. എല്ലാ മുതിർന്ന പൗരന്മാർക്കും യാത്രാക്കൂ ലിയിൽ പരമാവധി ഇളവ് അനുവദിക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കും. തദ്ദേ ശസ്വയംഭരണ സ്ഥാപനങ്ങൾ, പദ്ധതി വിഹിതത്തിന്റെ അഞ്ച് ശതമാനം തുക മുതിർന്നവരുടെ ക്ഷേമപദ്ധതികൾക്കായി നീക്കിവെക്കണമെന്നും പ്രത്യേക 'വയോ ജനഗ്രാമസഭകൾ' വിളിച്ചു ചേർക്കണ മെന്നും നയത്തിൽ നിർദേശമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലവന്മാർ അധ്യക്ഷന്മാരായി ഗ്രാമപഞ്ചായത്ത്, മുനി സിപ്പാലിറ്റി, കോർപറേഷൻ തലങ്ങളിൽ 'മുതിർന്നവരുടെ വേദികൾ' നിലവിൽ വരും.

വയോജനങ്ങളുടെ സംരക്ഷണത്തി നായി ആഭ്യന്തര വകുപ്പിന്റെ മേൽനോട്ട ത്തിൽ 'വയോജന സുരക്ഷ' എന്ന പദ്ധ തിയാരംഭിക്കും. മുതിർന്നവർ നൽകുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിന് ജില്ലാതലത്തിൽ കൗൺസിൽ രൂപീകരിക്ക ണം. ഇവരുടെ പരാതികൾ ഓൺലൈ നായി സ്വീകരിച്ച് പരിഹാരം കാണുന്നതിന് 'സീനിയർ സിറ്റിസൺ സർവീസ് ബ്യൂറോ'കളും സന്നദ്ധസംഘടനകളുടെയും വ്യക്തികളുടെയും പങ്കാളിത്തം ഉറപ്പുവ രുത്തി വയോജനക്ഷേമത്തിനായി 'എൽഡർ ലൈൻ നെറ്റ്വർക്ക് സംവിധാ ന'വും കേരളാ പൊലീസിന്റെ കീഴിൽ നില വിൽ വരും. മുതിർന്ന പൗരന്മാർക്കായി സമഗ്ര പെൻഷൻ പദ്ധതി, സാമൂഹ്യസു രക്ഷാ സെസ് ഉപയോഗപ്പെടുത്തി ക്ഷേമ നിധി, പഞ്ചായത്തുകൾതോറും ഡേ കെയർ കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്കും വയോജന നയത്തിൽ നിർദേശമുണ്ട്.

## നയവും നിയമവും

ചൂഷണത്തിൽ നിന്നും പീഡനത്തിൽ നിന്നും വയോജനങ്ങളെ സംരക്ഷിക്കുന്ന തിനും ഭരണഘടനാപരമായ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതും ലക്ഷ്യ മാക്കിയാണ് 'മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ജീവനാംശ ത്തിനും ക്ഷേമത്തിനുമുള്ള നിയമം (the maintenance and welfare of parents and senior citizens act), 2007 ഡിസംബർ 31ന് പ്രാബല്യത്തിൽ വന്നത്. ഈ നിയമപ്ര കാരം, മതാപിതാക്കളെ മക്കളോ, 60 വയസ് തികഞ്ഞ മുതിർന്ന പൗരന്മാരെ ബന്ധു ക്കളോ സംരക്ഷിക്കാതിരുന്നാൽ ഇവർക്ക് സംരക്ഷണച്ചെലവിനായി 'മെയിന്റനൻസ് ട്രിബ്യൂണലിൽ പരാതി നൽകാം. ട്രിബ്യൂ ണലിന്റെ ചുമതലയുള്ള ആർ.ഡി.ഒ മാർക്കാണ് പരാതി നൽകേണ്ടത്. പരാതി ശരിയാണെന്ന് ബോധ്യപ്പെടുന്ന പക്ഷം, ട്രിബ്യൂണൽ വിധിക്കുന്ന സംരക്ഷണ ചെല വിനുള്ള തുക എതിർകക്ഷി 30 ദിവസത്തി നകം പരാതിക്കാരന് നൽകിയില്ലെങ്കിൽ, ഒരു മാസമോ, ജീവനാംശത്തുക നൽകു ന്നതുവരെയോ ഏതാണോ കുറവ് അത്രയും കാലയളവിലേക്ക് എതിർ കക്ഷിക്ക് തടവുശിക്ഷ നൽകാൻ നിയമ ത്തിൽ വ്യവസ്ഥയുണ്ട്.

ഇഷ്ടദാനാധാരപ്രകാരവും മറ്റും സ്വത്ത് കൈവശപ്പെടുത്തിയശേഷം ബന്ധുക്കൾ മുതിർന്ന പൗരന്മാരെ സംരക്ഷിക്കാതിരു ന്നാൽ ആ ആധാരം അസാധുവായി പ്രഖ്യാപിക്കാൻ നിയമത്തിൽ വ്യവസ്ഥ യുണ്ട്. സംരക്ഷിക്കാൻ ബാധ്യതപ്പെട്ട ബന്ധുക്കൾ, മുതിർന്ന പൗരന്മാരെ ഏതെ ങ്കിലും സ്ഥലത്ത് ഉപേക്ഷിക്കുകയാണെ ങ്കിൽ മൂന്നു മാസം തടവോ, 5000 രൂപ പിഴയോ രണ്ടും കൂടിയ ശിക്ഷയോ അനു ഭവിക്കും. സർക്കാർ ആശുപത്രികളിൽ പ്രത്യേക ക്യൂ, എല്ലാ ജില്ലകളിലും ഉന്നത നിലവാരമുള്ള വൃദ്ധമന്ദിരങ്ങൾ, ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ പ്രത്യേക പൊലീസ് സംവിധാനം തുടങ്ങി വൃദ്ധജനങ്ങളുടെ അവകാശങ്ങൾ സംരക്ഷി ക്കുന്നതിന് നിരവധി വ്യവസ്ഥകൾ അട ങ്ങിയ വയോജന സംരക്ഷണ നിയമം കർശ നമായി നടപ്പാക്കുമെന്ന് മുതിർന്ന പൗര ന്മാരുടെ സംസ്ഥാന നയം വ്യക്തമാക്കുന്നു.

## സംവിധാനം ശക്തം

മുതിർന്നവരുടെ നയവും കർമപദ്ധ തിയും കാര്യക്ഷമമായി നടപ്പാക്കുന്നതിന് സുസജ്ജമായ സംവിധാനമാണ് നയം വിഭാവനം ചെയ്യുന്നത്. നയം നടപ്പിലാക്കു ന്നതിനുള്ള നോഡൽ ഏജൻസി സാമൂ ഹിക നീതിവകുപ്പായിരിക്കും. മുഖ്യമന്ത്രി രക്ഷാധികാരിയും സാമൂഹികനീതി വകുപ്പു മന്ത്രി ചെയർപേഴ്സണായും സാമൂഹിക നീതി വകുപ്പ് സെക്രട്ടറി കൺവീനറായും മുതിർന്നവർക്കുള്ള സംസ്ഥാന കൗൺസിൽ നിലവിൽ വരും. ഇതിൽ സർക്കാർ ഉദ്യോ ഗസ്ഥർ, രണ്ട് ജനപ്രതിനിധികൾ, വയോ ജന ക്ഷേമ സംഘടനകളുടെ ആറ് പ്രതി നിധികൾ എന്നിവർ അംഗങ്ങളായിരിക്കും. ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ സാമൂ ഹികനീതി ഓഫീസർ കൺവീനറായും ജില്ലാതല വയോജന കൗൺസിലും രൂപീ കരിക്കും. വയോജനങ്ങൾക്കു വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതി നായി സാമൂഹികനീതിവകുപ്പ് സെക്രട്ടറി അധ്യക്ഷനായും ആരോഗ്യം-കുടുംബ ക്ഷേമം, പൊതുവിദ്യാഭ്യാസം, തൊഴിൽ, ധനകാര്യം, തദ്ദേശസ്വയംഭരണം, ആഭ്യ ന്തരം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളായുമുള്ള സംസ്ഥാന ആസൂ ത്രണ സമിതി രൂപീകരിക്കും.

മുതിർന്ന പൗരന്മാർക്ക് സമാധാന പൂർണവും സന്തോഷപ്രദവുമായ അന്ത സ്സുറ്റ ജീവിതം ഉറപ്പുവരുത്തി വയോജന സൗഹൃദസമൂഹം സൃഷ്ടിക്കുകയാണ് നയ ത്തിന്റെ ലക്ഷ്യം. മുതിർന്ന പൗരന്മാരുടെ വിലയേറിയ അനുഭവസമ്പത്തും സമൂഹ ത്തിലെ മറ്റ് പ്രായവിഭാഗക്കാരുടെ കഴിവും പരസ്പരപൂരകമായി പ്രയോജനപ്പെടുത്തി വയോജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാ രയിൽത്തന്നെ നിലനിർത്തുന്നതിനുള്ള കർമപദ്ധതികളാണ് നയത്തിന്റെ പ്രത്യേക ത. മുതിർന്ന പൗരന്മാർ രാഷ്ട്രത്തിന്റെ വില പ്പെട്ട സമ്പത്താണെന്ന യാഥാർഥ്യം അംഗീ കരിച്ചുകൊണ്ട് അവർക്ക് സമൂഹത്തിൽ തുല്യ അവസരവും പങ്കാളിത്തവും അവ കാശ സംരക്ഷണവും ഉറപ്പുവരുത്തുക യാണ് ഈ നയം. അതുകൊണ്ടുതന്നെ, 'മുതിർന്ന പൗരന്മാരുടെ സംസ്ഥാന നയ'ത്തിലൂടെ, സാമൂഹികക്ഷേമ രംഗത്ത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് കേരളം വീണ്ടും മാതൃകയാകുകയാണ്. ■

■ എസ്. ഗോപാലകൃഷ്ണൻ

**ക്ഷമയോടെ, നിരവധി സമരങ്ങൾ നയിച്ചതിനുശേഷം ഒരു തീവ്രമതവാദിയുടെ തോക്കിനുമുന്നിൽ മഹാത്മാവായി ഗാന്ധിജി മരിച്ചുവീണപ്പോൾ ആ മനസ്സിൽ തെക്കേ ആഫ്രിക്ക തന്നിൽ ഉണ്ടാക്കിയ ഭാവാന്തരം ഒരു ഫ്ളാഷ് ബാക്കായി മിന്നിമറഞ്ഞു കാണണം**



# പുതിയ രാമന്റെ നൂറാം വർഷം

2013ലെ ഒക്ടോബർ രണ്ടാം തീയതിക്ക് കഴിഞ്ഞ കൊല്ലങ്ങളിലെ ഗാന്ധിജയന്തികളെ അപേക്ഷിച്ച് കൂടുതൽ പ്രാധാന്യമുണ്ട്. ഗാന്ധി പഠനങ്ങളിൽ താത്പര്യമുള്ളവർ ലോകമെമ്പാടും ഇക്കൊല്ലം സെപ്റ്റംബർ മുതൽ ഒരു കൊല്ലക്കാലം ഗാന്ധിജിയുടെ ജീവിതത്തിലെ ഒരു പ്രത്യേക കാലത്തെക്കുറിച്ചുള്ള പര്യാലോചനകളിലാണ്. വക്കീലിനെ മഹാത്മാവാക്കിയ തെക്കേ ആഫ്രിക്കൻ സത്യഗ്രഹത്തിന്റെ നൂറാം വാർഷികമാണിത്.

ഗാന്ധിജിയുടെ ഭാഷ ലോകത്തിലെ ഏതൊരു നേതാവിനെയും അസൂയപ്പെടുത്തും വിധം ലളിതവും എന്നാൽ ലക്ഷ്യവേധിയുമായിരുന്നു. വെറുതെയല്ല സ്വിസ് ടെലികോം കമ്പനി അവരുടെ ബ്ലാക്ക്ബെറി ഫോണിന്റെ പരസ്യത്തിനായി ഗാന്ധിജി എന്ന ആശയപ്രചാരകന്റെ പടം ഉപയോഗിച്ചത് (2010).

ഗാന്ധിജിയുടെ ഏറ്റവും മികച്ച രചനകളിൽ ഒന്ന് 'തെക്കേ ആഫ്രിക്കയിലെ സത്യഗ്രഹം' എന്ന പുസ്തകമാണ്. അനാവശ്യമായ കാൽപനികാലങ്കാരങ്ങളില്ലാതെ ഒരു വലിയ സമരത്തെയും ജനങ്ങളുടെ സഹനത്തെയുംകുറിച്ച് അദ്ദേഹം എഴുതിയതു വായിക്കുമ്പോൾ നെഹ്റുവിലെ സ്വപ്നജീവിയിൽ നിന്നും ഗാന്ധിയിലേക്കുള്ള അകലം നമുക്ക് മനസ്സിലാകും. 49 അധ്യായങ്ങളുള്ള പുസ്തകത്തിന്റെ ആദ്യത്തെ 30 അധ്യായങ്ങളും അദ്ദേഹം എഴുതിയത് പിൽക്കാലത്ത് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി യർവാദ ജയിലിൽ കിടക്കുമ്പോഴാണ്. ജയിലിന് പുറത്ത് ഇന്ത്യൻ ഗ്രാമങ്ങളിൽ കൊടുമ്പിരിക്കൊണ്ടിരുന്ന സ്വാതന്ത്ര്യവാഞ്ഛകൾക്ക് വഴികാണിച്ചുകൊടുക്കാൻ വേണ്ടിയാണ് ഗാന്ധിജി തന്റെ ആഫ്രിക്കൻ അനുഭവങ്ങളെ രേഖപ്പെടുത്തി

യത്. പുസ്തകത്തിന്റെ ആമുഖത്തിൽ അദ്ദേഹം എഴുതി:

'തെക്കേ ആഫ്രിക്കയിലെ സത്യഗ്രഹ സമരം എട്ടുകൊല്ലക്കാലം നീണ്ടുനിന്നു. ആ സമരവുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയെടുത്ത വാക്കായിരുന്നല്ലോ സത്യഗ്രഹമെന്നത്. ആ സമരത്തിന്റെ ഒരു ചരിത്രമെഴുതണമെന്നത് എന്റെ വളരെ നാളത്തെ ആഗ്രഹമായിരുന്നു. കാരണം, അതെനിക്കുമാത്രമേ ചെയ്യാൻ കഴിയൂ എന്നതാണ്. ഒരു മുന്നേറ്റം നടത്തുന്ന ജനറലിനു മാത്രമേ ഓരോ നീക്കത്തിന്റെയും ഉദ്ദേശ്യം മനസ്സിലാകൂ. ഒരു രാഷ്ട്രീയ പരിപാടിയായി സത്യഗ്രഹത്തെ വൻതോതിൽ പരീക്ഷിച്ചുനോക്കിയ ആദ്യ സംഭവമായിരുന്നു തെക്കേ ആഫ്രിക്കയിലേത്. അതുകൊണ്ട് സത്യഗ്രഹപരിപാടിയുടെ വികസനത്തിൽ താത്പര്യമുള്ള പൊതുസമൂഹം ആ ചരിത്രം അറിഞ്ഞിരിക്കുന്നത് നല്ലതാണ്'. (1924 ഏപ്രിൽ രണ്ട്).

## ചരിത്രപരമായ കണ്ടുമുട്ടലുകൾ

'നിങ്ങൾ ഞങ്ങളുടെ നാട്ടിലേക്ക് ഒരു മോഹൻദാസിനെ അയച്ചു. ഞങ്ങൾ അദ്ദേഹത്തെ മഹാത്മാവാക്കി' എന്നു പറഞ്ഞ് ഇന്ത്യക്കാരെ ഒരു ജനതയോട് കടപ്പെട്ടവരാക്കിയത് മറ്റാരുമല്ല നെൽസൺ മണ്ടേലയാണ്. തെക്കേ ആഫ്രിക്ക ഗാന്ധിജിയെ മഹാത്മാവാക്കിമാറ്റിയതിനേക്കുറിച്ച് പറയുമ്പോൾ അദ്ദേഹത്തിന്റെ കൊച്ചുമകനായ രാജ്മോഹൻ ഗാന്ധി പറഞ്ഞ ഒരു വാചകമാണ് ഓർമയിൽ വരുന്നത്. "വന്യമായ ഒരു ലോകവുമായി, വിവിധ വംശീയതകളുമായി, ഇന്ത്യൻ യാഥാർഥ്യങ്ങളുമായി, സ്വന്തം ജീവിതഭാഗധേയവുമായിത്തന്നെ ഗാന്ധിജി നടത്തിയ ചരിത്രപരമായ കണ്ടുമുട്ടലുകളായിരുന്നു തെക്കേ ആഫ്രിക്കയിലേത്."


1893 മെയിൽ ഇരുപത്തിനാലുകാരനായ ഒരു വക്കീൽ തെക്കേ ആഫ്രിക്കയിലെത്തുകയായിരുന്നു. മോഹൻദാസ് കരംചന്ദ് ഗാന്ധി കപ്പലിറങ്ങുമ്പോൾ അവിടുത്തെ കരാർ പണിക്കാരായ ഇന്ത്യക്കാരുടെ അവസ്ഥയെന്തായിരുന്നു? ഗിരിരാജ് കിഷോർ എഴുതിയ 'ഗിർമിത്യ സാഗ' എന്ന ഹിന്ദി നോവലിൽ നിന്നും ഒരു ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ, കരൺപിള്ള എന്ന തമിഴന്റെ അവസ്ഥയാണ് വിവരിക്കുന്നത്.

"കരൺപിള്ളയും ഒരു കൂലിയായിരുന്നു... അസുഖം വന്നു വീണു. നിയമപ്രകാരം രോഗികൾക്കായി പണിയിടത്തിൽ ഒരു മുറിയുണ്ടെങ്കിലും അത് പലപ്പോഴും സാമാനപ്പുരയായി മാറിയിരിക്കും. രോഗിയായ കരൺപിള്ളയോട് എഴുന്നേറ്റ് ജോലി ചെയ്യാൻ യജമാനൻ ആവശ്യപ്പെട്ടു. അഞ്ചു കൊല്ലത്തെ കരാറിൽ വിശ്രമം എന്ന വാക്ക് ചേർത്തിട്ടില്ലെന്നാണ് വാദം. അഞ്ചു കൊല്ലക്കാലം കരാറുപണിക്കാരൻ ജീവിച്ചാൽ മതി. അതുകഴിഞ്ഞ് മരിക്കുന്നത് വെള്ളക്കാരനായ യജമാനന് പ്രശ്നമല്ല. എന്നാൽ കാലാവധി തീരുംമുമ്പെ അയാൾക്ക് മരിക്കാനും അനുവാദമില്ല. വിശ്രമിക്കാനും പാടില്ല. ഓരോ ദിവസം കഴിയുന്തോറും കരൺപിള്ളയുടെ അവസ്ഥ മോശമായിക്കൊണ്ടിരിക്കുന്നു. കാലുകളിൽ നീരുവന്നു വീർത്തിരുന്നു. പണിയിടത്തിൽ അയാളെ കാണാതായപ്പോൾ മേലുദ്യോഗസ്ഥൻ തിരഞ്ഞു. കരൺപിള്ള നിലത്തു തളർന്നു കിടക്കുകയായിരുന്നു. യജമാനൻ ആജ്ഞാപിച്ചു: 'തെണ്ടികൾ' പണിചെയ്യാതെ സമയം കളയുന്നു. അയാളെ പിടിച്ചെഴുന്നേൽപ്പിച്ചുകൊണ്ടുവരൂ...' പണിയെടുക്കുവാൻ കഴിയാത്ത കരൺപിള്ളയെ കരാർ ലംഘിച്ചതിനാൽ 14 ദിവസത്തെ കഠിനതടവിനു ശിക്ഷിച്ചു. തടവിൽ അയാൾ കഠിനമായി പണിയെടുക്കണം. അയാൾ ജയിൽ വാർഡന്മാരോട് കെഞ്ചി: 'എളുതായ എന്തെങ്കിലും ജോലി തരൂ... ഞാൻ ചെയ്യാൻ ശ്രമിക്കാം. വാർഡൻ പറഞ്ഞു: 'ജയിൽ നിന്റെ തന്തയുടെവകയല്ല'. കഠിനമായ ജോലി ചെയ്ത് പിള്ള വീണു. വെള്ളം വേണമെന്ന് അപേക്ഷിച്ചപ്പോൾ വെള്ളം നിറച്ച ഒരു കുട്ടകത്തിൽ അയാളെ തള്ളിയിട്ടു... 'ഇഷ്ടം പോലെ കുടിച്ച് മിടുക്കനാകൂ...' വാർഡൻ പറഞ്ഞു". ജയിൽ രജിസ്റ്ററിൽ കരൺ പിള്ളയുടെ മരണം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഗിരിരാജ് കിഷോർ നോവലിൽ എഴുതിയിട്ടുണ്ട്.

മോഹൻ ദാസ് കരംചന്ദ് ഗാന്ധിയെ കാത്തിരുന്നത് ഇത്തരം നിരവധി ജീവിത സന്ദർഭങ്ങളായിരുന്നു. വെറും ഗാന്ധിയെ മഹാത്മാവാക്കിയത് ദക്ഷിണാഫ്രിക്കയാണെന്ന് നെൽസൺ മണ്ടേല പറഞ്ഞത് നമുക്ക് പരിശോധിക്കാം. കരൺ പിള്ളയെപ്പോലെയുള്ള നിരവധിപേർക്ക് നേരിടേണ്ടിവന്ന മനുഷ്യത്വവിരുദ്ധമായ പെരുമാറ്റങ്ങളെ ഗാന്ധിജി ആദ്യമൊക്കെ കണ്ടത് ഒരു 'ദേശീയത' നേരിടുന്ന അപമാനമായിട്ടായിരുന്നു. ഇന്ത്യക്കാർ അപമാനിക്കപ്പെടുന്നു എന്ന നിലയിലാണ് ഗാന്ധിജി ആ



ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ. ഗാന്ധിജിയുടെ ദക്ഷിണാഫ്രിക്കൻ സത്യഗ്രഹത്തിന്റെ നൂറാം വാർഷികമാണിത്.



പ്രശ്നത്തെ സമീപിച്ചത്. മനുഷ്യനു നേരെ മറ്റൊരു മനുഷ്യൻ ചെയ്യുന്ന അനീതി എന്ന നിലയിലല്ല. അക്കാലങ്ങളിൽ ഗാന്ധിജി എഴുതിയ കുറിപ്പുകളിൽ ഒന്നിൽ കൂടുതൽ തവണ ആഫ്രിക്കയിലെ കറുത്ത വർഗക്കാർക്കൊപ്പം ഇന്ത്യക്കാരെ ഗണിക്കുന്നതിനുള്ള അമർഷവും അഭിപ്രായവ്യത്യാസവും രേഖപ്പെടുത്തിയതായി കാണാം. അപ്പോൾ മാനവികതയുടെ സർവവ്യാപിയായ സ്നേഹത്തോടൊപ്പമെത്താത്ത സ്വത്വപ്രധാനമായ ഒരു ദേശീയതാബോധത്തിൽ ആയിരുന്നു ഗാന്ധിജിയുടെ ആദ്യകാല ആന്തരിക സംഘർഷങ്ങൾ ഉടലെടുത്തത് എന്നു കാണാൻ കഴിയും. ഇന്ത്യയിൽ ഗാന്ധിജിയുടെ ജാതി പൊതുസമൂഹത്തിൽ അപമാനമേറ്റുവാങ്ങുന്ന ഒന്നായിരുന്നില്ല. നാടുവാഴികളുമായും ബ്രാഹ്മണരുമായും ഇടപെടാൻ മാന്യതയനുവദിച്ചിരുന്ന വൈശ്യജാതിയായിരുന്നല്ലോ ഗാന്ധിജിയുടേത്. എന്നാൽ തെക്കേ ആഫ്രിക്കയിൽ ചെന്നപ്പോൾ ഏഷ്യക്കാർ മൊത്തത്തിൽ, എല്ലാ ജാതികൾക്കുമുപരിയായി, അസ്പർശ്യരായി മാറിയതാണ് ഗാന്ധിജിയെ കോപാകുലനാക്കിയത്. ചരിത്രത്തിൽ 'എങ്കിലുകൾക്ക്' സ്ഥാനമില്ലെന്നു വന്നാലും, മോഹൻദാസ് കരംചന്ദ് ഗാന്ധി ഒരു വക്കീലായി ഇന്ത്യയിൽ തുടർന്നിരുന്നുവെങ്കിൽ ഒരുപക്ഷെ, മഹാത്മാവായിമാറാതെ പോകുമായിരുന്നു. കാരണം വ്യക്തിപരമായി അപമാനം ഏൽക്കേണ്ടുന്ന ഒരു ജാതിയിൽ അല്ലായിരുന്നു ഗുജറാത്തിൽ അദ്ദേഹത്തിന്റെ ജനനം

**തെക്കേ ആഫ്രിക്കയിൽ അദ്ദേഹം ഏറ്റവും അടുത്ത് ഇടപഴകിയത് ഏഷ്യക്കാരായ മുസ്ലീങ്ങളുമായും വെള്ളക്കാരായ ക്രിസ്ത്യാനികളോ ജൂതരോ ആയിട്ടുമായിരുന്നു. ഇന്ത്യയിൽ ആദ്യകാലം മുതൽ ജീവിച്ചിരുന്നുവെങ്കിൽ ഇത്തരം ഒരു ആശയവിനിമയത്തിനുള്ള സാധ്യത ഗാന്ധിജിക്ക് കിട്ടുമായിരുന്നില്ലാ എന്നും കാണാം.**

തെക്കേ ആഫ്രിക്കയിൽ അദ്ദേഹം ഏറ്റവും അടുത്ത് ഇടപഴകിയത് ഏഷ്യക്കാരായ മുസ്ലീങ്ങളുമായും വെള്ളക്കാരായ ക്രിസ്ത്യാനികളോ ജൂതരോ ആയിട്ടുമായിരുന്നു. ഇന്ത്യയിൽ ആദ്യകാലം മുതൽ ജീവിച്ചിരുന്നുവെങ്കിൽ ഇത്തരം ഒരു ആശയവിനിമയത്തിനുള്ള സാധ്യത ഗാന്ധിജിക്ക് കിട്ടുമായിരുന്നില്ലാ എന്നും കാണാം. ഇന്ത്യയിലേക്കു തിരിച്ചുവന്ന ഗാന്ധിജി സർവമതങ്ങളിലും ഏകനായി വസിക്കുന്ന ദൈവത്തെക്കുറിച്ചു പറയുമ്പോൾ, പാശ്ചാത്യവിദ്യാഭ്യാസം ലഭിച്ച് ആധുനികരായി മാറിയ നെഹ്രുവും ജിന്നയും ദൈവമില്ലാത്ത ഭൗതിക പ്രപഞ്ചത്തിലാണ് വ്യവഹരിച്ചതെന്ന് നമുക്കറിയാം. ഞാൻ പറഞ്ഞല്ലോ, ദക്ഷിണാഫ്രിക്കയിൽ ഒരുപക്ഷെ മോഹൻദാസ് കരംചന്ദ് ഗാന്ധി ഏറ്റവുമധികം സമയം ചലവഴിച്ചത് ഇസ്ലാം വിശ്വാസികളോടൊപ്പമായിരുന്നു എന്ന്. ദാദാ അബ്ദുള്ളയുമായുള്ള ബന്ധമാണ് വിശുദ്ധ ഖുർ-ആനിലേക്ക് ഗാന്ധിജിയെ അടുപ്പിച്ചത്. ഇന്ത്യൻ സ്വാതന്ത്ര്യത്തിനുശേഷം നടന്ന വർഗീയ കലാപങ്ങളിൽ ഹിന്ദുക്കൾ മുസൽമാനെയും തിരിച്ചും കൊന്നുകൊണ്ടിരുന്നപ്പോൾ ഒരു പ്രാർഥനാ വേളയിൽ ഗാന്ധിജി ഖുർ-ആൻ വായിച്ചു. കോപംകൊണ്ടു ജ്വലിച്ച ഒരു ഹിന്ദു സ്ത്രീ ഗാന്ധിജിയോട് ഗർജിച്ചു: ഖുർ-ആൻ വായിക്കണമെങ്കിൽ ഏതെങ്കിലും കാട്ടിൽ പോയി ഒറ്റയ്ക്ക് ചെയ്തുകൊള്ളണം. ഒട്ടും അസ്വസ്ഥനാകാതെ സമചിത്തതയോടെ ഗാന്ധിജി മറുപടി പറഞ്ഞു:

"ഖുർ-ആൻ വായിക്കണമെങ്കിൽ ഏതെങ്കിലും വനാന്തരത്തിൽ ഒറ്റയ്ക്ക് താമസിക്കണമെന്ന നിബന്ധനവന്നാൽ ഞാൻ അത് സസന്തോഷം സ്വീകരിക്കും". എട്ടുകൊല്ലം നീണ്ട, സത്യഗ്രഹ സമരപരിപാടികൾക്കുശേഷം ഇന്ത്യയിലേക്ക് പുറപ്പെടുന്നതിനുമുൻപ് ഇന്ത്യൻ ഒപ്പീനിയനിൽ അദ്ദഹം അവസാനമായി ഒരു ലേഖനമെഴുതി – 'സമരവും പാഠവും' എന്ന തലക്കെട്ടിൽ. അത് അദ്ദേഹം തുടങ്ങിയത് വിശുദ്ധ ഖുർ-ആനിലെ ഒരു വാചകമെഴുതിക്കൊണ്ടായിരുന്നു.

"അള്ളായുടെ ആഗ്രഹപ്രകാരം എത്രയെത്ര ചെറിയ സൈന്യങ്ങൾ വലിയ സൈന്യങ്ങളെ പരാജയപ്പെടുത്തിയിരിക്കുന്നു. ക്ഷമാപൂർവം സമരം നയിക്കുന്നവരുടെ കൂടെയാണ് അള്ളാ എന്നും നിലയുറപ്പിച്ചത്". ക്ഷമയോടെ, നിരവധി സമരങ്ങൾ നയിച്ചതിനുശേഷം ഒരു തീവ്രമതവാദിയുടെ തോക്കിനുമുന്നിൽ മഹാത്മാവായി ഗാന്ധിജി മരിച്ചുവീണപ്പോൾ ആ മനസ്സിൽ തെക്കേ ആഫ്രിക്ക തന്നിൽ ഉണ്ടാക്കിയ ഭാവാന്തരം ഒരു ഫ്ളാഷ് ബാക്കായി മിന്നിമറഞ്ഞു കാണണം. അവസാനമായി അദ്ദേഹം 'ഹേ റാം' എന്നു പറഞ്ഞോ, ഇല്ലയോ എന്നതിന് തീർച്ചയില്ല. പറഞ്ഞെങ്കിലും ഇല്ലെങ്കിലും അദ്ദേഹത്തിന് രാമൻ എന്നത് ഏക ദൈവത്തിനുള്ള തെക്കേ ആഫ്രിക്കൻ വെളിപെടലായിരുന്നു. ■



ജി. രമ്യ

# പറക്കാൻ കൊതിച്ച് കണ്ണൂർ

ഉത്തരമലബാറിന്റെ ചിരകാല സ്വപ്നമാണ് കണ്ണൂർ വിമാനത്താവളം. 2010 ഡിസംബർ 17 ന് വിമാനത്താവളത്തിന് തറക്കല്ലിട്ടതോടെയാണ് മലബാറിന്റെ ആകാശമോഹങ്ങൾക്ക് ചിറകു മുളച്ചത്. വിമാനത്താവള നിർമാണത്തിന്റെ ആദ്യ കാൽവെപ്പായി റൺവേ നിർമാണം ഒക്ടോബറിൽ ആരംഭിക്കുകയാണ്. ജൂണോടെ റൺവേ നിർമാണം പൂർത്തിയാകും. റൺവെ, എർത്ത് വർക്ക് ,ടാക്സി ട്രാക്ക്, എയർപോർട്ട് ബിൽഡിങ്, കൺട്രോൾ ടവർ എന്നിങ്ങനെ പടിപടിയായാണ് നിർമാണ പ്രവർത്തനങ്ങൾ തീരുമാനിച്ചിരിക്കുന്നത്. മൂന്നു ഘട്ടങ്ങളിലായി തീരുമാനിച്ചിരിക്കുന്ന പ്രവൃത്തിയുടെ ഒന്നാംഘട്ടം 2025 ഓടെ പൂർത്തിയാക്കും.

## അൽപ്പം ചരിത്രം

നിലവിൽ വിദേശയാത്രയ്ക്ക് കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തേയും മംഗലാപുരം വിമാനത്താവളത്തേയും ആശ്രയിക്കുന്ന പ്രവാസികൾ ഉൾപ്പെടെയുള്ളവർ ആശ്വാസത്തോടെയാണ് വിമാനത്താവള പ്രഖ്യാപനത്തെ സ്വീകരിച്ചത്. റോഡ് മാർഗം കോഴിക്കോട് വിമാനത്താവളത്തിൽ എത്തിച്ചേരുമ്പോഴുണ്ടാകുന്ന യാത്രാദുരിതവും സമയനഷ്ടവും അനുഭവിച്ചറിഞ്ഞവർക്ക് കണ്ണൂർ വിമാനത്താവളം സ്വപ്നസാക്ഷാത്കാരം തന്നെയാണ് പ്രഖ്യാപനം നടന്ന് വർഷങ്ങൾ കുറച്ചു കഴിഞ്ഞെങ്കിലും പദ്ധതിക്ക് തറക്കല്ലിട്ടതോടെ മലബാറിന്റെ പ്രതീക്ഷ വാനോളമാണ്. കണ്ണൂർ ജില്ല മാത്രമല്ല കോഴിക്കോട് ജില്ലയിലെ നാദാപുരം തുടങ്ങി മാഹി, വയനാട്, കാസർകോടിന്റെ ഭാഗമായ കാഞ്ഞങ്ങാട് വരെയുള്ള വർക്ക് കണ്ണൂർ വിമാനത്താവളം ഏറെ സൗകര്യപ്രദമാകും. 2010 ഡിസംബർ 17 ന് കേന്ദ്ര-സംസ്ഥാന മന്ത്രിമാരും ഉദ്യോഗസ്ഥരും ജനങ്ങളും വ്യാപാര-വാണിജ്യ രംഗങ്ങളിലെ പ്രമുഖരുമെല്ലാം സാക്ഷികളായ തറക്കല്ലിടൽ ചടങ്ങ് മലബാറിന്റെ സമഗ്ര വികസനത്തിന് നാന്ദികുറിക്കുന്നതായിരുന്നു.

കണ്ണൂർ വിമാനത്താവളത്തിനായി ആലോചനകളും ചർച്ചകളും തുടങ്ങുന്നതിനും എത്രയോ മുൻപ് കണ്ണൂരിന്റെ മണ്ണിൽ ഒരു വിമാനം പറന്നിറങ്ങിയിട്ടുണ്ട് എന്നത് അൽപ്പം കൗതുകമുള്ള കാര്യം. ഇന്ത്യയിൽ ആദ്യമായി ഒരു എയർലൈൻ വിമാനം പറന്നത് 1932 ലാണ്. കറാച്ചിയിൽ നിന്ന് ബോംബേയിലേക്കായിരുന്നു പുസ്മോക്ക് എന്ന ചെറുവിമാനം യാത്ര ചെയ്തത്. രണ്ടു വർഷത്തിന് ശേഷം 1934 ലാണ് ബോംബേയിൽ നിന്ന് തിരുവനന്തപുരത്തേക്ക് ഒരു വിമാനം പറക്കുന്നത്. ആറുപേർക്കിരിക്കാവുന്ന വിമാനം യാത്രാമധ്യേ ഗോവയിലും കണ്ണൂരിലും ഇറങ്ങിയ ശേഷമാണ് തിരുവനന്തപുരത്ത് എത്തിയത്. അങ്ങനെ കേരളത്തിൽ ആദ്യമായി ഒരു വിമാനം പറന്നിറങ്ങിയ സ്ഥലമെന്ന ഖ്യാതിയും കണ്ണൂരിനുണ്ട്.

## അമരത്ത് കിയാൽ

എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ (AAI) നടത്തിയ സർവ്വേ പ്രകാരമാണ് മട്ടന്നൂർ മൂർഖൻ പറമ്പ് പ്രദേശത്ത് 2000 ത്തിലധികം ഏക്കർ വരുന്ന സ്ഥലം വിമാനത്താവളത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയത്. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (KIAL) എന്ന കമ്പനിയാണ് വിമാനത്താവള നിർമാണത്തിന് നേതൃത്വം നൽകുന്നത്. 2009 ഡിസംബർ മൂന്നിനാണ് കിയാലിന് തുടക്കമായത്. മുഖ്യമന്ത്രിയാണ് കിയാലിന്റെ ചെയർമാൻ. മട്ടന്നൂർ നഗരസഭ കാര്യാലയത്തോട് ചേർന്ന് നഗരസഭ മുൻകയ്യെടുത്ത് നിർമിച്ച് നൽകിയ ആധുനിക സൗകര്യത്തോടെയുള്ള കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കിൻഫ്രയാണ്. ഒന്നാം ഘട്ടത്തിൽ 192.18 ഏക്കർ സ്ഥലം ഗവൺമെന്റ് നേരിട്ട് ഏറ്റെടുത്തിരുന്നു. പിന്നീട് 1085 ഏക്കർ നോഡൽ ഏജൻസിയായ കിൻഫ്ര വഴിയും ഏറ്റെടുത്തു. രണ്ട് ഘട്ടങ്ങളിലായി 1277.93 ഏക്കർ സ്ഥലമാണ് ഇതുവരെ ഏറ്റെടുത്തത്. മൂന്നാംഘട്ട സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായി വരികയാണ്. നോട്ടീസ് നൽകിയ 142 ഏക്കർ ഉൾപ്പെടെ 785.45 ഏക്കർ സ്ഥലമാണ് ഇനി ഏറ്റെടുക്കാനുള്ളത്. പദ്ധതിപ്രദേശത്തിന്റെ ചുറ്റുമതിൽ നിർമാണവും പൂർത്തിയാകേണ്ടതുണ്ട്.

വിമാനത്താവളത്തിന് കേന്ദ്ര പ്രതിരോധ -ആഭ്യന്തര വകുപ്പുകളുടെയും പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതി ലഭിച്ചിട്ടു കഴിഞ്ഞു. കണ്ണൂർ വിമാനത്താവളത്തെ പരിസ്ഥിതി സൗഹൃദ വിമാനത്താവളമാക്കാനാണ് അധികൃതർ ലക്ഷ്യമിടുന്നത്. വിമാനത്താവള നിർമാണത്തോടൊപ്പം പ്രധാനമാണ് വിമാനത്താവളത്തിലേക്കുള്ള റോഡുകളുടെ നിർമാണം. കണ്ണൂർ- മട്ടന്നൂർ ഗ്രീൻഫീൽഡ് റോഡ്, തലശ്ശേരി-വളവുപാറ, പയ്യന്നൂർ-മട്ടന്നൂർ,

കർണ്ണാടക ബോർഡർ-മട്ടന്നൂർ, തലശ്ശേരി -അഞ്ചരക്കണ്ടി-മട്ടന്നൂർ, വയനാട്-മട്ടന്നൂർ, നാദാപുരം-തലശ്ശേരി, മാഹി-മുഴപ്പിലങ്ങാട് എന്നിങ്ങനെ എട്ട് റോഡുകളാണ് വിമാനത്താവളത്തിലേക്ക് ഉള്ളത്. ഇതിൽ കണ്ണൂരിൽ നിന്ന് മട്ടന്നൂരിലേക്ക് പുതുതായി നിർമിക്കുന്ന ഗ്രീൻഫീൽഡ് റോഡ് ഏറ്റവും കുറഞ്ഞ നിർമാണ ചെലവാണ് പ്രതീക്ഷിക്കുന്നത്. കണ്ണൂരിൽ നിന്ന് എളുപ്പമാർഗവും മറ്റ് ഏതു റോഡിനേക്കാളും ലാഭകരവുമാണെന്നതിനാലാണ് ഗ്രീൻഫീൽഡ് റോഡുമായി അധികൃതർ മുന്നോട്ടു പോവുന്നത്. മറ്റുള്ളവ നവീകരണത്തിനായി പി.ഡബ്ല്യു.ഡി ഏറ്റെടുക്കും. ഗ്രീൻഫീൽഡ് റോഡും തലശ്ശേരി മുതൽ വളവുപാറ വരെയുള്ള 54 കി.മി സംസ്ഥാന പാതയുമാണ് റോഡുകളിൽ പ്രധാനം. പത്തുവർഷമായി നവീകരണ പ്രവൃത്തിക്ക് ആവശ്യമുയരുന്ന തലശ്ശേരി - വളവുപാറ റോഡ് വികസിക്കുന്നതോടെ കൂത്തുപറമ്പ്, മട്ടന്നൂർ, ഇരിട്ടി നഗരങ്ങളിലും ഗതാഗതസംവിധാനം മെച്ചപ്പെടുന്നതിന് സഹായകമാവും.

## മാതൃകാ പുനരധിവാസം

വികസനപ്രവർത്തനങ്ങൾക്ക് വേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസം പലപ്പോഴും വിവാദങ്ങൾക്ക് വഴി വെക്കാറുണ്ടെങ്കിലും കിയാൽ അവിടെയും മാതൃകയായി. വിമാനത്താവളത്തിന് സ്ഥലം വിട്ട് നൽകാൻ പ്രദേശവാസികൾ ആവേശത്തോടെയാണ് തയാറായത്. നിലവിലെ മാർക്കറ്റ് വില അനുസരിച്ചാണ് ജനങ്ങളിൽ നിന്ന് സ്ഥലമേറ്റെടുത്തത്. പദ്ധതി പ്രദേശത്ത് വീടുകൾ കുറവായിരുന്നു എന്നതും സ്ഥലമേറ്റെടുക്കൽ എളുപ്പമാക്കി. വീട് നഷ്ടമാകുന്നവർക്ക് പദ്ധതി പ്രദേശത്തിനടുത്തു തന്നെ 10 സെന്റ് സ്ഥലം നൽകി, കുടുംബത്തിൽ ഒരാൾക്ക് ജോലി എന്ന ഉറപ്പും. അതു കൊണ്ടു തന്നെ ആക്ഷേപങ്ങൾക്ക് ഇടയില്ലാതെ എക്കാലത്തേക്കും അഭിമാനിക്കാനാവുന്ന നേട്ടമായി മൂർഖൻ പറമ്പിലെ പുനരധിവാസം.

പദ്ധതിപ്രദേശത്ത് നിന്ന് 15000 മരങ്ങളാണ് മുറിച്ചുമാറ്റിയത്. മുറിച്ചുമാറ്റിയ മരങ്ങൾക്ക് പകരമായി ഒരു ലക്ഷത്തോളം മരങ്ങൾ മട്ടന്നൂർ നഗരസഭയിലെയും കീഴല്ലൂർ പഞ്ചായത്തിലേയും വിവിധ ഭാഗങ്ങളിലായി ഇതിനകം വച്ചുപിടിപ്പിച്ചു കഴിഞ്ഞു. മൂന്ന ലക്ഷത്തോളം മരങ്ങൾ നട്ടുപിടിപ്പിക്കാനാണ് കിയാൽ അധികൃതർ ആലോചിക്കുന്നത്. പരിസ്ഥിതി സൗഹൃദ എയർപോർട്ട് എന്ന മികവിന് കിയാലിന്റെ ഇത്തരം പ്രവർത്തനങ്ങൾ മുതൽക്കൂട്ടായി.

## സാങ്കേതികത്തികവിൽ മുന്നിൽ

ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളാണ് കണ്ണൂർ വിമാനത്താവളത്തിനായി നടപ്പാക്കുന്നത്. പദ്ധതി യാഥാർത്ഥ്യമായാൽ സംസ്ഥാനത്ത് ഏറ്റവും വിസ്തൃതിയുള്ളതും അത്യാധുനികസജ്ജീകരണങ്ങളുള്ളതുമായ വിമാനത്താവളമായി



കണ്ണൂർ വിമാനത്താവളം മാറും. 3400 മീറ്റർ നീളത്തിലും 45 മീറ്റർ വീതിയിലുമാണ് നിർമിക്കുന്നത്. റൺവേയ്ക്ക് സമാന്തരമായി അതേ നീളത്തിൽ ടാക്സി ട്രാക്കും പണിയും. 180 പേർക്ക് യാത്ര ചെയ്യാനാവുന്ന 20 ചെറു വിമാനങ്ങൾ ഒരുമിച്ച് വിമാനത്താവളത്തിൽ നിർത്തിയിടാൻ സാധിക്കും. എന്നാൽ പൂർണ സജ്ജമായാൽ 34 എയർക്രാഫ്റ്റുകൾ വരെ ലാന്റ് ചെയ്യാനുള്ള സൗകര്യം വിമാനത്താവളത്തിലുണ്ടാകും. ഭാവി മുന്നിൽ കണ്ട് മൾട്ടിലെവൽ കാർപാർക്കിങ് സംവിധാനം ഒരുക്കുന്നതിനും സൗകര്യമുണ്ട്. 650 ഓളം കാറുകൾ പാർക്ക് ചെയ്യാൻ പറ്റുന്ന അത്ര വിശാലമായ ട്രാക്കാണ് പരിഗണനയിലുള്ളത്. അതിനൂതനമായ ലൈറ്റിങ് സംവിധാനമാണ് റൺവേയിൽ ഉൾപ്പെടെ സ്ഥാപിക്കുക. മഴ, മഞ്ഞ് തുടങ്ങി കാലാവസ്ഥ അനുകൂലമല്ലാതാകുന്ന ഏതു സാഹചര്യത്തിലും സുരക്ഷിതമായി വിമാനം ലാന്റ് ചെയ്യാൻ ഇതുവഴി സാധിക്കും. വിദേശ രാജ്യങ്ങളിൽ പോലും അധികം നടപ്പാക്കിയിട്ടില്ലാത്ത ഊർജസംരക്ഷണ സംവിധാനമാണ് മറ്റൊരു പ്രത്യേകത. ഉപയോഗിക്കുന്ന വൈദ്യുതിയും ജലവും ഊർജവുമെല്ലാം പുനരുപയോഗിക്കുന്ന സംവിധാനമാണ് ഇത്. ഇതുവഴി ഏറെ ലാഭകരമായ പ്രവർത്തനമാണ് ലക്ഷ്യമിടുന്നത്. ജലവിതരണത്തിന് കേരള വാട്ടർ അതോറിറ്റിയും വൈദ്യുതിക്ക് കെ.എസ്.ഇ.ബിയുമായി ധാരണ ഉണ്ടാക്കിക്കഴിഞ്ഞു. എയർഫോഴ്സ്, നേവി എന്നിവയ്ക്ക് 10 ഏക്കർ വീതവും രാജീവ്ഗാന്ധി ഫ്ളയിങ് അക്കാദമിക്ക് അഞ്ച് ഏക്കർ സ്ഥലവും പ്രദേശത്ത് നൽകുന്നുണ്ട്.

> ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളാണ് കണ്ണൂർ വിമാനത്താവളത്തിനായി നടപ്പാക്കുന്നത്. പദ്ധതി യാഥാർത്ഥ്യമായാൽ സംസ്ഥാനത്ത് ഏറ്റവും വിസ്തൃതിയുള്ളതും അത്യാധുനികസജ്ജീകരണങ്ങളുള്ളതുമായ വിമാനത്താവളമായി കണ്ണൂർ വിമാനത്താവളം മാറും

## സമഗ്രവികസനത്തിന് നാഴികക്കല്ല്

കണ്ണൂർ വിമാനത്താവളം യാഥാർഥ്യമാകുന്നതോടെ വിദ്യാഭ്യാസം, ടൂറിസം, ആരോഗ്യം, വാണിജ്യം തുടങ്ങി ഉത്തരമലബാറിന്റെ സമഗ്രവികസനത്തിനും ഇതോടെ തുടക്കമാവും. സംസ്ഥാനത്ത് തെക്കൻ ജില്ലകളെ അപേക്ഷിച്ച് വടക്കൻ ജില്ലകൾ ടൂറിസംരംഗത്ത് ഇതുവരെ വേണ്ടത്ര വികാസം പ്രാപിച്ചിട്ടില്ല. കോഴിക്കോടോ മംഗലാപുരത്തോ വിമാനം ഇറങ്ങി റോഡ്മാർഗം സഞ്ചാരികൾ എത്താൻ മടിക്കുന്നതാണ് വടക്കൻ ജില്ലകളിലെ ടൂറിസം വളർച്ച മുരടിക്കാൻ കാരണം. കാസർകോട്ടെ ബേക്കൽ മാത്രമാണ് താരതമ്യേന സഞ്ചാരികൾ ഏറെ എത്തുന്ന ഇടം. യാത്ര സുഗമമാകുന്നതോടെ കാഞ്ഞിരക്കൊല്ലി വെള്ളച്ചാട്ടം, പൈതൽമല, മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ച്, ചരിത്ര സ്മാരകങ്ങളായ കോട്ടകൾ തുടങ്ങി മലബാറിന്റെ വശ്യതയിലേക്ക് ആഭ്യന്തര-വിദേശ സഞ്ചാരികളെ ആകർഷിച്ച് മലബാറിന് ടൂറിസം മാപ്പിൽ വ്യക്തമായ ഇടം നേടാനാവുമെന്നാണ് പ്രതീക്ഷ. വിദ്യാഭ്യാസ-ആരോഗ്യ- വാണിജ്യ രംഗത്ത് നിക്ഷേപകരെ ആകർഷിക്കാനും പ്രാദേശികമായി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും. മലയോരമേഖലയിൽ നിന്ന് സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള കാർഷിക ഉത്പന്നങ്ങൾ ചെലവ്കുറഞ്ഞ രീതിയിൽ വിദേശങ്ങളിലേക്ക് കയറ്റി അയക്കാനും വിമാനത്താവളം യാഥാർഥ്യമാവുന്നതോടെ എളുപ്പമാവും.

## പ്രശ്നങ്ങൾ, പ്രതീക്ഷകൾ

പൊതു സ്വകാര്യ പങ്കാളിത്തതോടെയാണ് കണ്ണൂർ വിമാനത്താവള നിർമാണം വിഭാവനം ചെയ്യുന്നത്. 26 % ഓഹരി സർക്കാർ ഉറപ്പു വരുത്തുമ്പോൾ 23 % പൊതുമേഖലയിൽ നിന്നും 49% സ്വകാര്യമേഖലയിൽ നിന്നുമാണ് പ്രതീക്ഷിക്കുന്നത്. വ്യക്തികളിൽ നിന്നും രണ്ടു ലക്ഷത്തിൽ കുറയാത്ത ഓഹരി സ്വീകരിക്കും. സമയബന്ധിതമായി നിർമാണം പൂർത്തിയാക്കുന്നതിന് ധനസമാഹരണമാണ് ആദ്യ കടമ്പ. കണ്ണൂർ-മട്ടന്നൂർ ഗ്രീൻഫീൽഡ് റോഡ് സർവെ പൂർത്തിയാക്കിയെങ്കിലും പ്രദേശവാസികളുടെ ചെറിയ എതിർപ്പിനെ തുടർന്ന് തുടർനടപടികൾ മുടങ്ങിക്കിടക്കുകയാണ്. കണ്ണൂരിൽ നിന്ന് മട്ടന്നൂരിലേക്ക് റെയിൽവെ ട്രാക്ക് പണിയുന്നതിനുള്ള അപേക്ഷ റെയിൽവെ മന്ത്രാലയത്തിന്റെ പരിഗണനയിലുമാണ്. ഈ കാര്യങ്ങളിൽ കൂടി തീരുമാനമുണ്ടായാൽ ഉത്തരമലബാറിന്റെ ആകാശസ്വപ്നങ്ങൾ യാഥാർഥ്യമാവുന്നതിന് കാലതാമസം ഉണ്ടാകാനിടയില്ല. ■

*(പാനൂർ ബ്ലോക്ക് ഇൻഫർമേഷൻ അസിസ്റ്റന്റാണ് ലേഖിക)*

■ ടി.എസ്. ചന്ദ്രൻ

# ചെറുകിട വ്യവസായരംഗത്തെ പുതിയ പ്രവണതകൾ

എന്തിനുവേണ്ടി തൊഴിൽ സംരംഭങ്ങൾ എന്ന് ആരെങ്കിലും ചോദിച്ചാൽ തൊഴിലില്ലായ്മ പരിഹരിക്കുവാൻ എന്നായിരുന്നു ഉത്തരം. ഏകദേശം പത്ത് വർഷങ്ങൾക്ക് മുൻപുവരെ. എന്നാൽ ഇന്ന് അങ്ങനെ ഒരു ഉത്തരം ലഭിക്കില്ല. ഈ രംഗത്ത് വാനോളം ഉയരുവാനുള്ള അവസരങ്ങൾ കരിയറിന്റെ നേട്ടത്തിന് ഉപയോഗിക്കുകയാണ് 'ന്യൂജനറേഷൻ'. റിസ്ക് ലഘൂകരിക്കാനുള്ള മാർഗങ്ങളും അവർ കണ്ടെത്തുന്നു. മാന്യമായ ബിസിനസ്സിലൂടെ ലാഭമുണ്ടാക്കി സ്ഥാപനത്തിൽ വൈവിധ്യവത്കരണം നടപ്പാക്കുവാനാണ് പുതിയ സംരംഭകർ ശ്രമിക്കുന്നത്. എക്കാലത്തും നാടിന്റെ നട്ടെല്ലാണ് സൂക്ഷ്മ-ചെറുകിട വ്യവസായമേഖല. ഇവിടെ വരുന്ന മാറ്റങ്ങൾ തൊഴിൽ രംഗത്തും അടിസ്ഥാന സൗകര്യവികസന രംഗത്തും കാർഷിക രംഗത്തും വലിയ സ്വാധീനമുണ്ടാക്കും. രാജ്യത്തെ ആഭ്യന്തര ഉത്പാദനത്തെ വലിയ അളവിൽ നിയന്ത്രിക്കുന്നതും ഈ മേഖലയാണ്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഈ മേഖലയ്ക്ക് നിർണായക സ്വാധീനമുണ്ട്. ഈ രംഗത്തെ പുതിയ പ്രവണതകൾ എന്തെല്ലാമാണ്?

## ഭക്ഷ്യസംസ്കരണ രംഗത്തേക്ക് ഏറെപ്പേർ

സൂക്ഷ്മ-ചെറുകിട വ്യവസായ രംഗത്തെ ഏറ്റവും സാധ്യതയേറിയ മേഖലയാണ് ഭക്ഷ്യസംസ്കരണമേഖല. എളുപ്പത്തിൽ വിറ്റഴിക്കാൻ കഴിയുന്നതും വളരെ കുറഞ്ഞ മുതൽമുടക്കിൽ ആരംഭിക്കാവുന്നതും കൂടുതൽ ലാഭവിഹിതം ലഭിക്കുന്നതും ക്രെഡിറ്റ് വില്പന വരാത്തതും



വലിയ പരിസ്ഥിതിപ്രശ്നങ്ങൾ ഇല്ലാത്തതും ഭക്ഷ്യസംസ്കരണമേഖലയുടെ പ്രത്യേകതകളാണ്. 2011-12 വർഷത്തിൽ വ്യവസായ-വാണിജ്യ വകുപ്പുവഴി തുടങ്ങാൻ ഉദ്ദേശിച്ചുകൊണ്ട് രജിസ്റ്റർ ചെയ്ത സൂക്ഷ്മ-ചെറുകിട സംരംഭങ്ങളിൽ ഒന്നാം സ്ഥാനത്ത് ഈ മേഖലയാണ്. ബേക്കറി ഉത്പന്നങ്ങൾ, ചപ്പാത്തി, പത്തിരി, അപ്പം, ഇടിയപ്പം, ഇഡ്ഡലി, ഉണ്ണിയപ്പം, നെയ്യപ്പം കട്‌ലെറ്റ് തുടങ്ങിയ വിഭവങ്ങളിലേക്ക് ഏറെ സംരംഭകരാണ് കടന്നുവരുന്നത്. കേവലമായ കുടിൽ വ്യവസായങ്ങൾക്കുമപ്പുറം മെച്ചപ്പെട്ട മെഷിനറി സംവിധാനങ്ങളുപയോഗിച്ചുകൊണ്ടാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത്. സോഡ, സോഫ്റ്റ് ഡ്രിങ്ക്സ്, കുപ്പിയിലാക്കിയ വെള്ളം, ജാം, സ്ക്വാഷ്, സുഗന്ധവ്യഞ്ജനങ്ങളുടെ സംസ്കരണം എന്നീ ഉത്പാദനമേഖലകളും വളരുകയാണ്. 10208 പുത്തൻ സംരംഭങ്ങളെ മേഖല തിരിച്ച് പരിശോധിച്ചപ്പോൾ ഒന്നാം സ്ഥാനത്ത് ഭക്ഷ്യസംസ്കരണ സംരംഭങ്ങളാണ്. 3196 എണ്ണം. എൻജിനീയറിങ്ങാണ് രണ്ടാം സ്ഥാനത്ത്.

2011-12 ൽ കേരളത്തിലെ വ്യവസായവകുപ്പിൽ രജിസ്റ്റർ ചെയ്ത 10208 സ്ഥാപനങ്ങളുടെ മേഖല തിരിച്ചുള്ള കണക്ക്

| മേഖലകൾ | രജിസ്റ്റർ ചെയ്ത സംരംഭങ്ങളുടെ എണ്ണം |
|---|---|
| ഭക്ഷ്യസംസ്കരണം | 3196 |
| ലൈറ്റ് എൻജിനീയറിങ് | 3181 |
| ഗാർമെന്റ്സ് | 1267 |
| പ്ലാസ്റ്റിക് അധിഷ്ഠിതം | 693 |
| പേപ്പർ അധിഷ്ഠിതം | 982 |
| റബർ അധിഷ്ഠിതം | 693 |
| ഓട്ടോമൊബൈൽ | 181 |
| മത്സ്യസംസ്കരണം | 15 |
| ആകെ | 10208 |

## അതിസൂക്ഷ്മമാകുന്ന സംരംഭങ്ങൾ

25 ലക്ഷം രൂപവരെ മെഷിനറി നിക്ഷേപം വരുന്ന ഉത്പാദനയൂണിറ്റുകളെയാണ് സൂക്ഷ്മസംരംഭങ്ങളെന്ന് പറയുന്നത്. എന്നാൽ ഏറെ സംരംഭകർ തിരഞ്ഞെടുക്കുന്നത് അഞ്ചു ലക്ഷം രൂപയിൽ താഴെ മുടക്കുമുതൽ വരുന്ന അതിസൂക്ഷ്മ സംരംഭങ്ങളാണ്. സ്വന്തം ഭവനങ്ങളിലെ അടുക്കളയും സൗകര്യങ്ങളും ഉപയോഗിക്കുന്ന റിസ്ക് ലഘൂകരിക്കുക, ഏതെങ്കിലും സാഹചര്യത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കേണ്ടതായി വന്നാൽ പോലും വലിയ സാമ്പത്തിക ബാധ്യതകളുണ്ടാകരുത്. ഇവയാണ് അതിസൂക്ഷ്മ സംരംഭങ്ങളിലേക്ക് തിരിയാൻ കാരണം. ഇങ്ങനെയുള്ള സംരംഭങ്ങൾ വിജയം കണ്ടാൽ വലിയ തോതിലുള്ള നിക്ഷേപങ്ങൾ നടത്തിക്കൊണ്ട് സ്ഥാപനത്തെ വികസിപ്പിക്കുവാനും എളുപ്പമാണ്. ഭക്ഷ്യം, പേപ്പർ, എൻജിനീയറിങ്, വസ്ത്രനിർമാണം, സോഡ, സോഫ്റ്റ് ഡ്രിങ്കുകൾ, സിമന്റ് ഉത്പന്നങ്ങൾ, മത്സ്യ-മാംസ ഉത്പന്നങ്ങൾ, ഫർണീച്ചറുകൾ തുടങ്ങിയവ ഇതേരീതിയിലാണ് ആരംഭിക്കുന്നത്. കുടുംബാംഗങ്ങൾ ജോലി ചെയ്യുകയും വില്പന നടത്തുകയും ചെയ്യുന്നു. കേരളത്തിന്റെ ഭൂപ്രകൃതിക്കും ഏറെ അനുയോജ്യം അതിസൂക്ഷ്മ സംരംഭങ്ങളാണ്. പുതുതായി വരുന്ന 60 മുതൽ 70 ശതമാനം വരെയുള്ള സംരംഭങ്ങൾ അതിസൂക്ഷ്മസംരംഭങ്ങളാണ്.



## വായ്പകൾ വേണ്ട

വായ്പകളോടുള്ള സംരംഭകരുടെ മനോഭാവത്തിൽ വലിയ മാറ്റങ്ങൾ പ്രത്യക്ഷമാണ്. സംരംഭങ്ങൾ ആരംഭിക്കുവാനും നടത്തിക്കൊണ്ടുപോകുവാനും വായ്പകൾ വേണ്ട എന്ന ചിന്താഗതിയാണ് പൊതുവെ. വായ്പ എടുക്കുന്നതിലെ നൂലാമാലകൾ, ബാങ്കുകളുടെ നിഷേധാത്മകസമീപനം, ഉയർന്ന പലിശ എന്നിവയെല്ലാം ഇതിന് പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്. നിക്ഷേപം കോടികൾ കടക്കുമ്പോൾ പോലും വായ്പയെടുക്കാതിരിക്കാൻ ശ്രദ്ധിക്കുന്നവരെയും



കാണാം. എറണാകുളത്തെ അറക്കപ്പടി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന ഒരു ചെറുകിട സ്ഥാപനം 50 എൻ.ആർ.ഐക്കാരെ ചേർത്താണ് മൂന്നു കോടി രൂപ സമാഹരിച്ചിരിക്കുന്നത്. സൂക്ഷ്മ സംരംഭങ്ങളുടെ 10 ലക്ഷം രൂപവരെയുള്ള വായ്പയ്ക്കുള്ള അപേക്ഷകൾ, തുടങ്ങുന്ന സ്ഥാപനമല്ലാതെ മറ്റ് ജാമ്യങ്ങൾ ആവശ്യപ്പെടാതെ അനുവദിച്ചു നൽകണമെന്നാണ് ആർ.ബി.ഐ. നിർദേശം. ഒരു കോടി രൂപ വരെയുള്ള വായ്പകൾ ഇതുപോലെ തന്നെ ക്രഡിറ്റ് ഗ്യാരണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കാനും വ്യവസ്ഥയുണ്ട്. പല ബാങ്ക് മാനേജർമാർക്കും ഇത് അറിയുകപോലുമില്ലെന്നതാണ് ദൗർഭാഗ്യകരം. കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ പി.എം.ഇ.ജി.പിയിലെ അപേക്ഷകൾ പോലും പല ബാങ്ക് മാനേജർമാരും നിസ്സാരകാര്യങ്ങൾ പറഞ്ഞ് തിരിച്ചയക്കുന്ന നടപടി ഏറെ ഗൗരവത്തോടെ കാണേണ്ടതാണ്. കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തനമാരംഭിച്ച 274 സ്ഥാപനങ്ങളെ പരിശോധിച്ചാൽ 78 പേർ മാത്രമാണ് വായ്പയ്ക്കായി ധനകാര്യസ്ഥാപനങ്ങളെ ആശ്രയിച്ചിരിക്കുന്നതായി കണ്ടത്. അതായത് 16 ശതമാനത്തിൽ താഴെ മാത്രം സ്ഥാപനങ്ങൾ.

### കുറഞ്ഞ ലാഭവും കൂടുതൽ വ്യാപാരവും

സൂക്ഷ്മ-ചെറുകിട വ്യവസായമേഖല കൂടുതൽ മത്സരാധിഷ്ഠിതമായിരിക്കുന്നു. ഇവിടെ പിടിച്ചുനിൽക്കണമെങ്കിൽ മെച്ചപ്പെട്ട ഉത്പന്നങ്ങൾ കുറഞ്ഞവിലയ്ക്ക് നൽകി വ്യാപാരം വർധിപ്പിക്കണം. മാത്രമല്ല ഉപഭോക്താവിന്റെ സൂക്ഷ്മതലങ്ങളിലുള്ള ആവശ്യങ്ങൾ നിറവേറ്റത്തക്കരീതിയിലുള്ള ഉത്പന്ന ഘടനയും കൊണ്ടുവന്നിരിക്കുന്നു. ഫർണീച്ചറുകൾ, ഇന്റീരിയറുകൾ മാത്രമല്ല മറ്റ് ഹൗസ് ഹോൾഡ് ഉത്പന്നങ്ങളും, പ്ലാസ്റ്റിക് പേപ്പർ, രാസാധിഷ്ഠിത ഉത്പന്നങ്ങൾ പോലും പ്രസ്തുത സ്ഥലത്തിന് സൗകര്യപ്പെടുന്ന രീതിയിലും ഉപയോഗിക്കുന്നയാളുടെ താത്പര്യങ്ങൾ കണക്കിലെടുത്തും പ്രത്യേകം തയാറാക്കുന്നു. വ്യാപാരം കൂട്ടിയും വിലകൾ മത്സരാധിഷ്ഠിതമാക്കിയും ഗുണമേന്മ ഉറപ്പാക്കിയും പ്രവർത്തിപ്പിക്കാൻ ശ്രമിക്കുന്നു.

### ബന്ധങ്ങളിലൂടെയുള്ള വില്പനകൾ

പലതരങ്ങളിലുള്ള ബന്ധങ്ങളെ ഉപയോഗപ്പെടുത്തി വില്പനകൾ നടത്തുന്നത് പുതിയ കാഴ്ചയാണ്. ക്രഡിറ്റ് വില്പനകൾക്ക് അല്പം പോലും അവസരം നൽകാതെയാണ് ഇവ പ്ലാൻ ചെയ്യുന്നത്. പൊതുസ്ഥാപനങ്ങൾ, സ്വയംസഹായ സംഘങ്ങൾ, ഫ്ളാറ്റ് സമുച്ചയങ്ങൾ, വിവിധ കരാറുകാർ, വിവിധ ഉത്പന്നങ്ങളുടെ ഉപഭോക്താക്കൾ എന്നിവ മുഖാന്തിരം വില്പനകൾ നടത്തുന്നു. ഉണ്ടാക്കിയ ഉത്പന്നങ്ങൾ ദിവസങ്ങളോളം 'ഡമ്പ്' ചെയ്യാൻ ഇന്നത്തെ സംരംഭകർ തയാറല്ല. അത്തരം വ്യാപാരങ്ങൾ വേണ്ടെന്നുവെയ്ക്കുന്നു. അതുപോലെ വാറ്റ് വന്നതോടെ കള്ളക്കച്ചവടക്കാരും ഏറെ കുറഞ്ഞുവരുന്നതായി കാണാം. ചെറിയ കച്ചവടക്കാരാണെങ്കിൽക്കൂടി ടി.ഐ.എൻ. എടുത്ത് ബിൽ എഴുതി കച്ചവടം നടത്താനാണ് ശ്രമിക്കുന്നത്. ഏറെ താമസിയാതെ മുഴുവൻ ബിസിനസുകളും വില്പന നികുതിയിലൂടെ നടക്കുമെന്നുള്ള സൂചനകളാണ് ഇവിടെ കാണുന്നത്. അസംസ്കൃത വസ്തുക്കൾ വാങ്ങുമ്പോൾ നൽകുന്ന നികുതി തുക ഉത്പന്നങ്ങൾ വിൽക്കുമ്പോൾ കിഴിവ് ചെയ്യാനാകും എന്ന വാറ്റ് തത്വം പുതിയ സംരംഭകർക്ക് ഏറെ സ്വീകാര്യമായിരുന്നു.

**സൂക്ഷ്മ-ചെറുകിട വ്യവസായമേഖല കൂടുതൽ മത്സരാധിഷ്ഠിതമായിരിക്കുന്നു. ഇവിടെ പിടിച്ചുനിൽക്കണമെങ്കിൽ മെച്ചപ്പെട്ട ഉത്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകി വ്യാപാരം വർധിപ്പിക്കണം. മാത്രമല്ല ഉപഭോക്താവിന്റെ സൂക്ഷ്മ തലങ്ങളിലുള്ള ആവശ്യങ്ങൾ നിറവേറ്റത്തക്കരീതിയിലുള്ള ഉത്പന്ന ഘടനയും കൊണ്ടുവന്നിരിക്കുന്നു**

### കൂടുതൽ വനിതകൾ സംരംഭത്തിലേക്ക്

ഏറെ വനിതാസംരംഭകരും ഈ രംഗത്ത് മത്സരിക്കാൻ എത്തുന്നത് ശുഭകരമായ കാഴ്ചയാണ്. സൂക്ഷ്മ-ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ സ്ത്രീകളുടെ ഉടമസ്തത 20 ശതമാനത്തിൽ താഴെയായിരുന്നു 2010 വരെയെങ്കിൽ ഇന്ന് അത് 40 ശതമാനം വരെ എത്തിനിൽക്കുന്നു. വനിതാ സംരംഭകർക്ക് പ്രത്യേക സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വ്യവസായ പ്രോത്സാഹന പദ്ധതികൾ ഇതിന് ഒരു പരിധിവരെ കാരണമായിട്ടുണ്ട്. വരുമാനമുണ്ടാക്കാവുന്ന ഒരു സംരംഭം വേണമെന്ന ആവശ്യവുമായി സ്വയം തീരുമാനിച്ചുറച്ച് വരുന്ന സ്ത്രീകളെയും കാണാൻ കഴിയും.

വേറെയുമുണ്ട് പുതുസംരംഭകരുടെ പ്രത്യേകതകൾ. പാരമ്പര്യത്തനിമയിലേക്ക് മാറിക്കൊണ്ടിരിക്കുന്ന ഉത്പന്നങ്ങൾ, കപ്പപുട്ട് പൊടിയും, റാഗി/കണ്ണൻകായ പൊടിയും മറ്റും ഭക്ഷ്യമേഖലയിലേക്ക് തിരികെയെത്തുമ്പോൾ ഫർണീച്ചർ, എൻജി



നീയറിങ് ഉത്പന്നങ്ങൾ, വീട്ട് സാമഗ്രികൾ, എല്ലാം തന്നെ പാരമ്പര്യത്തനിമയോടെ നിർമിച്ച് നൽകാൻ ശ്രമിക്കുന്നു കാണാം. കയറ്റുമതി സാധ്യതകൾ ഉപയോഗപ്പെടുത്താൻ ഏറെ ശ്രമിക്കുന്നു പുതുസംരംഭകർ. നേരിട്ടും ഏജന്റുമാർ വഴിയും സൂക്ഷ്മ സംരംഭകരുടെ ഉത്പന്നങ്ങൾ കടൽകടക്കുന്നു.

ചുരുക്കത്തിൽ കുറഞ്ഞ മുതൽ മുടക്കിൽ വ്യവസായരംഗത്തേക്ക് കടന്നു വരുന്നത്, ബാങ്ക് വായ്പകൾ വേണ്ടെന്ന് പറയുന്നത്, വനിതകൾ ഏറെപ്പേർ ഈ രംഗത്ത് ഉടമസ്ഥരായി എത്തുന്നത്, കുറഞ്ഞ ലാഭമെടുത്ത് കൂടുതൽ വ്യാപാരം നടത്താൻ ശ്രദ്ധിക്കുന്നത്, തൊഴിലാളികളെ പരമാവധി കുറയ്ക്കുന്നതും ഭക്ഷ്യസംസ്കരണമേഖലയിൽ ആശ്വാസം കണ്ടെത്തുന്നതും പാരമ്പര്യത്തനിമയും സംരംഭകരുടെ ബന്ധങ്ങളും കയറ്റുമതിയും വിപണിയെ ഭരിക്കുന്നതും ഇവയൊക്കെ 'ന്യൂജനറേഷൻ' തൊഴിൽ സംരംഭമേഖലയുടെ സവിശേഷതകളായി മാറുന്നു. ■





# ആഘോഷക്കാഴ്ചകൾ



സമൃദ്ധിയുടെ പൂവിളികളുയരുന്ന പൊന്നോണനാളുകൾ ആഘോഷി ക്കുവാൻ തലസ്ഥാന നഗരിയുടെ വീഥിയിലെത്തിയ ജനാവലി ചെറുമഴച്ചാറ്റലിനേയും കൂസിയില്ല. സെൻട്രൽ സ്റ്റേഡിയത്തിലെ ഉദ്ഘാടനദിനവും കനകക്കുന്നിലെ കലാപരിപാടികളും ത്രസിപ്പിക്കുന്ന സമാപനഘോഷ യാത്രയും അവർ ഉത്സവമാക്കിമാറ്റി. ഓണംവാരാഘോഷത്തിലെ ദൃശ്യങ്ങൾ















ചിത്രങ്ങൾ : പ്രശാന്ത് ആർ., ശങ്കരനാരായണൻ (ഐ. & പി.ആർ.ഡി.)

ദീപ ആർ.വി.എം.

# അമാനുഷികതയുടെ രാവണാവതാരങ്ങൾ

## സി.വി. രാമൻപിള്ളയുടെ ചരിത്രേതിഹാസം 'ധർമരാജ' നൂറിന്റെ പ്രൗഢിയിൽ

വീരാരാധനയും നഷ്ടസ്മൃതികളും ചരിത്രസത്യങ്ങളും കാല്പനികതയും ഒത്തുചേരുന്നവയാണ് സി.വി. രാമൻപിള്ളയുടെ ചരിത്രാഖ്യായികകൾ. മലയാള നോവൽ ചരിത്രത്തിൽ വ്യത്യസ്തവും ഗംഭീരവുമായ ഏടുകൾ തുന്നിച്ചേർക്കാൻ സി.വിയുടെ കൃതികൾക്കു കഴിഞ്ഞു. അദ്ദേഹത്തിന്റെ സാഹിത്യയശസ്സും അന്തർവീര്യവും പൗരുഷവും സ്നേഹസമ്പത്തും ത്യാഗമനോഭാവവും ഏറെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്. ഇന്നും അദ്ദേഹത്തിന്റെ അസാമാന്യമായ വ്യക്തിത്വം രാജകീയ പ്രൗഢിയോടെ മലയാളികളുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. സി.വിയുടെ 'ധർമരാജ' എന്ന ചരിത്രനോവൽ നൂറുവർഷങ്ങൾക്കുശേഷവും വായനക്കാരനുമുന്നിൽ വിസ്മയമാകുകയാണ്.

ശ്രീപത്മനാഭസ്വാമിക്ഷേത്രവും പരിസരങ്ങളും ചരിത്രപുരുഷന്മാരുടെ വസതികളും ചരിത്രസ്മരണകളും ബാലനായിരുന്ന സി.വിയെ വളരെയധികം ആകർഷിച്ചിരുന്നു. ചരിത്രബോധവും സർഗശക്തിയും ഉണർത്താൻ പാകത്തിലുള്ള ഒരന്തരീക്ഷത്തിലായിരുന്നു സി.വി. കുട്ടിക്കാലം ചെലവഴിച്ചത്. പഠനകാലത്ത് സി.വി. ധാരാളം നോവലുകൾ വായിച്ചുതീർത്തു. സ്കോട്ടിന്റെ നോവലുകളും ഷേക്സ്പിയറിന്റെ നാടകങ്ങളും അദ്ദേഹത്തിന്റെ എഴുത്തിനെ സ്വാധീനിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യസകാലത്തുതന്നെ സമുദായപരിഷ്കരണ പ്രവർത്തനങ്ങളിൽ സജീവമായി. പൊതുപ്രവർത്തനങ്ങളിൽ മുഴുകിയപ്പോഴും സി.വിയുടെ മനസ്സിൽ കഥാതന്തുക്കൾ രൂപപ്പെട്ടിരുന്നു. സി.വി. സാമുദായിക പ്രവർത്തനങ്ങളുപേക്ഷിച്ച് ഭാവനയുടെ ലോകത്തേക്ക് തിരിച്ചെത്തി. അപ്പോഴും സാമൂഹിക പ്രതിബദ്ധത അദ്ദേഹം ഉപേക്ഷിച്ചിരുന്നില്ല എന്നതിന്റെ തെളിവുകളാണ് അദ്ദേഹം രചിച്ച പ്രഹസനങ്ങൾ. സമകാലിക പ്രശ്നങ്ങളെയും രാഷ്ട്രീയാവസ്ഥകളെയും വിമർശനവിധേയമാക്കുന്നവയായിരുന്നു പ്രഹസനങ്ങൾ. സംസ്കൃതനാടകരീതിയും ഇംഗ്ലീഷ് പ്രഹസനങ്ങളുടെ അവതരണരീതിയും ഉൾക്കൊണ്ടുകൊണ്ടാണ് അദ്ദേഹം രചന നിർവഹിച്ചത്. ചന്ദ്രമുഖീവിലാസം പ്രഹസനത്തിൽ സി.വിയും നടനായി രംഗത്തെത്തിയിരുന്നുവത്രേ. സമുദായപരിഷ്കരണ പ്രവർത്തനങ്ങൾക്ക് ശക്തിപകരാൻ പ്രഹസനങ്ങൾക്കു കഴിഞ്ഞുവെന്നതിൽ സംശയമില്ല. 1909 ൽ പ്രസിദ്ധീകരിച്ച 'കുറുപ്പില്ലാക്കളരി' പരിഷ്കാരത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന പ്രവൃത്തികളെ ആക്ഷേപിച്ചുകൊണ്ടുള്ളതായിരുന്നു. സി.വിയുടെ പരിഹാസശരങ്ങൾ അന്നത്തെ പരിഷ്കാരികളെ കുപിതരാക്കുകയും ചെയ്തു.

ചരിത്രവും കാല്പനികതയും ഇഴുകിച്ചേരുന്ന നോവലാണ് 'മാർത്താണ്ഡവർമ'. 1883 ൽ ഈ നോവലിന്റെ രചന ആരംഭിച്ചുവെന്നും 1885 ൽ ഗ്രന്ഥം പൂർത്തിയാക്കിയെങ്കിലും സി.വി അത് പ്രസിദ്ധീകരിക്കാൻ തയാറായില്ലെന്നും അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ പി.കെ. പരമേശ്വരൻ നായർ രേഖപ്പെടുത്തിയിട്ടുണ്ട്. മാർത്താണ്ഡവർമ സംഭവപ്രധാനമായ കൃതിയാണ്. തിരുവിതാംകൂറിൽ രാജാധികാരം ശക്തമാകുന്നതിനുമുൻപ് നാട്ടുകാര്യങ്ങൾ നടത്തിവന്ന പ്രമാണിമാരാണ് എട്ടുവീട്ടിൽ പിള്ളമാർ. രാജാധികാരത്തിനെതിരെ തന്ത്രങ്ങൾ മെനഞ്ഞ ദുഷ്ടശക്തികളെ മാർത്താണ്ഡവർമ അടിച്ചമർത്തി. ചരിത്രത്തെ പശ്ചാത്തലമാക്കിക്കൊണ്ട് കഥ പറയുമ്പോൾ ലളിതവും ഹൃദയാവർജകവുമായ ആഖ്യാനശൈലിയാണ് സി.വി സ്വീകരിച്ചത്. ഈ ചരിത്രനോവലിന് വാൾട്ടർ സ്കോട്ടിന്റെ 'ഐവാൻഹോ' എന്ന നോവലിനോടുള്ള സാദൃശ്യവും ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.



സി.വി. രാമൻപിള്ള

സി.വി.യുടെ ആരാധ്യപുരുഷനായിരുന്നു രാജാ കേശവദാസൻ. അദ്ദേഹത്തെക്കുറിച്ച് ഒരു ആഖ്യായിക എഴുതണമെന്ന ആഗ്രഹത്തോടെ സി.വി. ആ വീരപുരുഷന്റെ ജീവിതത്തെക്കുറിച്ച് സൂക്ഷ്മമായി പഠിക്കാൻ തയാറായി. അദ്ദേഹത്തിന്റെ മനസ്സിൽ രൂപമെടുത്ത ഉജ്ജ്വലമായ ജീവിതസ്മരണ മൂന്നു ഭാഗങ്ങളായാണ് സി.വി. അവതരിപ്പിച്ചത്. കഥാഘടനയിലും പാത്രസൃഷ്ടിയിലും 'ധർമരാജ' ആദ്യനോവലിനെക്കാൾ മികച്ചുനിൽക്കുന്നു. 'മാർത്താണ്ഡവർമ' പ്രസിദ്ധീകരിച്ചിട്ട് ഇരുപതിലധികം വർഷങ്ങൾ കഴിഞ്ഞാണ് 'ധർമരാജ' പുറത്തിറങ്ങിയത്. സി.വി. എന്ന നോവലിസ്റ്റിന്റെ യഥാർഥ പ്രതിഭ വ്യക്തമായത് ഈ നോവലിലൂടെയാണ്.

'ധർമരാജ'യ്ക്കുശേഷം എഴുതിയ 'പ്രേമാമൃതം' ഏറെ വിമർശനങ്ങൾക്കു പാത്രമായി. 'ധർമരാജ'യുടെ രണ്ടാം ഭാഗമായ 'രാമരാജബഹദൂർ' ലോകസാഹിത്യത്തിൽ തന്നെ ഇടംനേടുമെന്ന് വിമർശകർ വിലയിരുത്തി. 'ധർമരാജ'യുടെ അവസാന ഭാഗത്ത് ഇരുളിൽ മറഞ്ഞ ചന്ത്രക്കാറൻ മാണിക്യഗൗണ്ഡനായി രംഗപ്രവേശം ചെയ്യുന്നു. ടിപ്പുവിന്റെ ചാരസംഘത്തിലൊരാളായി തിരുവിതാംകൂറിലെത്തുന്ന ചന്ത്രക്കാറൻ തന്റെ കുടുംബാംഗങ്ങളെ കണ്ടുമുട്ടുന്നു. ആലുവാപ്പുഴയിലുണ്ടായ ഭീകരമായ വെള്ളപ്പൊക്കത്തിൽ സാവിത്രിയെ രക്ഷിക്കാൻ ഗൗണ്ഡൻ പാടുപെടുന്ന രംഗം സി.വി. വളരെ നാടകീയമായി അവതരിപ്പിച്ചിട്ടുണ്ട്. ഒടുവിൽ അയാൾ നദീപ്രവാഹത്തിൽ അലിഞ്ഞുചേരുന്നു.

കഴക്കൂട്ടത്തു കുടുംബത്തിന്റെ അഞ്ചു തലമുറകളുടെ ചരിത്രമാണ് സി.വിയുടെ ചരിത്രാഖ്യായികകളിലൂടെ ആവിഷ്കരിക്കപ്പെട്ടത്. രാജ്യത്തെ സംരക്ഷിക്കാനായി മഹാരാജാവ് ചെയ്ത ഒരുക്കങ്ങളെപ്പറ്റി വിവരിച്ചുകൊണ്ടാണ് 'ധർമരാജ' ആരംഭിക്കുന്നത്. കഴക്കൂട്ടത്തു പിള്ളമാരുടെ വംശത്തിൽ അവശേഷിച്ച ഉഗ്രൻപിള്ളയുടെ അനന്തരവളായ ത്രിപുരസുന്ദരിക്കുഞ്ഞമ്മയെ അവതരിപ്പിച്ചുകൊണ്ടാണ് കഥ തുടരുന്നത്. ത്രിപുരസുന്ദരിക്കുഞ്ഞമ്മയുടെ ഭർത്താവായ കുട്ടിക്കോന്തിശ്ശൻ മക്കളായ ത്രിവിക്രമനെയും ജനാർദനനെയും മഹാരാജാവ് തങ്ങളുടെ വംശത്തോടു ചെയ്ത കൊടുംക്രൂരതയ്ക്കെതിരെ പ്രതികാരം ചെയ്യാൻ പ്രേരിപ്പിച്ചു. അവരുടെ മനസ്സിൽ വളർന്ന പക ഒരിക്കലും അണയാത്തതായിരുന്നു. ഹരിപഞ്ചാനന്മാരായി രംഗത്തെത്തുന്ന അവരുടെ പദ്ധതികൾ വിജയിച്ചില്ല. കീഴടങ്ങേണ്ടിവരുമെന്നായപ്പോൾ ഉഗ്രഹരിപഞ്ചാനൻ സഹോദരനോടൊപ്പം ആത്മാഹൂതി ചെയ്തു. രാജാവിന്റെ വിശ്വസ്തനായ കേശവപിള്ളയാണ് ഹരിപഞ്ചാനന്മാരെ അടിയറവുപറയിച്ചത്. ത്രിപുരസുന്ദരിക്കുഞ്ഞമ്മ കേശവൻകുഞ്ഞിനു നൽകിയ അനന്തമുദ്രമോതിരം നോവലിനെ നാടകീയമായ വഴിത്തിരിവുകളിലേക്ക് നയിക്കുന്നു.

സവിശേഷമായ വ്യക്തിത്വം പുലർത്തുന്ന കഥാപാത്രങ്ങളാണ് 'ധർമരാജ'യെ അനശ്വരമാക്കിയത്. പേരിലും രൂപത്തിലും ഭാവത്തിലും വ്യത്യസ്തത പുലർത്തുന്ന കഥാപാത്രങ്ങളാണവ. ചരിത്രം നോവലായി മാറിയപ്പോൾ ഭാഷ ദുർഗ്രഹമായി. തിരുവിതാംകൂറിലെ ദേശ്യഭേദങ്ങളാണ് ഓരോ കഥാപാത്രത്തിന്റെയും ഭാഷണത്തെ വ്യത്യസ്തമാക്കിയത്. (സി.വിയുടെ ചരിത്രാഖ്യായികകളിലെ ആഖ്യാനശൈലിയെക്കുറിച്ചുള്ള പഠനമാണ് എൻ. കൃഷ്ണപിള്ളയടെ 'പ്രതിപാത്രം ഭാഷണഭേദം' എന്ന കൃതി. സ്വന്തം ഭാഷണശൈലിയിലൂടെ വ്യക്തിത്വപ്രകാശനം നടത്തുന്ന ജീവസ്സുറ്റ കഥാപാത്രങ്ങളെക്കുറിച്ചുള്ള പഠനമാണത്.)

ചരിത്രാവബോധമുണർത്തി വീര്യം ജ്വലിപ്പിക്കുക, ദേശസ്നേഹം വളർത്തുക എന്നീ ലക്ഷ്യങ്ങളാണ് സി.വിയുടെ മുന്നിലുണ്ടായിരുന്നത്. ആ ലക്ഷ്യം നിറവേറ്റാൻ 'ധർമരാജ'യ്ക്കു കഴിഞ്ഞു. ചന്ത്രക്കാറനെന്ന നവലങ്കാനാഥനാണ് 'ധർമരാജ'യിലെ ഏറ്റവും ശ്രദ്ധേയമായ കഥാപാത്രം. ചന്ത്രക്കാറന്റെ രൂപവും സംസാരവും അമാനുഷമാണ്. കർണങ്ങളെ എച്ചിലാക്കുന്ന വായ, പാണ്ഡവപ്രതിമകളിൽ കാണപ്പെടുന്നതുപോലുള്ള ദന്തപ്പരലുകളുടെ വെണ്മ, ശബ്ദഘോരത എന്നിങ്ങനെ സി.വിയുടെ വർണന രസകരമാണ്. എട്ടുവീട്ടിൽ പിള്ളമാരുടെ കുലം മുടിച്ച് കുടുംബത്തിലെ സ്ത്രീകളെ ജാതിഭ്രഷ്ടരാക്കി സർവസ്വത്തുക്കളും രാജസ്ഥാനത്തിലേക്കു കണ്ടുകെട്ടിയ മഹാരാജാവിനോടുള്ള പകയാണ് ഈ കഥാപാത്രത്തെ കരുത്തനാക്കുന്നത്. അധികാരമോഹവും നിധിനേടാനുള്ള അത്യാഗ്രഹവും അയാളെ നാശത്തിലേക്കു നയിക്കുന്നു.

മനുഷ്യമനസ്സുകളുടെ ആഴങ്ങളിലേക്കിറങ്ങിച്ചെന്ന് വ്യത്യസ്തമായ സ്വാഭാവ വിശേഷങ്ങളുള്ള കഥാപാത്രങ്ങൾ സൃഷ്ടിക്കുന്നതിൽ സി.വി വിജയിച്ചു. നഷ്ടസ്മൃതികളിൽ നിന്ന് ഊർജം ഉൾക്കൊണ്ട് മാറുന്ന സാമൂഹിക വ്യവസ്ഥയെ വിമർശിക്കാനും സി.വി തയാറായി

"ചിലമ്പിനേത്ത് ചന്ത്രക്കാറൻ ഭരിച്ചാൽ ഭരുമോന്ന് നോക്കിക്കളയാം", "ഭരസ്വം വിഛ്വാസമില്ലേല് ഹൂലോഹം ഒരു ദെവസം ഹുദിച്ചണയുമോ?" തുടങ്ങി എത്രയോ സംഭാഷണങ്ങൾ സി.വിയുടെ ആഖ്യാനശൈലിക്ക് ഉദാഹരണമായി ചൂണ്ടിക്കാണിക്കാം. തമിഴിനെ ഗീർവാണീകരിച്ചും ഗീർവാണത്തെ പ്രാകൃതീകരിച്ചും നവപദസൃഷ്ടി നടത്തുന്ന ചന്ത്രക്കാറന്റെ ഭാഷണങ്ങൾ അയാളുടെ സ്വഭാവത്തിലെ ദുഷ്ടത വ്യക്തമാക്കാൻ പര്യാപ്തമാണ്. ഒടുവിൽ തന്റെ ലക്ഷ്യങ്ങൾ നിറവേറ്റാനാകാതെ "ഇരുളേ വിഴുങ്ങ് വാ തുറന്ന്, ഈ മൊണ്ണയനെ.... കരും കൂരിരുളേ നീയേ നെടുഘതി" എന്നു പറഞ്ഞുകൊണ്ട് ചന്ത്രക്കാറൻ ഇരുളിൽ മറയുന്നു.

കലികാല ധർമസംരക്ഷണത്തിനായി ജന്മമെടുത്ത അവതാരപുരുഷനാണെന്നു മറ്റുള്ളവരെ വിശ്വസിപ്പിക്കുന്നതിൽ വിജയിച്ച ഹരിപഞ്ചാനനാണ് മറ്റൊരു പ്രധാന കഥാപാത്രം. "സിംഹാസനങ്ങൾ, കിരീടങ്ങൾ, ഉടവാളുകൾ എന്നിവയൊന്നും ധർമശാലകളിൽ ദാനം ചെയ്യപ്പെടുന്നില്ല. കൊന്നും തീവെച്ചുമുടിച്ചും അവ നേടണമെന്നു"വാദിക്കുന്ന ഉഗ്രഹരിപഞ്ചാനൻ രാജഭരണത്തിന്റെ തായ്‌വേരറുക്കാനാണ് കൊതിച്ചത്. എട്ടുവീട്ടിൽ പിള്ളമാരുടെ കരുത്തും മനോബലവും ഈ വാക്കുകളിലുണ്ട്. ജയത്തിനായി ചന്ത്രക്കാറനെപ്പോലുള്ള ദുഷ്ടശക്തികളെ അയാൾ കൂട്ടുപിടിച്ചു. ശാന്തനും ഉഗ്രനും ധർമാധർമങ്ങളുടെ പ്രതീകങ്ങളാണ്. അച്ഛന്റെ ആജ്ഞപാലിക്കാനായി ദുഷ്ടകൃത്യങ്ങൾ ചെയ്യുന്ന ഉഗ്രനെ പിന്തിരിപ്പിക്കാനാവാതെ ശാന്തനും മരണത്തെ പുൽകി. അവർ തമ്മിലുള്ള സംഭാഷണം സ്വാമികളും മനസാക്ഷിയും തമ്മിലുള്ള സംഘട്ടനമെന്നപോലെയാണ് നോവലിസ്റ്റ് അവതരിപ്പിച്ചത്. സന്ദർഭത്തിനനുസരിച്ച് സ്വാമികൾ ഭാഷണശൈലി മാറ്റിക്കൊണ്ടിരിക്കും. സംസ്കൃതവും ഹിന്ദിയും കലർന്ന തമിഴും കലർപ്പില്ലാത്ത മലയാളവും സ്വാമികൾ ഉപയോഗിക്കുന്നുണ്ട്.




ഉമ്മിണിപ്പിള്ള, മീനാക്ഷി, കേശവൻകുഞ്ഞ്, കുപ്പൻ, അരത്തമ്മപ്പിള്ളതങ്കച്ചി, കളപ്രക്കോട്ടുതമ്പി, കേശവപിള്ള തുടങ്ങി ഒട്ടേറെ കഥാപാത്രങ്ങൾ നമുക്കു മുന്നിലെത്തുന്നുണ്ട്. കേശവപിള്ള 'അക്കൻ' എന്നു വിളിക്കുന്ന 'പവതിക്കൊച്ചി' തന്റേതായ ഭാഷണശൈലിയിലൂടെ ശ്രദ്ധിക്കപ്പെടുന്നു. ദേശ്യപദങ്ങൾ ഒരു പ്രത്യേകരീതിയിലാണ് അവർ പ്രയോഗിക്കുന്നത്. കേശവപിള്ളയോടുള്ള വാത്സല്യം അവരുടെ വാക്കുകളിൽ നിന്നും വായിച്ചെടുക്കാം. കഥകളി ഭാഗവതരെപ്പോലെ പ്രത്യക്ഷപ്പെടുന്ന മാമാവെങ്കിടനും പ്രധാന കഥാപാത്രം തന്നെ. സംഭാഷണങ്ങൾക്കിടയിൽ കയറിവരുന്ന കഥകളിപ്പദങ്ങൾ സി.വിയുടെ കഥകളി ഭ്രമത്തിന്റെ തെളിവുകളാണ്. പുരാണകഥകളും ആട്ടക്കഥകളും പഴഞ്ചൊല്ലുകളും കാവ്യബിംബങ്ങളും ഭാഷാഭേദങ്ങളും ചേരുമ്പോഴാണ് സി.വിയുടെ ആഖ്യാനശൈലി പ്രൗഢവും ഗംഭീരവുമാകുന്നത്.

"കുടിപ്പകയുടെയും കിടമത്സരങ്ങളുടെയും നാടായ കേരളത്തിന്റെ ചരിത്രത്തിലേക്ക് ഒരു ക്രാന്തദർശിയുടെ നേത്രരശ്മികൾ പായിച്ച് അതിന്റെ അടിയൊഴുക്കുകളെ മനുഷ്യകഥാനുഗായിയായ ഒരു മഹാകവിയുടെ സഹാനുഭൂതിയോടുകൂടി അപഗ്രഥനം ചെയ്തു" എന്ന് ഡോ. കെ. ഭാസ്കരൻനായർ സി.വിയെക്കുറിച്ച് അഭിപ്രായപ്പെട്ടിട്ടുണ്ട്. മനുഷ്യമനസ്സുകളുടെ ആഴങ്ങളിലേക്കിറങ്ങിച്ചെന്ന് വ്യത്യസ്തമായ സ്വാഭാവവിശേഷങ്ങളുള്ള കഥാപാത്രങ്ങൾ സൃഷ്ടിക്കുന്നതിൽ സി.വി വിജയിച്ചു. നഷ്ടസ്മൃതികളിൽ നിന്ന് ഊർജം ഉൾക്കൊണ്ട് മാറുന്ന സാമൂഹിക വ്യവസ്ഥയെ വിമർശിക്കാനും സി.വി തയാറായി. നൂറുവർഷം കഴിഞ്ഞിട്ടും സി.വിയുടെ ആഖ്യാനശൈലിയും ദർശനങ്ങളും ആഴത്തിലുള്ള പഠനങ്ങൾക്കു വിധേയമാകുന്നു എന്നതു തന്നെയാണ് അദ്ദേഹത്തിന്റെ രചനകളുടെ മഹത്വം. ■

■ പ്രൊഫ. ജി. ബാലചന്ദ്രൻ

# മണ്ണിൽതൊട്ട ഇതിഹാസഗാഥകൾ



കുട്ടനാടിന്റെ മണ്ണാണ് തകഴിയുടെ നിലപാടുതറ. മണ്ണില്ലാതെ മനുഷ്യനില്ല. മനുഷ്യനില്ലാതെ മണ്ണുമില്ല. ദൈവം തന്റെ രൂപത്തിലും ഛായയിലുമാണ് മനുഷ്യനെ സൃഷ്ടിച്ചത് എന്നു ബൈബിളിൽ പറയുന്നു. മണ്ണുകൊണ്ടുണ്ടാക്കിയ പ്രതിമയുടെ നാസാരന്ധ്രങ്ങളിലൂടെ ദൈവം ആത്മശ്വാസം നൽകിയാണ് ജീവനും ബോധവും സന്നിവേശിപ്പിച്ചത്. കുട്ടനാട്ടിലെ മണ്ണിൽ നിന്നാണ് തകഴിയുടേയും ഉല്പത്തി. മണ്ണുവാരിത്തിന്ന ഉണ്ണിക്കണ്ണന്റെ വായ് പിളർന്നുനോക്കിയപ്പോൾ യശോദ കണ്ടത് ഈരേഴുപതിന്നാലുലോകമാണ്. അതുപോലെയാണ് തകഴി കുട്ടനാട്ടിലെ ഒരുപിടി മണ്ണിലൂടെ വൈവിദ്ധ്യവും വൈചിത്ര്യവും വൈരുദ്ധ്യവുമുള്ള ജീവിതലോകത്തെ കാട്ടിത്തന്നത്. മണ്ണിനെത്തൊട്ടുനിന്നാൽ ആർക്കും തന്നെ വധിക്കാൻ കഴിയരുതെന്ന് വരം വാങ്ങിയ ഹിരണ്യകശിപുവിനെ നരസിംഹമൂർത്തി മണ്ണിൽ തൊടാതെ ഉയർത്തി വയർ പിളർന്നാണ് വധിച്ചത്. കുട്ടനാടിന്റെ മണ്ണിൽ സ്പർശിച്ചു നിന്നുകൊണ്ട് തകഴി ഏഴല്ല, എഴുന്നുറു വർണരാജികൾ സൃഷ്ടിച്ചു. മണ്ണിന്റെ മാസ്മരികതയോട് ഇത്രയും വലിയ ജീവിതാഭിമുഖ്യം കാട്ടിയ സാഹിത്യകാരൻ വേറെയില്ല.

മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്ന ഒരു ഗ്രീക്കു പുരാണകഥയുണ്ട്. സമുദ്ര ദേവതയുടെ പുത്രനായി മഹാശക്തനായ ഒരു വീരനുണ്ടായിരുന്നു. ആന്റിയാസ് എന്നാണയാളുടെ പേര്. അതിശക്തനായ ഹെർക്കുലീസിനുപോലും ആ വീരനെ തോൽപ്പിക്കാൻ കഴിഞ്ഞില്ല. അയാളുടെ ശക്തി എന്തെന്നു ഹെർക്കുലീസ് നിരീക്ഷിച്ചു. ശത്രുക്കളെ നേരിടുമ്പോൾ പ്രാർഥനാപൂർവം ഒരുപിടി മണ്ണെടുത്ത് ആന്റിയാസ് മാറോടണയ്ക്കും. തന്നെ ലാളിച്ചുവളർത്തിയ മണ്ണിൽ നിന്ന് ശക്തിയും ചൈതന്യവും ആവാഹിച്ചെടുക്കുന്ന പ്രക്രിയ. ഇതു മനസ്സിലാക്കിയ ഹെർക്കുലീസ് ഒരിക്കൽ ഭൂസ്പർശമില്ലാതെ കിടന്നുറങ്ങുകയായിരുന്ന ആൻറിയാസിനെ വധിച്ചു.

ഓരോ തലമുറയും അതിന്റെ അതിജീവനത്തിനുവേണ്ടി സ്വന്തം പാരമ്പര്യത്തിന്റെ പാരാവാരത്തിൽ നിന്ന് അവരവർക്കാവശ്യമുള്ള ചൈതന്യത്തിന്റെ അംശങ്ങൾ കണ്ടെത്താറുണ്ട്. മണ്ണുമായുള്ള ബന്ധമാണ് തകഴിയെ വിശ്വസാഹിത്യകാരനാക്കിയത്. മണ്ണിനുതന്നെ വൈവിധ്യമുണ്ട്. ഒന്നിനോടൊന്നു ചേരാത്ത പുറക്കാട്ടെ പഞ്ചാരമണ്ണിന്റെ കഥ വേറിട്ട ഭാവത്തിലാണ് തകഴി ആവിഷ്കരിച്ചത്. വേർപെടുത്താനാവാത്ത പശിമയുള്ള ചെളിമണ്ണാണ് കുട്ടനാട്ടിലേത്. കായലിനടിയിൽ ചരലും കക്കയും ചേർന്ന മണ്ണാണുള്ളത്.

വേദങ്ങൾ ചൊല്ലിക്കൊണ്ടുവന്ന ആര്യന്മാരും അവർക്കു മുമ്പേ ഇവിടെ ഉണ്ടായിരുന്നവരും തമ്മിൽ ചേർന്നുണ്ടായ ഒരു സങ്കര സംസ്കാരം ആണ് ഇവിടെ നിലനിന്നിരുന്നത്. ആ സംസ്കാരത്തിൽ നിന്നും ജനിച്ച ജീവിത വേദാന്തം നമ്മിൽ പടർന്നിറങ്ങിയിട്ടുണ്ട്. അതാണ് ഭിന്നപ്രദേശങ്ങളിൽ ഭിന്നപ്രശ്നങ്ങളുമായി ജീവിക്കുന്ന ഭാരത ജനതയെ മുഴുവൻ ഏകോപിപ്പിച്ചു നിർത്തിയത് എന്ന് തകഴി പറയുമായിരുന്നു. സാഹിത്യമെന്നാൽ കവിതമാത്രമാണെന്നു ധരിച്ചുവശാകുന്നത് ശരിയല്ലെന്നു തകഴി വാദിച്ചു സമർഥിച്ചിട്ടുണ്ട്. എക്കാലത്തും സാഹിത്യമെന്നു പറയുമ്പോൾ 'കവിത കവിത' എന്നാണു വരുന്നത്. ബാക്കിയുള്ളതൊക്കെ രണ്ടാംതരമായി മാഞ്ഞുപോകുന്നു. ഇതിനൊരപവാദമുണ്ടായത് കേസരി ബാലകൃഷ്ണപിള്ളയുടെ കാലത്താണ്. ശ്രേഷ്ഠമായ കഥ എഴുതിയവനെയും അദ്ദേഹം മഹാകവി ആക്കിയിട്ടുണ്ട്. പദ്യത്തിലെഴുതുന്നതു മാത്രമല്ല ഗദ്യത്തിലെഴുതുന്നതും കവിതയാണെന്നു കേസരി പറഞ്ഞു. ഇക്കാര്യങ്ങൾക്കൊക്കെ തകഴി കഥകളിലൂടെ അടിവരയിട്ടു.

മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി രാജ്യം മുഴുവൻ ഇളകിമറിഞ്ഞപ്പോൾ അതേക്കുറിച്ച് തകഴി കാര്യമായി പ്രതികരിക്കുകയോ പ്രതിപാദിക്കുകയോ ചെയ്തില്ല എന്ന ഒരപവാദമുണ്ട്. അതിനദ്ദേഹം പറയുന്ന മറുപടി ഇതാണ്: 'തകഴിയിൽ മാത്രം ഒതുങ്ങി ജീവിച്ച തകഴിയേയോ തകഴി പ്രദേശത്തെ ജനങ്ങളേയോ, സ്വാതന്ത്ര്യസമരം വലുതായി സ്പർശിച്ചില്ല. രാജാവാണ് കൺകണ്ട ദൈവമെന്നു കരുതി ജീവിച്ച ഗ്രാമീണ ജനതയ്ക്ക് അതിനപ്പുറത്തേക്ക് ഒരു കാഴ്ചപ്പാടുണ്ടായിരുന്നില്ല'. വാർത്താമാധ്യമങ്ങളുടെ അപര്യാപ്തതയും അതിനൊരു കാരണമായിരുന്നു വത്രെ.




തകഴിയേയും മണ്ണിനേയും ബന്ധപ്പെടുത്തി പറയുമ്പോൾ രണ്ടിടങ്ങഴി വിട്ട് കുട്ടനാടൻ മണ്ണിനൊരു ചരിത്രമില്ല. മണ്ണിനെക്കുറിച്ച് വാചാലമായി സംസാരിക്കുമ്പോൾ തന്നെ ആറടിമണ്ണ് സ്വന്തമായില്ലാത്തതുകൊണ്ട് പിതാവിന്റെ ശവശരീരം സംസ്കരിക്കാനാവാതെ കോരൻ പകച്ചു നിന്നു. അച്ഛന്റെ മൃതശരീരമെടുത്ത് വള്ളത്തിൽ വച്ച് നടുക്കായലിൽ കെട്ടിത്താഴ്ത്തുന്ന ദയനീയ ചിത്രം ആർക്കാണ് മറക്കാൻ കഴിയുക.

തകഴിയേയും മണ്ണിനേയും ബന്ധപ്പെടുത്തി പറയുമ്പോൾ രണ്ടിടങ്ങഴി വിട്ട് കുട്ടനാടൻ മണ്ണിനൊരു ചരിത്രമില്ല. മണ്ണിനെക്കുറിച്ച് വാചാലമായി സംസാരിക്കുമ്പോൾ തന്നെ ആറടിമണ്ണ് സ്വന്തമായില്ലാത്തതുകൊണ്ട് പിതാവിന്റെ ശവശരീരം സംസ്കരിക്കാനാവാതെ കോരൻ പകച്ചു നിന്നു. അച്ഛന്റെ മൃതശരീരമെടുത്ത് വള്ളത്തിൽ വച്ച് നടുക്കായലിൽ കെട്ടിത്താഴ്ത്തുന്ന ദയനീയ ചിത്രം ആർക്കാണ് മറക്കാൻ കഴിയുക. മണ്ണിന്റെ ഉണ്മയും മണ്ണില്ലായ്മയും ജീവിതത്തിലെ സങ്കീർണ പ്രശ്നങ്ങളാണ്. കുഴിച്ചിടാനൊരു പിടി മണ്ണില്ലാത്തതുകൊണ്ട് ചുടലമുത്തു പിതാവായ ഇശുക്കുമുത്തുവിന്റെ ജഡം ആരും കാണാതെ ചുടുകാടിന്റെ വൃത്തികെട്ട ഓരത്ത് കുഴിച്ചിട്ടു. പട്ടികൾ ആർത്തിയോടെ കുഴിമാന്തി ശവശരീരം കടിച്ചുകീറി. അതിന്റെ ബീഭത്സത വായനക്കാരെ വേട്ടയാടി. ചെമ്മീൻ എന്ന നോവലിന്റെ അന്ത്യത്തിൽ കറുത്തമ്മയുടെയും പരീക്കുട്ടിയുടെയും പളനിയുടെയും മൃതദേഹങ്ങൾ വെള്ളത്തിൽ കുതിർന്ന് കടൽമണ്ണിന്റെ മടിത്തട്ടിലാണ് വിശ്രാന്തികൊള്ളുന്നത്.

മണ്ണുവെട്ടിപ്പിടിക്കാനും മണ്ണു വളച്ചുകെട്ടാനുമുള്ള മനുഷ്യന്റെ ദുരയുടെ എത്രയെത്ര ഉദാഹരണങ്ങളാണ് നാട്ടിലും കോടതികളിലും കരിനിഴൽ വീഴ്ത്തുന്നത്. മണ്ണും പെണ്ണും പൊന്നും കാലദേശങ്ങൾക്കപ്പുറത്ത് പ്രശ്ന കലുഷിതമാണ്. എത്ര ലോകയുദ്ധങ്ങൾ അതിന്റെ പേരിൽ നടന്നിരിക്കുന്നു. കയറിന് ഒരു കഥയുണ്ടോ എന്നു ചോദിച്ചവരോട് തകഴി പറഞ്ഞ ഉത്തരം 'ഉണ്ട്, അത് മണ്ണിന്റെ കഥ' എന്നായിരുന്നു. മണ്ണും മനുഷ്യനും തമ്മിലുള്ള ഗാഢമായ ബന്ധമാണ് കയറിന്റെ ആന്തരിക ബലം. ഭൂമി അളന്നു കരം തീർപ്പു കൽപ്പിക്കാൻ ക്ലാസ്സിപ്പേർ വരുന്നതോടെയാണ് കയറിന്റെ കഥ തുടങ്ങുന്നത്. അവസാനിക്കുന്നത് മണ്ണുനോക്കാനോ കൃഷി ചെയ്യാനോ ആളില്ലാതെ വലയുന്ന കുട്ടനാടിനെ ചിത്രീകരിച്ചുകൊണ്ടാണ്. അധ്വാനിക്കാത്ത ജനത, വളക്കുറു നശിച്ച മണ്ണ്, കൃഷിയേക്കാൾ ലാഭമുള്ള വ്യവസായത്തിലേക്കു ചേക്കേറിയ മനുഷ്യർ. ബന്ധവും സ്നേഹവും കളിയും ചിരിയും ഉത്സാഹവുമൊക്കെ മറന്ന ജീവിതം. അതിന്റെ ഊഷരതയിലാണ് കയർ അവസാനിക്കുന്നത്.

മൂന്നടി മണ്ണുകൊടുക്കാൻ സന്നദ്ധനായ മഹാബലിയുടെ ശിരസ്സിൽ കാൽ വച്ച് ചവിട്ടിത്താഴ്ത്തിയ കഥയുടെ പിന്നിലും മണ്ണാണല്ലോ. പ്രേരകശക്തി. മണ്ണിന്റെ കഥ പറഞ്ഞ തകഴി കൊതിച്ചത് സാഹിത്യലോകത്ത് ഒരു ചെറിയ സ്ഥാനം. – കിട്ടിയതോ മയൂരസിംഹാസനം. ■

*(എഴുതിക്കൊണ്ടിരിക്കുന്ന തകഴി: കഥയുടെ രാജശില്പി എന്ന ജീവചരിത്രഗ്രന്ഥത്തിൽ നിന്ന്)*

■ സജി ശ്രീവത്സം

ശെമ്മങ്കുടി ശ്രീനിവാസയ്യർ
വിടപറഞ്ഞിട്ട് പത്തു വർഷം
(1908 ജനുവരി 25 – 2003 ഒക്ടോബർ 31)



# സംഗീതത്തിന്റെ ഒരു മഹാകാലം

നൂറ്റാണ്ടുകളുടെ പാരമ്പര്യം പേറുന്ന കർണാടക സംഗീതത്തിൽ ഒരു കാലഘട്ടത്തിന്റെ പേരായി മാറുകയെന്നത് ഒട്ടും തന്നെ എളുപ്പമുള്ള കാര്യമല്ല. ആയിരക്കണക്കിന് സംഗീതജ്ഞന്മാരുടെയിടയിൽ ശ്രദ്ധേയനാവുക സാധന, അപാരമായ ജ്ഞാനം, സിദ്ധി, അശ്രാന്ത പരിശ്രമം, നിറഞ്ഞ ഭക്തി ഇതൊക്കെക്കൊണ്ടുമാത്രം സിദ്ധിക്കുന്നതാണ്. അങ്ങനെയൊരു കാലഘട്ടത്തിന്റെ പേരായിരുന്നു ശെമ്മങ്കുടി ശ്രീനിവാസയ്യർ.

കർണാടക സംഗീതത്തിലെ നവവസന്തത്തിന്റെ ഗർഭഗൃഹമായിരുന്ന തഞ്ചാവൂരിനടുത്തുള്ള വളരെ ചെറിയ ഗ്രാമമായിരുന്നു ശെമ്മങ്കുടി. ആ ഗ്രാമത്തിന് സംഗീതഭൂപടത്തിൽ നിറച്ചാർത്തണിയിച്ച ശെമ്മങ്കുടി വിരലിലെണ്ണാവുന്ന മഹാചാര്യന്മാരിലൊരാളായാണ് ഉയർന്നത്. എന്നാൽ അത്ര സുഗമമായ യാത്രയായിരുന്നില്ല. നിരവധി പ്രതിബന്ധങ്ങളെ ഇച്ഛാശക്തികൊണ്ടും കടുത്ത അധ്വാനം കൊണ്ടും കീഴ്പ്പെടുത്തിയായിരുന്നു അദ്ദേഹത്തിന്റെ വളർച്ച. സാധാരണ മഹാസംഗീതജ്ഞരെപ്പോലെ നന്നേ ചെറുപ്രായത്തിലേ അദ്ദേഹം സംഗീതപഠനം തുടങ്ങിയില്ല. ഒൻപതാം വയസ്സിലാണ് അദ്ദേഹം ചിട്ടയായ സംഗീതപഠനം ആരംഭിക്കുന്നത്. അക്കാലത്തെ മഹാസംഗീതജ്ഞനായിരുന്ന മഹാരാജപുരം വിശ്വനാഥ അയ്യരുടെയും അദ്ദേഹത്തിന്റെ ഗുരുവും ത്യാഗരാജ ശിഷ്യപരമ്പരയിൽപ്പെട്ടയാളുമായ ഉമയാൾപുരം സ്വാമിനാഥ അയ്യരുടെയും ശിഷ്യനാകാനുള്ള ഭാഗ്യം ശെമ്മങ്കുടിക്ക് ലഭിച്ചു. അങ്ങനെ തമിഴ്നാട്ടിൽ സംഗീതജ്ഞരുടെ സ്വപ്നമായ സംഗീത കലാനിധി ബിരുദം ഏറ്റവും കുറഞ്ഞ പ്രായത്തിൽ നേടുന്ന ഗായകപ്രതിഭയായി ശെമ്മങ്കുടി. സംഗീതാചാര്യന്മാർക്ക് മദ്രാസ് മ്യൂസിക് അക്കാദമി നൽകുന്ന ഈ ബഹുമതി 39 ാം വയസ്സിലാണ് ശെമ്മങ്കുടിക്ക് ലഭിക്കുന്നത്. ഒരു സംഗീതജ്ഞന്റെ ഏറ്റവും വലിയ സ്വത്തായ ശബ്ദം സംബന്ധിച്ചും ശെമ്മങ്കുടിക്ക് ആദ്യം തിരിച്ചടിയായിരുന്നു. കുട്ടിക്കാലം മുതലേ അത്രനല്ല ശബ്ദമായിരുന്നില്ല അദ്ദേഹത്തിന്റേത്. അതിനാൽ തന്നെ സംഗീതപാരമ്പര്യമുള്ള കുടുംബമായിട്ടും പാട്ടുപഠിക്കാൻ അദ്ദേഹത്തെ വിട്ടില്ല; പകരം വയലിൻ പഠിക്കാനാണ് വിട്ടത്. എന്നാൽ ശെമ്മങ്കുടിക്ക് പാട്ടുകാരനാകാൻ തന്നെയായിരുന്നു മോഹം.

സഹോദരൻ വയലിൻ വായിക്കുമായിരുന്നു. കച്ചേരിക്കുപോകുമ്പോൾ അനുജനെയും കൂട്ടി. ഒരിക്കൽ സേലത്തിനടുത്തുള്ള ഒരു സ്ഥലത്ത് കല്യാണകച്ചേരിക്ക് പോയി. ദക്ഷിണാമൂർത്തിപിള്ളയെന്ന പ്രമുഖ ഗായകന്റെ കച്ചേരിയായിരുന്നു. അവിടെവച്ച് അദ്ദേഹം കുട്ടിയായ ശെമ്മങ്കുടിയോട് പാടാനാവശ്യപ്പെട്ടു. തികഞ്ഞ സന്തോഷത്തോടെ ആത്മാർഥമായാണ് ശെമ്മങ്കുടി അവിടെ പാടിയത്. എന്നാൽ കേട്ടുകഴിഞ്ഞ ദക്ഷിണാമൂർത്തിപിള്ളയുടെ മറുപടി ശെമ്മങ്കുടിയുടെ ഹൃദയം തകർക്കുന്നതായിരുന്നു.

“പാറപ്പുറത്ത് ചിരട്ട ഉരയ്ക്കുന്നതുപോലുള്ള ഈ ശബ്ദം കൊണ്ടാണോ പാടുന്നത്; നിനക്ക് ഇത് പറ്റിയ പണിയല്ല, വയലിൻ പഠിക്കുന്നതാണ് നല്ലത്”. ഇതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

എന്നാൽ ഇത് കുട്ടിയായ ശ്രീനിവാസനെ തളർത്തിയില്ല; പകരം ഒരാവേശമായി ഇച്ഛാശക്തി പടരുകയായിരുന്നു. അന്നുമുതൽ ശ്രീനിവാസൻ കടുത്ത പരിശ്രമത്തിലായി. വീട്ടിൽ വന്ന് നിരന്തരമായ പ്രാക്ടീസ്. ദിവസവും എട്ടുമണിക്കൂർ വരെ പാടി തൊണ്ട തകരുന്ന അവസ്ഥയിലെത്തി. ഇതേത്തുടർന്ന് ടോൺസിലൈറ്റ്സ് ഓപ്പറേഷനും വേണ്ടിവന്നു. ഇച്ഛാശക്തികൊണ്ടുമാത്രം അദ്ദേഹം ശബ്ദത്തിന്റെ സൗകുമാര്യം വീണ്ടെടുത്തു.

ധാരാളം ഭൂമിയുള്ള ഒരു ജന്മിയായിരുന്നു ശ്രീനിവാസന്റെ പിതാവ് രാധാകൃഷ്ണ അയ്യർ. അദ്ദേഹം അഷ്ടപദി ഗായകൻ കൂടിയായിരുന്നു. ധർമവർധിനിയമ്മാൾ എന്ന അമ്മ വഴിയും വലിയ സംഗീതപാരമ്പര്യമാണ് ലഭിച്ചത്. അമ്മാവൻ തിരുക്കോടിക്കാവൽ കൃഷ്ണയ്യർ അക്കാലത്തെ ഏറ്റവും അറിയപ്പെടുന്ന വയലിനിസ്റ്റുകളിലൊരാളായിരുന്നു. എന്നാൽ ശ്രീനിവാസയ്യർക്ക് അഞ്ച് വയസ്സായപ്പോൾത്തന്നെ അദ്ദേഹം മരിച്ചതിനാൽ അദ്ദേഹത്തിൽ നിന്ന് പഠനം വഴി സംഗീതം ലഭിച്ചില്ല. എന്നാൽ പാരമ്പര്യം കൈവിട്ടില്ല. ത്യാഗരാജ പരമ്പരയിൽപ്പെട്ട ഉമയാൾപുരം

സ്വാമിനാഥ അയ്യരുടെ ശിഷ്യത്വം സ്വീകരിച്ചതോടെ ശ്രീനിയുടെ സംഗീതത്തിന് കൂടുതൽ അർഥതലങ്ങൾ കൈവന്നു. തുടർന്ന് തന്റെ മുഖ്യഗുരുവായ മഹാരാജപുരം വിശ്വനാഥയ്യരുടെ ശിഷ്യനായതോടെ ശ്രീനിവാസൻ അറിയപ്പെട്ടു. 21 ാം വയസ്സിൽ മദ്രാസിൽ നടത്തിയ കച്ചേരി ശ്രീനിവാസന്റെ സംഗീതസ്ഥാനത്തെ അത്ഭുതാവഹമായി ഉയർത്തി. അന്ന് അദ്ദേഹം പാടിയ 'ഖരഹരപ്രിയ' ഈ രാഗത്തിൽ ഇത്രയും മനോഹരമായി മറ്റാരും പാടിയിട്ടില്ലെന്ന് വിലയിരുത്തപ്പെട്ടു. പിന്നെ കുറേക്കാലം ഖരഹരപ്രിയ ശ്രീനിവാസൻ എന്നാണ് ശെമ്മങ്കുടി അറിയപ്പെട്ടത്. എന്നാൽ ഏതു രാഗവും സംഗീതത്തിന്റെ ഏതു ഘടകവും ആധികാരികതയോടെ കൈകാര്യം ചെയ്യുന്ന നാമമായി ശ്രീനിവാസയ്യർ.

തിരുവിതാംകൂർ കൊട്ടാരത്തിൽ നിന്ന് ശ്രീനിവാസയ്യർക്ക് ക്ഷണം ലഭിക്കുന്നത് അങ്ങനെയാണ്. 1941 ൽ തിരുവിതാംകൂർ കൊട്ടാരം അദ്ദേഹത്തെ ക്ഷണിക്കുന്നത് പ്രധാനമായ രണ്ട് ദൗത്യങ്ങൾ ഏർപ്പിക്കാനായിരുന്നു. ഒന്ന് സ്വാതിതിരുനാൾ മഹാരാജാവിന്റെ കൃതികൾക്ക് നൊട്ടേഷനും പുതിയ സംഗീതരൂപവും നൽകി പുനർജനിപ്പിക്കാൻ. മറ്റൊന്ന് സ്വാതിതിരുനാളിന്റെ പേരിലാരംഭിച്ച സംഗീത കോളേജിലെ സംഗീതപദ്ധതികൾ പരിഷ്കരിക്കുക. കൊട്ടാരത്തിലെ ക്ഷണം ഏതായാലും ഒരു പുതുയുഗപ്പിറവിയിലേക്കുള്ള നാന്ദികുറിക്കലായിരുന്നു. 23 വർഷത്തോളം നീളുന്ന തിരുവനന്തപുരത്തെ സേവനകാലത്ത് അദ്ദേഹം ചെയ്ത ദൗത്യത്തിന്റെ ഫലമാണ് ഇന്നത്തെ നമ്മുടെ തലസ്ഥാനത്തിന്റെ സംഗീതപാരമ്പര്യം.

**സ്വാതിതിരുനാളിന്റെ ഇരുന്നൂറിലേറെ കൃതികൾക്കാണ് അദ്ദേഹം നൊട്ടേഷൻ കണ്ടെത്തിയത്. പലയിടത്തായി പ്രസിദ്ധീകരിക്കപ്പെട്ട് സമാഹരിക്കപ്പെടാതെകിടന്ന കൃതികളെ അദ്ദേഹം സ്വരപ്പെടുത്തിയത് വലിയ ദൗത്യം തന്നെയായിരുന്നു.**



എം.എസ്. സുബ്ബുലക്ഷ്മിയും ശെമ്മങ്കുടിയും

സ്വാതിതിരുനാളിന്റെ ഇരുന്നൂറിലേറെ കൃതികൾക്കാണ് അദ്ദേഹം നൊട്ടേഷൻ കണ്ടെത്തിയത്. പലയിടത്തായി പ്രസിദ്ധീകരിക്കപ്പെട്ട് സമാഹരിക്കപ്പെടാതെകിടന്ന കൃതികളെ അദ്ദേഹം സ്വരപ്പെടുത്തിയത് വലിയ ദൗത്യംതന്നെയായിരുന്നു. തന്നെയുമല്ല തന്റെ സംഗീതകച്ചേരികളിൽ സ്വാതിതിരുനാൾ കൃതികൾ നിർബന്ധമായും ഉൾപ്പെടുത്തി അദ്ദേഹം അവയെയൊക്കെ ജനങ്ങൾക്കിടയിലെത്തിച്ചു. അവയൊക്കെ പിന്നെയും പാടാൻ നിരവധി ശിഷ്യഗണങ്ങളെ സൃഷ്ടിച്ച് മറ്റുള്ളവരെ പ്രേരിപ്പിച്ചു.

തന്റെ രണ്ടാം ദൗത്യം അദ്ദേഹം നിറവേറ്റിയതും മറ്റൊരു മഹത്തായ കാൽവെയ്പ്പോടെയായിരുന്നു. സ്വാതിതിരുനാൾ സംഗീതകോളേജിന്റെ പ്രിൻസിപ്പലായകാലത്ത് അദ്ദേഹം പാഠ്യപദ്ധതികൾ പരിഷ്കരിച്ചു. പുതിയ കോഴ്സുകൾ ആരംഭിച്ചു. അതിലൂടെ എത്രയോപേർ സംഗീതജ്ഞരായി, കീർത്തിമാന്മാരായി. അങ്ങനെ കേരളത്തിന്റെ സംഗീത പാരമ്പര്യത്തിന് വലിയ ഉണർവാണുണ്ടായത്. ശെമ്മങ്കുടി ഇവിടെ എത്തിയില്ലായിരുന്നുവെങ്കിൽ നെയ്യാറ്റിൻകര വാസുദേവനെയോ പാറശ്ശാല പൊന്നമ്മാളിനെയോ പോലെയുള്ള സംഗിതജ്ഞർ നമുക്കുണ്ടാകുമായിരുന്നില്ല; അല്ലെങ്കിൽ അവരുടെ സംഗീതം ഇങ്ങനെയാകുമായിരുന്നില്ല. വയലിൻ പ്രമുഖനായ ടി.എൻ. കൃഷ്ണൻ, വി.എസ്. നാരായണസ്വാമി, നെയ്യാറ്റിൻകര, പാറശ്ശാല പൊന്നമ്മാൾ, കല്ലിടാം കുറിച്ചി എസ്. ഹരിഹര അയ്യർ, വെച്ചൂർ ഹരിഹര അയ്യർ, കെ.ആർ. കേദാരനാഥൻ, പാലാ സി.കെ. രാമചന്ദ്രൻ തുടങ്ങിയ പ്രമുഖർ അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു. പിന്നീട് അദ്ദേഹം അക്കാദമിയിൽ പഠിപ്പിച്ചിട്ടുള്ളവർ അനേകരാണ്. അതിൽ പ്രമുഖനാണല്ലോ നമുക്ക് ഏറ്റവും പ്രിയപ്പെട്ട യേശുദാസ്.

ശെമ്മങ്കുടി വന്നശേഷമാണ് ഇവിടെ ഹയർ കോഴ്സ് ആയ വിദ്വാൻ കോഴ്സ് ആരംഭിക്കുന്നത്. വിദ്വാൻ കോഴ്സിന് വളരെകുറച്ച് വിദ്യാർഥികളേ ഉണ്ടാകാറുള്ളൂ. അതിലൊരാളായിരുന്നു യേശുദാസ്. സ്വാമിയുടെ പ്രിയപ്പെട്ട ശിഷ്യൻകൂടിയായിരുന്നു ദാസ്. യേശുദാസ് എന്ന വലിയ ഗായകനെ രൂപപ്പെടുത്തിയെടുക്കുന്നതിൽ ശെമ്മങ്കുടി സ്വാമിയുടെ സംഗീതവും ഒരു ഘടകമായി എന്നത് ഒരു വ്യത്യസ്തമായ കഥയാണ്.

ശെമ്മങ്കുടിയുടെയടുത്ത് ഗുരുകുലവിദ്യാഭ്യാസം നേടിയിട്ടില്ലെങ്കിലും ഇന്ത്യൻ സംഗീതത്തിൽ പ്രോജ്ജ്വലിച്ചുനിന്ന എം.എസ്. സുബ്ബലക്ഷ്മിയും സ്വാമിയുടെ ശിഷ്യയായിരുന്നു. സ്വാതിതിരുനാളിന്റെ കീർത്തനമായ 'ഭാവയാമി രഘുരാമം' തെന്നിന്ത്യ മുഴുവനും ഏതാണ്ട് ഇന്ത്യയിലെമ്പാടും പ്രശസ്തമാക്കിയത് എം.എസ്. സുബ്ബുലക്ഷ്മിയായിരുന്നല്ലോ. സമ്പൂർണരാമായണത്തിന്റെ ഏറ്റവും മനോഹര സംഗ്രഹമായ ഈ കീർത്തനം ആദ്യം ചിട്ടപ്പെടുത്തിയിരുന്നത് സാവേരി രാഗത്തിൽ മാത്രമായിരുന്നു. എന്നാൽ പല്ലവിയും അനുപല്ലവിയും ഏഴു ചരണങ്ങളുമുള്ള കീർത്തനത്തെ അതിന്റെ സാഹിത്യഭംഗിക്കു ചേരും വിധം ഒൻപതു രാഗങ്ങളിൽ ചിട്ടപ്പെടുത്തി നവരാഗമാലികയാക്കിയത് ശെമ്മങ്കുടിയുടെ പ്രതിഭാവിലാസമാണ്.

സ്വാതിതിരുനാളിന്റെ നവരാത്രികീർത്തനങ്ങൾ ഉൾപ്പെടെ എല്ലാ പ്രമുഖ കീർത്തനങ്ങളും ശെമ്മങ്കുടി സ്വരപ്പെടുത്തി. കൂടാതെ അഷ്ടപദി മുഴുവനായി ചിട്ടപ്പെടുത്തി ഒരിക്കൽ ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ നടയിൽ പാടി. നാരായണതീർഥരുടെ കൃഷ്ണലീലാതരംഗിണിയും കേരളത്തിൽ ശ്രദ്ധേയമാക്കിയത് ശെമ്മങ്കുടിയാണ്. ആകാശവാണിയിലെ അക്കാലത്തെ അദ്ദേഹത്തിന്റെ കച്ചേരികൾ ആസ്വാദകർക്ക് വലിയ വിരുന്നായിരുന്നു.

തികഞ്ഞ ഭക്തനായിരുന്ന ശെമ്മങ്കുടി തന്റെ സംഗീതം ശ്രീപത്മനാഭനു മുന്നിൽ സമർപ്പിച്ചത് തുടർച്ചയായി അൻപത്തിയഞ്ച് വർഷത്തോളമായിരുന്നു. നവരാത്രി മണ്ഡപത്തിൽ ഇത്രയുമധികം പാടിയ മറ്റൊരു ഗായകനില്ല. അത് തന്റെ പുണ്യമായ അർച്ചനയായി അദ്ദേഹം കരുതി. എത്ര വയ്യാത്ത കാലത്തും അദ്ദേഹം നവരാത്രിമണ്ഡപത്തിലെ കച്ചേരി മുടക്കിയില്ല.

ഇവിടുത്തെ സേവനത്തിനുശേഷം ചെന്നൈയ്ക്ക് മടങ്ങിയ അദ്ദേഹം അവസാനകാലം വരെ അവിടെയാണ് കഴിഞ്ഞത്. അവിടെയും നിരവധി ശിഷ്യഗണങ്ങൾ. അദ്ദേഹത്തിന്റെ ചെറുപ്പക്കാരായ ശിഷ്യരിൽ ഏറ്റവും പ്രമുഖനാണ് ടി.എം. കൃഷ്ണ. ഏഴു വർഷത്തോളം ശെമ്മങ്കുടിയുടെ കീഴിൽ കൃഷ്ണ ഗുരുകുല വിദ്യാഭ്യാസം നേടി. ശെമ്മങ്കുടിയുടെ വേർപാടിന് പത്തു വർഷം ഒരു വലിയ കാലമായി തോന്നാമെങ്കിലും അദ്ദേഹത്തിന്റെ സംഗീത സാന്നിധ്യത്തിന് അതൊരു കാലമേയല്ല. കർണാടക സംഗീതത്തിന്റെ അലയൊലികളുള്ളിടത്തോളം കാലം അദ്ദേഹത്തിന്റെ സംഗീതം നിലനിൽക്കുക തന്നെ ചെയ്യും. ■

■ പി.കെ. സുധി

**മൺമറഞ്ഞ പ്രതാപത്തിന്റെ ശേഷിപ്പുകളുമായി നിശബ്ദതയിൽ ആഴ്ന്നുകിടക്കുന്ന ബോണക്കാടിലേക്ക് ഒരു യാത്ര**

# അൻപതു കഴിഞ്ഞ ഒരു ബംഗ്ലാവ്

വിതുരയിൽ നിന്നും ബോണക്കാട്ടേക്കുള്ള വഴിയിൽ മരുതാമല കഴിഞ്ഞതോടെ കാഴ്ചകൾ കാനനവിജനതയോട് ചേർന്നു നിന്നു. കൊടുങ്കാട് വളഞ്ഞ പശ്ചിമഘട്ടപാതയിൽ അടിവെച്ച് പടവുകൾ കയറുന്നതുമാതിരി വാഹനം തിരിഞ്ഞും വളഞ്ഞും ഉയർന്നുകൊണ്ടിരുന്നു. വെളുപ്പാൻകാല കാഴ്ചയ്ക്ക് പാകത്തിൽ രണ്ട് കാട്ടുകോഴിച്ചാത്തന്മാരാണ് റോഡുമുറിച്ചു കടന്നുപോയത്.

കറപ്പസ്വാമി വിഗ്രഹങ്ങൾ ചിതറിയ പാറപ്പുറം കടന്നയുടൻ അകലെ താഴ്‌വരയിൽ പുകരാശിയായി തെളിഞ്ഞുകിടക്കുന്ന പേപ്പാറ ജലസംഭരണിയിൽ നിന്നും കണ്ണുകൾ തിരിച്ചെടുത്തു. ഇനിയുള്ള ഒന്നോ രണ്ടോ വളവുകൾ നീങ്ങിയാലുള്ള കാഴ്ചയ്ക്കായി വീണ്ടും സ്വപ്നം കണ്ടിരുന്നു. പ്രതീക്ഷിക്കുന്നത് മുൻപ് കണ്ടിട്ടുള്ള ബോണക്കാടിന്റെ യൂറോപ്യൻഛായപുരണ്ട ദൃശ്യങ്ങളാണ്.

“അവിടെ മിതോഷ്ണകാലാവസ്ഥയിൽ വെയിലും കാറ്റും മറ്റൊരു ഭാവത്തിൽ അവതരിക്കും. പൈനും സിൽവർഓക്കും ഇലവീശിയ തണലിൽ തേയിലച്ചെടികളെ ക്രോപ്പടിച്ചു നിർത്തിയിരിക്കുന്നു. ഉന്മേഷക്കാഴ്ചകൾ ഉയർന്ന് സഹ്യപർവതനിരയിൽ ചെന്നുമുട്ടുന്നു. കൊടുങ്കാട്, പുൽമേടുകൾ അങ്ങനെയങ്ങനെ മലകളും ദിക്കുകളും വിവിധഭാവങ്ങളിലാണ് കൊതിപ്പിച്ചിരുന്നത്. തമിഴ്നാട്ടിലേക്ക് ഒന്നെത്തിനോക്കാനുള്ള കൊതിയുണ്ടാക്കുന്നതരത്തിൽ തൊട്ടുമുന്നിലാണ് സഹ്യന്റെ കോട്ടയുടെ സ്ഥാനം. ചായക്കപ്പിൽ നിന്നെന്നതുപോലെ വെന്ത തേയിലമണം പ്രസരിപ്പിച്ച കൂറ്റൻ തേയില ഫാക്ടറി ചരിത്രത്തെ കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽ എത്തിച്ചിരുന്നു. തമിഴ് കലമ്പലുമായി നിരനിരയായി പണിക്കാർ. പച്ചച്ചാണകഗന്ധം കുമിയുന്ന തണുത്ത നിരത്തുകൾ...”

അതൊക്കെ പോയി മറഞ്ഞു.

പഴയ പ്രകൃതിയുടെ ശേഷിപ്പുകളുമായി മുരടിച്ച തേയിലച്ചെടികളും വന്യത തീണ്ടിയ ചില മരങ്ങളും മാത്രമുണ്ടവിടെ. കുതിരപ്പുറത്തും വാഹനങ്ങളിലുമായി അധികാരം നിലത്തിറങ്ങാതെ നീങ്ങിയ വീഥികളിൽ പ്രേതനഗരിയുടെ ഛായ അമർന്നുകിടക്കുന്നു. ബോണാഫാൾസ്, അഗസ്ത്യകൂടം വഴിയിലെ ക്യാന്റീനും അടഞ്ഞുകിടക്കുന്നു. തേയിലഫാക്ടറിയും ലയങ്ങളും ഒന്നുകൂടി തകർന്നിരിക്കുന്നു.

## മോഹിത കോണിഫറസ്

ബോണക്കാട് തോട്ടത്തിന്റെ ഏതു കോണിൽ നിന്നു നോക്കിയാലും വടക്കുദിക്കിൽ ആകാശത്ത് നിന്നും പൊട്ടിവീണ പച്ചനിറമുള്ള ഗോപിക്കുറിപോലെ ആ കോണിഫറസ് മരം കാണാം. അവിടെയാണ് സായിപ്പിന്റെ ബംഗ്ലാവുള്ളത്. അധികാരവും അധീശക്തവുമുണ്ടായിരുന്ന തോട്ട വ്യവ



സ്ഥിതിയെ ആ മരം ഓർമിപ്പിക്കുന്നു.

ഈ ഉപേക്ഷിത തോട്ടത്തിൽ കങ്കാണിമാർ ഇപ്പോഴില്ല. പശ്ചിമഘട്ടം കടന്നെത്തുന്ന മലങ്കാറ്റിനാണിപ്പോൾ ഇവിടെ അധികാരം. കാറ്റു വീശിത്തെറിക്കുന്ന തണുപ്പിൽ ശരീരം ചുരുങ്ങിപ്പോകുന്നതുപോലെ. ഇരുളും വെളിച്ചവും മാറിമാറിപതിയുമ്പോൾ വമ്പൻ കാറ്റിൽ ആടിപ്പോകുന്ന ദീപനാളമായി ഇവിടെ സൂര്യൻ മാറുന്നു. മുഴക്കത്തെ കീറിത്തെറിപ്പിച്ചുകൊണ്ട് പൈൻമരങ്ങളുടെ സൂചിയിലകൾക്കിടയിലൂടെ കാറ്റ് പാഞ്ഞുപോയി. കാറ്റാടിച്ചോലയിൽ എത്തിയപ്പോൾ അതിന് വെള്ളച്ചാട്ടത്തിന്റെ ശബ്ദഗാംഭീര്യം കൈവന്നു. തേയിലത്തോട്ടത്തിൽ ശീതം വാരിവിതറി അത് താഴ്‌വരയിലേക്ക് കുതിച്ചു. പ്രകൃതി ഒരിക്കലും കിതയ്ക്കുന്നില്ല.

ആയിരത്തി അഞ്ഞൂറിലേറെ ഹെക്ടർ വിസ്തൃതിയിൽ തേയില, റബ്ബർ, അടയ്ക്ക, തെങ്ങ്, ഗ്രാമ്പു, ഏലം എന്നിവയുടെയും രണ്ടായിരത്തിൽപ്പരം തൊഴിലാളികളുടെയും ഫാക്ടറിയുടെയും ഉടമസ്ഥത കേന്ദ്രീകരിച്ചിരുന്ന ഈ ബംഗ്ലാവിന്റെ മുറ്റത്തുവരെ ഇന്നു കാടാണ്. ചുവരുകൾ മാത്രം ശേഷിപ്പിച്ച് അടുത്തുകണ്ട നിർമിതിയെ കാർഷെഡ് എന്നു കരുതാം.

തോട്ടം മുഴുവനും ഒരു കണ്ണാൽ കിട്ടുന്ന തന്ത്രസ്ഥാനത്താണ് ബംഗ്ലാവ് നിൽക്കുന്നത്. വൈദേശിക, ഇന്ത്യൻ കുത്തക മുതലാളിമാരുടെ കൈവശം ഈ തോട്ടമിരുന്ന പ്രതാപകാലത്ത് ആരൊക്കെ ഇവിടെ അതിഥികളായി എത്തിയിരുന്നിട്ടുണ്ടാവും? തുറന്നു കിടക്കുന്ന ശൂന്യതയിൽ നിർബാധം ആർക്കുമിപ്പോൾ കടന്നുകയറാം.

ചരുതാകൃതിയിൽ മുറിച്ചെടുത്ത് ഭംഗി ചേർത്തു കെട്ടിയ കരിങ്കൽച്ചുവരുകൾ, സ്റ്റീൽ താങ്ങികളിൽ ഉറപ്പിച്ച അസ്ബറ്റോസ് മേൽക്കൂര. സീലിങ്, മൊസൈക്ക് വിരിച്ച നിലം, ബാത്ടബുകൾ, ഫയർപ്ലേസ് കെട്ടിടത്തിലെ പെരുമകൾ തീരുന്നില്ല. വിശാലമായ അടുക്കളയും ബാത്ടബ് പിടിപ്പിച്ച കുളിമുറികളുമുണ്ട്. ഒരു ഫയർപ്ലേസ് സ്വീകരണമുറിയിലും മറ്റൊന്ന് കിടപ്പുമുറിയിലുമാണ്. ഇടനാഴികൾ, ഡ്രോയിങ് ആൻഡ് ഡൈനിങ് റൂമുകൾ, പുറംകാഴ്ചകളിലേക്കും വിശാലമായി തുറക്കുന്ന മൂന്നും അതിലധികവും പാളികളുള്ള ചില്ലു ജാലകങ്ങൾ, അടുക്കളയോടു ചേർന്ന് പുറകിലായി സെർവൻസ് റൂം. 1960 കളിലെ അപൂർവ നിർമിതിയാണ് ഈ ഘോരവനത്തിൽ തകർന്നു കൊണ്ടിരിക്കുന്നതെന്ന് ആ ശേഷിപ്പുകൾ ഓർമിപ്പിച്ചു.



തകർച്ചയിലായ ബംഗ്ലാവ്



അടുക്കളയിൽ കൂറ്റൻ മീൽ സേഫ് പിടിപ്പിച്ചിരുന്ന ഇടവും ശൂന്യമായിരിക്കുന്നു. മൊസൈക്ക് നിലത്തിൽ കാലിച്ചാണകം. ഒരു ആട്ടുകല്ലുമാത്രം അവിടെ അവശേഷിക്കുന്നു. ഒരിക്കലും തിരിച്ചുവരാത്ത തണുപ്പിലാണ്ട ആ കെട്ടിടവും ശേഷിപ്പുകളും.

സായ്പ്പിന്റെ ബംഗ്ലാവിന്റെ സമീപത്ത് 1923 ൽ പണിയിച്ച കെട്ടിടം പറ്റെവീണുകഴിഞ്ഞിരിക്കുന്നു. അതിന്റെ ചുവരിൽ കൊത്തിയ ജനനവർഷം കണ്ട് നെടുവീർപ്പിടാം. തൊട്ടടുത്തുള്ള അസിസ്റ്റന്റ് മാനേജരുടെ ബംഗ്ലാവു കൊള്ളയടിക്കപ്പെട്ട നിലയിലാണ്.

## ആളൊഴിഞ്ഞ ഇടങ്ങൾ

കയറ്റമില്ലാത്ത കാട്ടുവഴി ഏതാണ്ട് നിരപ്പിലെത്തി. തൊട്ടടുത്തുള്ള മലങ്കോട്ട കയറിയാൽ സഹ്യനിരപ്പിലെത്താം. കാട്ടുപോത്തുകൾ മേയുന്ന വിശാലമായ പുൽപ്പരപ്പുകൾ നിറഞ്ഞ പാണ്ടിപ്പത്തിലേക്കുള്ള വഴി ഇവിടെ നിന്നാണ് തിരിയുന്നത്. തോട്ടത്തിലെ ഈ ടോപ്ഡിവിഷൻ തീർത്തും ജനശൂന്യമാണ്. ഏഴു മണിക്കൂറുകൾ അലഞ്ഞിട്ടും വിശാലമായ ഈ സ്ഥലത്ത് ആകെ പതിനഞ്ചിൽ താഴെ ആൾക്കാരെ മാത്രമാണ് കാണാൻ കഴിഞ്ഞത്. തോട്ടപ്പണിക്ക് നിയോഗിക്കപ്പെട്ടവരുടെ രണ്ടാമത്തെയോ മൂന്നാമത്തെയോ തലമുറയിൽപ്പെടുന്നവർ. മൂന്നുവശവും സഹ്യന്റെ പെരുങ്കോട്ടയോട് തുന്നിവെച്ചും തെക്കുദിക്കുമാത്രം താഴ്‌വാരത്തിലേക്ക് തുറന്നിട്ടിരിക്കുന്ന ഒരു കാലിക്കീശയാണ് ബോണക്കാട് ഇന്ന്, ഒരുകാലത്ത്...

താമസക്കാർ ഒഴിഞ്ഞുപോയി തകർച്ചയിലേക്ക് അമർന്നുകഴിഞ്ഞ ലയങ്ങളുടെ മേൽക്കൂരകളിൽ നിന്നും കണ്ണുകൾ മാറുന്നതേയില്ല. ലയങ്ങൾക്കിടയിലൂടെ മലയിറങ്ങുമ്പോൾ പൊട്ടിത്തകർന്ന് ലക്ഷ്യം കാണാതെ വെള്ളം ഒലിച്ചുപോകുന്ന പൈപ്പുകൾ കണ്ടു. ഇവിടുത്തെ ജീവിതങ്ങളെപ്പോലെ. ■

# വിസ്മൃതമാകുന്ന കളംപാട്ട്

■ വി.വി. പ്രഭാകരൻ

ഉത്തരമലബാറിൽ വളപട്ടണം പുഴയുടെ വടക്കുമാത്രം ഒതുങ്ങിനിൽക്കുന്ന പ്രാചീന അനുഷ്ഠാനകലയായ കളംപാട്ട് ഇപ്പോൾ ഓർമകളിലേക്കു മടങ്ങുകയാണ്. ദശകങ്ങൾക്കപ്പുറം കണ്ണൂർ, കാസർകോട് ജില്ലകളിലെ ഉൾനാടൻ ഗ്രാമങ്ങളുടെ ഹൃദയത്തുടിപ്പായിരുന്നു ഈ കലാരൂപം.

കളമെഴുത്തും പാട്ടും ഒത്തുചേർന്നുള്ള കലയായതുകൊണ്ടുതന്നെയാണ് ഇതിന് 'കളംപാട്ട്' എന്ന പേര് സിദ്ധിച്ചത്. ചിത്രകലയും കവിതയും സംഗീതവും സമഞ്ജസമായി സമ്മേളിച്ച കളംപാട്ട് വിശ്വാസികളെയും ആസ്വാദകവൃന്ദത്തെയും ഒരുപോലെ ആകർഷിക്കാൻ പോന്ന നാടൻ കലാരൂപമത്രെ. അത്യുത്തരകേരളത്തിലെ പ്രാചീന അനുഷ്ഠാന കലകളായ തെയ്യം, പൂരക്കളി എന്നിവയെപ്പോലെ തന്നെ ശ്രേഷ്ഠമായ ഒരു പാരമ്പര്യം അവകാശപ്പെടാവുന്ന ഗ്രാമീണ കലയാണ് കളംപാട്ട്.

കേരളത്തിന്റെ വടക്കേ അറ്റത്തുള്ള ഗ്രാമങ്ങളിൽ അസംഖ്യം ഹൈന്ദവഗൃഹങ്ങളിൽ ഒരുകാലത്ത് സാർവത്രികമായിരുന്നു ഈ അനുഷ്ഠാനകല. ഈ പ്രദേശത്തെ പ്രായം ചെന്ന തലമുറയ്ക്ക് ഇന്നും അവരുടെ ഓർമകളിൽ ആ മധുരസ്മരണ അലയടിക്കുന്നു.

പണ്ടുകാലങ്ങളിൽ സ്ത്രീകളുടെ ഗർഭരക്ഷയ്ക്കായി നടത്തിവന്നിരുന്ന ആചാരവും അനുഷ്ഠാന കർമങ്ങളുമാണ് കളംപാട്ടിന്റെ അടിസ്ഥാനഘടകം. ഗർഭിണികളായ സ്ത്രീകളിൽ അധിനിവേശിച്ച ദുർഭൂതങ്ങളെ ഉച്ചാടനം ചെയ്ത് അവർക്ക് ആഹ്ലാദവും ഐശ്വര്യവും പ്രദാനം ചെയ്യാനുള്ള ഒരുപാധിയാണിത്. സുഖപ്രസവം, സന്താനലബ്ധി എന്നീ കാര്യങ്ങൾക്കായി ബന്ധപ്പെട്ട ദേവീദേവന്മാരെ പ്രീതിപ്പെടുത്തണമെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് കളംപാട്ട് രൂപംകൊണ്ടത്. വന്ധ്യകളായ സ്ത്രീകൾക്ക് ഗർഭധാരണശേഷി കൈവരിക, ഗർഭം അലസിപ്പോവുന്നത് ഇല്ലാതാക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം കളംപാട്ടു നടത്തുന്നതിലൂടെ പരിഹൃതമാവുമത്രെ. ഗർഭിണികളുടെ ഏഴാം മാസത്തിലാണ് കളംപാട്ടു നടത്തുക.

അത്യുത്തര കേരളത്തിലെ കണിശസമുദായക്കാരാണ് കളംപാട്ട് അവതരിപ്പിക്കുക പതിവ്. ഗർഭിണികൾക്ക് എന്തെങ്കിലും അസുഖമുണ്ടാകുമ്പോൾ പ്രശ്നവശാൽ (രാശി വെക്കുക) അതിനു പരിഹാരം നിർദേശിക്കുന്നു. ഈ വിധി നിർണയമാണ് തറവാടുകളിൽ കളംപാട്ടു



കഴിക്കാനുള്ള വഴിയൊരുക്കുന്നത്. പ്രശ്നം വെക്കുന്നതും ജ്യോത്സ്യന്മാരായ കണിശന്മാർ തന്നെ.

പ്രശ്നത്തിൽ നിർദേശിക്കുന്ന ദിവസം പെണ്ണിന്റെയും ചെറുക്കന്റെയും വീട്ടുകാർ ഒത്തുചേർന്നാണ് കളംപാട്ട് കഴിപ്പിക്കുക. ക്ഷണിക്കപ്പെട്ട സദസ്സ് ഇതിന് സാക്ഷ്യം വഹിക്കും. ഗ്രാമത്തെ സംബന്ധിച്ചിടത്തോളം ഉത്സവ പ്രതീതി ജനിപ്പിക്കുന്ന കർമമാണിത്.

സന്ധ്യയോടെ കളംപാട്ടിനുള്ള വേദിയൊരുങ്ങുകയായി. വീട്ടുമുറ്റത്തുയരുന്ന വിശാലമായ ഓലപ്പന്തലിനു കീഴെയാണ് കളംപാട്ട് അരങ്ങേറുന്നത്. കുരുത്തോല തോരണങ്ങളാൽ പന്തൽ കമനീയമായി അലങ്കരിക്കും. തത്തയുടെയും മറ്റും ആകൃതിയിലുള്ള കുരുത്തോലക്കിളികളെ പന്തലിൽ ഞാത്തിയിട്ടിരിക്കും. നാലുകോണുകളിലും തൂക്കുവിളക്കുണ്ടാകും.

പന്തലിനു കീഴെ മുറ്റത്ത് മധ്യത്തിലായി പഞ്ചവർണപ്പൊടികൾ കൊണ്ട് കോലം വരയ്ക്കുന്നു. യക്ഷൻ, യക്ഷി. ഗന്ധർവൻ, രക്തേശ്വരി, ഭൈരവൻ തുടങ്ങിയ ദേവീദേവന്മാരുടെ മനോജ്ഞരൂപങ്ങൾ കളംപാട്ടുകാർ മെനഞ്ഞെടുക്കുന്നു. കോലംവരച്ചശേഷം അതിനുചുറ്റും കളമിടുന്നു. കളത്തിന് ചുറ്റും വെറ്റിലയിൽ കത്തിച്ചുവെച്ച വിളക്കിൽ തിരികൾ നിരത്തുന്നു. നാലുകോണിലും നെല്ലിൻകൂമ്പാരം. കൂമ്പാരത്തിനുമുകളിൽ തേങ്ങയും ശർക്കരയും മറ്റും വെയ്ക്കും. അത്യന്തം ചാരുതയോടെ, കലാപരമായി നിർവഹിക്കുന്ന കളമെഴുത്തും കോലം വരയ്ക്കലും പൂർത്തിയാവുന്നതോടെ കളംപാട്ടിന്റെ രംഗമൊരുങ്ങുകയായി.

പന്തലിൽ പരസ്പരം അഭിമുഖമായി ഇരുവശത്തും എട്ടോ പത്തോ വിദഗ്ധരായ പാട്ടുകാർ ചമ്രം പടഞ്ഞിരിക്കും. അവരുടെ വേഷവിധാനത്തിനുമുണ്ട് പ്രത്യേകത. കുളിച്ച് ദേഹത്ത് ഭസ്മക്കുറിയണിഞ്ഞ് ഭക്തിപൂർവമാണ് കളംപാട്ട് നടത്തുക. മുന്നിലുള്ള നിലവിളക്കിനെ സാക്ഷ്യമാക്കിയാണ് ചടങ്ങ് കുറിക്കുക, എല്ലാവരുടെയും കയ്യിൽ ഇലത്താളമുണ്ടാകും. മുഖ്യപരികർമിയുടെ നേതൃത്വത്തിൽ മറ്റുള്ളവർ ഒരേ താളത്തിൽ, ഈണത്തിൽ പാട്ടുപാടാനാരംഭിക്കുന്നു. ആദ്യത്തെയാൾ ചൊല്ലുമ്പോൾ മറ്റംഗങ്ങൾ അക്ഷരസ്ഫുടതയോടെ ഭംഗിയായി ഏറ്റുചൊല്ലുന്നു.

കളംപാട്ടിൽ രണ്ടുവിധത്തിലുള്ള സ്തോത്രമാലകളാണുള്ളത്. ബാധപ്പാട്ടും പൊലിപ്പാട്ടും. വന്ദനശ്ലോകത്തോടെയാണ് തുടക്കം.

"വരിക, വരിക ദീപം വരികല്ലോ–

നമ്മുടെ ഗുരുക്കന്മാരും...

വരിക വരിക ദീപം ശ്രീമഹാഗണപതി മുൻവരിക

ശ്രീമഹാഗണപതി മുൻ വരുമ്പോൾ–

അവിലട പായസം വരിക കൂടെ..."



എന്നു തുടങ്ങുന്ന വിഘ്നേശ്വരസ്തുതിയോടെ ഗണപതി കുറിക്കുന്നു. തുടർന്ന് സരസ്വതീവന്ദനമാണ്. ഈ സന്ദർഭത്തിൽ വീടിന്റെ പടിഞ്ഞാറ്റമുറിയിൽ നിന്നു ബാധയൊഴിപ്പിക്കേണ്ട സ്ത്രീ പുറത്തേക്കിറങ്ങും. അവരുടെ വേഷത്തിലും ചില പ്രത്യേകത കാണാം.

മാറിനുമീതെ കച്ചകെട്ടി അഴിഞ്ഞുലഞ്ഞ മുടിയുമായി ഇണങ്ങത്തികളുടെ അകമ്പടിയോടെ അവർ പടിയിറങ്ങിവരുന്നു. അവരുടെ കയ്യിൽ അരിയും പൂവും ചന്ദനവും കരിക്കട്ടയും മറ്റും അടക്കം ചെയ്ത ഇലകൊണ്ട് വായ്പൊതി കെട്ടിയ മൺകലമുണ്ടാകും. കുടെയുള്ള സ്ത്രീകൾ വിളക്കും തളികയും കിണ്ടിയുമേന്തുന്നു.

തുടർന്ന് കവുങ്ങിൻ പൂക്കിലവെച്ച താലം പരികർമി ബാധ ഒഴിപ്പിക്കേണ്ട സ്ത്രീയുടെ കയ്യിലേൽപ്പിക്കുന്നു. ഇലത്താളം മുട്ടിക്കൊണ്ടും വിവിധ മുഖഭാവ പ്രകടനങ്ങളോടെയും കളംപാട്ടുസംഘം ശബ്ദമേളങ്ങളുടെ, വികാരപ്രപഞ്ചം തന്നെ സൃഷ്ടിക്കുന്നു. പുരാണകഥകളായ സന്താനഗോപാലം, പാഞ്ചാലീസ്വയംവരം, ഭീമൻകഥ തുടങ്ങിയവ കളംപാട്ടിന് പ്രമേയങ്ങളാകുന്നു.

നീട്ടിയും കുറുക്കിയും ഭാവരസങ്ങൾ എഴുന്നുനിന്നുമുള്ള പാട്ടിന്റെ ലയലഹരി ഉച്ചാവസ്ഥയിലെത്തുന്നതോടെ സ്ത്രീയിൽ വൈകാരികമായ ഭാവവ്യതിയാനം ദൃശ്യമാകുന്നു. മുറുകുന്ന താളത്തിന്റെയും ഉയർന്നുവരുന്ന പാട്ടിന്റെയും പശ്ചാത്തലത്തിൽ സ്ത്രീ ഉറഞ്ഞുതുള്ളാൻ തുടങ്ങുന്നു. സ്ത്രീയ്ക്ക് ബാധ ഇളകുന്നുവെന്നർഥം. അപ്പോൾ മുഖ്യ പരികർമി സ്ത്രീയോട് (സ്ത്രീയെ ബാധിച്ച ദുർദേവതയോട്) ചോദ്യങ്ങൾ ചോദിക്കുന്നു. സ്ത്രീ അതിനുള്ള മറുപടിയും നൽകുന്നു. രസകരവും കൗതുകപ്രദവുമായ വേളയാണിത്.

ദുർഭൂതങ്ങൾ അധിനിവേശിച്ചിട്ടുള്ള സ്ത്രീ ഇടയ്ക്കിടെ ആർത്തുവിളിച്ച് അട്ടഹസിക്കും. ഒരുതരം ഉന്മാദാവസ്ഥയാണിത്. ഒടുവിൽ നിറനാഴി, ഗുരുതി (ഗുരുസി), ചെക്കിപ്പൂ തുടങ്ങിയവ അടങ്ങിയ വലിത്തട്ടുകൊണ്ട് പരികർമി അവളെ ഉഴിയുന്നു. ബാധോച്ചാടന യജ്ഞത്തിന്റെ സമാപ്തി കുറിക്കുന്ന കർമമാണിത്.

അപ്പോൾ സ്ത്രീ, പതുക്കെ ശാന്തസ്വരൂപിണിയാവുന്നു. അവരെ ബാധിച്ച സമസ്തദോഷങ്ങളും ഭൂതപ്രേതപിശാചാദികളും അതോടെ പോയ്മറയുന്നുവെന്ന് സങ്കൽപം.

ബാധയിൽ നിന്നു മുക്തമായ സ്ത്രീ കുളികഴിഞ്ഞ് ശുഭ്രവസ്ത്രധാരിണിയായി തിരിച്ചുവരുമ്പോൾ അവളുടെ മുഖത്ത് അളവറ്റ ആശ്വാസവും ആഹ്ലാദവും പ്രസാദാത്മകതയും കളിയാടുന്നതു കാണാം.

പഴയ ചിന്താധാരകളും ആചാരങ്ങളും കാലഹരണപ്പെട്ടതോടെ നാടൻകലകളുടെ ഭാവിയും അവതാളത്തിലായിരിക്കുന്നു. ആചാരപരവും വിശ്വാസാധിഷ്ഠിതവുമായ അംശങ്ങൾ മാറ്റിനിർത്തിയാൽ തന്നെ കളംപാട്ടിന്റെ ദൃശ്യപരമായ സൗന്ദര്യവും ശ്രാവ്യപരമായ കാവ്യാത്മകതയും എത്രമാത്രം ഉന്നത നിലവാരത്തിലുള്ളതാണെന്നു മനസ്സിലാകും. കളംപാട്ടുമായി ബന്ധവും സാമ്യവുമുള്ള ഗന്ധർവൻ പാട്ടിന്റെയും മാടമ്പലിപ്പാട്ടിന്റെയും അവസ്ഥയും സ്വപ്നങ്ങളുടെ ലോകത്തിലേക്കുള്ള യാത്രതന്നെ.

കളംപാട്ട് ഒരു കലാരൂപമായി കാണാനും അതിനെ സംരക്ഷിക്കാനും നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങളും മറ്റും ശ്രമിക്കേണ്ടിയിരിക്കുന്നു.

കാസർകോട് ജില്ലയുടെ തെക്കേമുനമ്പായ കൊടക്കാട് ഗ്രാമത്തിലെ പ്രശസ്തമായ ബാലകൈരളി ഗ്രന്ഥാലയത്തോടനുബന്ധിച്ച് വർഷങ്ങളായി സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്ന കൈരളി ആർട്സ് ക്ലബ് കളംപാട്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതുവേദികളിൽ അവതരിപ്പിച്ചിട്ടുണ്ട്. പ്രസിദ്ധ നാടൻകലാ പണ്ഡിതനും സാംസ്കാരിക പ്രവർത്തകനുമായ സി.വി. കുഞ്ഞിക്കണ്ണൻ മാസ്റ്ററും സംഘവും കളംപാട്ട് പൊതുവേദികളിൽ അവതരിപ്പിച്ചാലും ആസ്വാദകരുടെ പ്രശംസ പിടിച്ചുപറ്റാനാവുമെന്ന് തെളിയിച്ചിട്ടുണ്ട്. ■

ജില്ലകളിലൂടെ

# ആരോഗ്യകിരണം പദ്ധതിക്ക് തുടക്കം




ആരോഗ്യകിരണം പദ്ധതിയുടെ ഉദ്ഘാടനചടങ്ങിൽ നിന്ന്

**പ**തിനെട്ടു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന ആരോഗ്യകിരണം, സൗജന്യ മരുന്നുവിതരണ പദ്ധതികൾ യു.പി.എ. അധ്യക്ഷ സോണിയാ ഗാന്ധി ഉദ്ഘാടനം ചെയ്തു.

ഇരു പദ്ധതികളും ഒക്ടോബർ രണ്ടിന് നിലവിൽ വന്നു. പതിനെട്ട് വയസുവരെയുള്ള കുട്ടികൾക്ക് എല്ലാ രോഗങ്ങൾക്കും സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയാണ് ആരോഗ്യകിരണം. ഇതിനായി കേന്ദ്രസർക്കാരിൽ നിന്ന് 21.55 കോടിയുടെ സഹായം ലഭിച്ചിട്ടുണ്ട്.

കേരളത്തിൽ ഓരോ വർഷവും ജനിക്കുന്ന അഞ്ച് ലക്ഷത്തോളം കുഞ്ഞുങ്ങൾക്കും പതിനെട്ട് വയസ്സിൽ താഴെയുള്ള 90 ലക്ഷത്തോളം കുട്ടികൾക്കും പദ്ധതിയുടെ ഗുണം ലഭിക്കും.

സൗജന്യ മരുന്നുവിതരണ പദ്ധതി പ്രകാരം എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ സർക്കാർ ആശുപത്രികളിലും 820 ഇനം മരുന്നുകൾ സൗജന്യമായി ലഭിക്കും.

# മാധ്യമ പുരസ്കാരം

**മാ**ധ്യമരംഗത്തെ വിവിധ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചവർക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള 2012 ലെ മാധ്യമ പുരസ്കാരങ്ങൾ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സമ്മാനിച്ചു.

ജനറൽ റിപ്പോർട്ടിങ് ടി. സോമൻ (മാതൃഭൂമി), വികസനോന്മുഖ റിപ്പോർട്ടിങ് ബി.വി. പവനൻ (കേരള കൗമുദി), ന്യൂസ് ഫോട്ടോഗ്രാഫി സമീർ എ. ഹമീദ് (മലയാള മനോരമ), കാർട്ടൂൺ ടി.കെ. സുജിത് (കേരള കൗമുദി), ടി.വി. റിപ്പോർട്ടിങ് വി.എസ്. ശ്യാംലാൽ (ഇന്ത്യാ വിഷൻ), ടി.വി. ക്യാമറ ബിനു ബേസിൽ (മനോരമ ന്യൂസ്), വീഡിയോ എഡിറ്റിങ് അനൂബ് ആന്റണി (മനോരമ ന്യൂസ്), ടിവി റിപ്പോർട്ടിങ് പ്രത്യേക പരാമർശം രാഗേഷ് എം.എം. (ഇന്ത്യാ വിഷൻ), ടിവി ക്യാമറ പ്രത്യേക പരാമർശം സോളമൻ റാഫേൽ (ഏഷ്യാനെറ്റ് ന്യൂസ്) എന്നിവരാണ് പുരസ്കാരത്തിന് അർഹരായത്.



സംസ്ഥാന മാധ്യമ അവാർഡുകൾ സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി വിതരണം ചെയ്യുന്നു.

# ജനശ്രദ്ധയാകർഷിച്ച ഗാന്ധിജയന്തി വാരാഘോഷം



**ഗാന്ധിജയന്തി വാരാഘോഷം സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു. സാംസ്കാരികമന്ത്രി കെ.സി. ജോസഫ് സമീപം**

മദ്യം ലഹരിവസ്തുക്കൾ എന്നിവയ്ക്കെതിരെയുള്ള ഗാന്ധി സന്ദേശങ്ങൾ പാഠ്യപദ്ധതിയിലുൾപ്പെടുത്താൻ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ ഗാന്ധിയൻ സംഘടനകളുടെ സഹകരണത്തോടെ സംഘടിപ്പിച്ച ഗാന്ധിജയന്തി വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. അഹിംസയുടെ മാർഗത്തിൽ ഏതൊരു സാമൂഹിക തിന്മകളെയും പരാജയപ്പെടുത്താനാകുമെന്ന് ലോകത്തെ ബോധ്യപ്പെടുത്തിയെന്നതാണ് മഹാത്മജിയുടെ പ്രസക്തി. ഗാന്ധിയൻ സന്ദേശങ്ങളുടെ പ്രസക്തി പുതിയ കാലത്തും വർധിക്കുകയാണ്. ഐക്യരാഷ്ട്ര സംഘടനപോലും സമാധാനത്തിന്റെ വക്താവായി ഗാന്ധിജിയെ അംഗീകരിച്ചത് ഇതിന് തെളിവാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ആധുനിക കാലത്തെ സമസ്ത പ്രശ്നങ്ങൾക്കും ഉത്തരം ഗാന്ധി ദർശനങ്ങളാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലും ജീവിത ദർശനങ്ങളിലും കാഴ്ചപ്പാടുകളിലും വലിയ മാറ്റങ്ങളുണ്ടായ 21 ാം നൂറ്റാണ്ടിലും ഗാന്ധിജിയുടെ ചിന്താഗതികൾ പ്രസക്തമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ വകുപ്പ് പ്രസിദ്ധീകരിച്ച 'ഗാന്ധിസൂക്തം', 'പ്രണാമം' എന്നീ പുസ്തകങ്ങളുടെ പ്രകാശനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കേരള സർവകലാശാല വൈസ് ചാൻസിലർ എം. വീരമണികണ്ഠന് നൽകി നിർവഹിച്ചു. ഗ്ലോബൽ ഗാന്ധിയൻ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതിയുടെ ഉദ്ഘാടനം നിർധനയായ കെ. സുകിതയ്ക്ക് ധനസഹായം നൽകി മന്ത്രി കെ.സി. ജോസഫ് നിർവഹിച്ചു. ഡോ.എൻ. രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി ഗാന്ധിസന്ദേശം ചൊല്ലിക്കൊടുത്തു. സത്യഗ്രഹ ഫൗണ്ടേഷൻ പ്രസിഡന്റ് മലയിൻകീഴ് വേണുഗോപാൽ, ഐ&പി. ആർ. ഡി. സെക്രട്ടറി റാണി ജോർജ്, ഡയറക്ടർ മിനി ആന്റണി എന്നിവർ സംസാരിച്ചു. പരിപാടിയുടെ ഭാഗമായി വി.ജെ.ടി. ഹാളിൽ ഗാന്ധി ചിത്രപ്രദർശനം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ഒക്ടോബർ എട്ടുവരെ നീണ്ട വാരാഘോഷത്തിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ സെമിനാറുകൾ, സ്കൂൾ, കോളേജ് വിദ്യാർഥികൾക്കായി കലാ-സാഹിത്യമത്സരങ്ങൾ, വിവിധ കലാപരിപാടികൾ എന്നിവ നടന്നു.



**ഗാന്ധിജയന്തിയോടനുബന്ധിച്ച് ഗാന്ധിപാർക്കിലെ ഗാന്ധിപ്രതിമയിൽ ഗായകൻ കെ.ജെ. യേശുദാസ് പുഷ്പമാല ചാർത്തുന്നു.**

# വിജ്ഞാന വസന്തം വിരിയുന്ന മലപ്പുറം

**വി**ദ്യാഭ്യാസ മുന്നേറ്റത്തിന്റെ വസന്തകാലമാണ് ഇപ്പോൾ മലപ്പുറത്ത്. മലയാള സർവകലാശാല, മഞ്ചേരി മെഡിക്കൽ കോളേജ്, താനൂർ ഗവ. കോളേജ് എന്നിങ്ങനെ വിദ്യാഭ്യാസ രംഗത്തെ വൻകുതിച്ചുചാട്ടത്തിന് സഹായകരമാവുന്ന മൂന്ന് സ്ഥാപനങ്ങളിൽ കഴിഞ്ഞ മാസങ്ങളിൽ ക്ലാസുകളാരംഭിച്ചു.



മഞ്ചേരി ഗവ. മെഡിക്കൽ കോളേജിന്റെ ഉദ്ഘാടനവേളയിൽ

## അഭിമാനമായി മഞ്ചേരി മെഡിക്കൽ കോളേജ്

ജില്ലയുടെ ആരോഗ്യ-വിദ്യാഭ്യാസ മേഖലയിൽ നാഴികക്കല്ലായ മഞ്ചേരി ഗവ. മെഡിക്കൽ കോളേജ് സെപ്റ്റംബർ ഒന്നിന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നാടിന് സമർപ്പിച്ചു. 31 വർഷത്തിനു ശേഷം സർക്കാർ മേഖലയിൽ ആരംഭിച്ച ആദ്യ മെഡിക്കൽ കോളേജിന്റെ ഉദ്ഘാടനത്തിന് സാക്ഷ്യം വഹിക്കാൻ ആയിരങ്ങൾ ഒഴുകിയെത്തി.

ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ അധ്യക്ഷനായി. പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ മുഖ്യാതിഥിയായി. അധ്യാപകരുടെ പാർപ്പിട സമുച്ചയത്തിന്റെ ശിലാസ്ഥാപനം കേന്ദ്ര വിദേശകാര്യസഹമന്ത്രി ഇ. അഹമ്മദ് നിർവഹിച്ചു. അക്കാദമിക് ബ്ലോക്ക് ശിലാസ്ഥാപനം വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിയും ഹോസ്റ്റൽ ശിലാസ്ഥാപനം ധനകാര്യമന്ത്രി കെ.എം. മാണിയും ലൈബ്രറി ഉദ്ഘാടനം വൈദ്യുത മന്ത്രി ആര്യാടൻ മുഹമ്മദും നിർവഹിച്ചു. മന്ത്രിമാരായ പി.കെ. അബ്ദുറബ്ബ്, എ.പി. അനിൽകുമാർ, മഞ്ഞളാംകുഴി അലി എന്നിവർ ഉപഹാരങ്ങൾ കൈമാറി.

മഞ്ചേരി ജനറൽ ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്ക് നിർമിച്ച അഞ്ചു നില കെട്ടിടത്തിലാണ് കോളേജ് പ്രവർത്തിക്കുന്നത്. 100 സീറ്റുകളാണുള്ളത്. അനാട്ടമി, ഫിസിയോളജി, ബയോ കെമിസ്ട്രി, പാത്തോളജി, മൈക്രോബയോളജി പഠന വിഭാഗങ്ങൾക്കുള്ള ലബോറട്ടറികൾ, പഠനമുറികൾ, ലൈബ്രറികൾ എന്നിവ ഒരുക്കി. 3.30 കോടി രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. 2500 പുസ്തകങ്ങളാണ് ലൈബ്രറിയിലുള്ളത്. വൈഫൈ സൗകര്യമുള്ള ഇ-ലൈബ്രറിയും സജ്ജമായിട്ടുണ്ട്.

## മലയാളത്തിന് മുന്നേറ്റമായി സർവകലാശാല

ഭാഷാ സ്നേഹികളുടെ ചിരകാലാഭിലാഷമായ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല പഠന പ്രവർത്തനങ്ങളുടെ ആരംഭവും ലൈബ്രറി ഉദ്ഘാടനവും ഓഗസ്റ്റ് 17 ന് ഗവർണർ നിഖിൽ കുമാർ നിർവഹിച്ചു. യുവതലമുറയ്ക്ക് വ്യക്തമായ മാർഗനിർദേശം നൽകാൻ മലയാള സർവകലാശാലയ്ക്ക് കഴിയണമെന്ന് അദ്ദേഹം പറഞ്ഞു.

വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ് അധ്യക്ഷനായി. ഇ.ടി. മുഹമ്മദ് ബഷീർ എം.പി., സി. മമ്മൂട്ടി എം.എൽ.എ. എം.ടി. വാസുദേവൻ നായർ, സി. രാധാകൃഷ്ണൻ, വൈസ് ചാൻസലർ കെ. ജയകുമാർ, രജിസ്ട്രാർ കെ.പി. ഉമർ എന്നിവർ സംസാരിച്ചു. ജില്ലാ കളക്ടർ കെ. ബിജു, ആർ.ഡി.ഒ. കെ. ഗോപാലൻ എന്നിവർ പങ്കെടുത്തു.

തുഞ്ചൻ സ്മാരക ഗവ. കോളേജിന്റെ അഞ്ചേക്കർ സ്ഥലത്താണ് ഇടക്കാല മന്ദിരം. 11800 ചതുരശ്ര അടിയിൽ 2.16 കോടി ചെലവിലാണ് ആസ്ഥാന മന്ദിരം നിർമിച്ചിരിക്കുന്നത്. സ്ഥലമേറ്റെടുപ്പ് പൂർത്തിയായാൽ കെട്ടിടം കോളേജിന് കൈമാറും. അഞ്ച് ക്ലാസ് മുറികൾ, ലൈബ്രറി, സമ്മേളന ഹാൾ, വൈസ് ചാൻസലർ ഓഫീസ്, സ്റ്റാഫ് റൂം എന്നിവ അടങ്ങിയതാണ് കെട്ടിടം. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പ്രീഫാബിനായിരുന്നു നിർമാണ ചുമതല. 98 ദിവസം കൊണ്ടാണ് നിർമാണം പൂർത്തിയാക്കിയത്.



# മുഖ്യമന്ത്രിയെ കാണാൻ സെക്രട്ടേറിയറ്റിൽ
## പുതിയ സന്ദർശനകേന്ദ്രം



സെക്രട്ടേറിയറ്റിലെ പുതിയ സന്ദർശകകേന്ദ്രം ഉദ്ഘാടനത്തിനുശേഷം മുഖ്യമന്ത്രി പരാതികൾ സ്വീകരിക്കുന്നു

**പൊ**തുജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും തുടർനടപടികൾക്കുമായി സെക്രട്ടേറിയറ്റ് കോംപൗണ്ടിൽ നോർത്ത് ബ്ലോക്കിന് മുൻവശത്ത് പണിത സന്ദർശക കേന്ദ്രം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. പൊതുജനങ്ങളുമായി നേരിട്ട് ഇടപഴകുന്നതിനും അവരുടെ പരാതികൾ വേഗത്തിൽ തീർപ്പാക്കുന്നതിനുമാണ് സന്ദർശകകേന്ദ്രം നിർമിച്ചതെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. മദ്യത്തിനും ലഹരിക്കുമെതിരെ കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വിദ്യാർഥികൾ തയാറാക്കിയ നാലുലക്ഷം കത്തുകൾ ചടങ്ങിൽ മുഖ്യമന്ത്രി സ്വീകരിച്ചു. ഗാന്ധിജയന്തി ദിനത്തിൽ തന്നെ സന്ദർശകകേന്ദ്രം ഉദ്ഘാടനം ചെയ്യാനായതും മദ്യത്തിനും ലഹരിക്കുമെതിരെയുള്ള കത്തുകൾ കുട്ടികളിൽ നിന്നും സ്വീകരിക്കാനായതും ഏറെ സന്തോഷം നൽകുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ചീഫ് സെക്രട്ടറി ഇ.കെ. ഭരത്ഭൂഷൺ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പി. എസ്. ശ്രീകുമാർ, പൊതുഭരണവകുപ്പ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ, പ്രോട്ടോക്കോൾ ഓഫീസർ വിജയകുമാർ എന്നിവർ പങ്കെടുത്തു.

## തീരദേശമേഖലയിൽ മാറ്റത്തിന് വഴിയൊരുക്കി ഗവ. കോളേജ്

തീരദേശ മേഖലയിൽ മുന്നേറ്റത്തിന് വഴിയൊരുക്കി താനൂർ ഗവ. കോളേജ് ഓഗസ്റ്റ് 23 ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നാടിന് സമർപ്പിച്ചു. സർക്കാർ കോളേജുകളില്ലാത്ത മണ്ഡലങ്ങളിൽ കോളേജ് അനുവദിക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ് താനൂരിൽ കോളേജ് ആരംഭിച്ചത്.

ഉന്നത വിദ്യാഭ്യാസരംഗത്ത് സമഗ്ര മാറ്റം വരുത്തുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ഉന്നത വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പഠിക്കാൻ നിശ്ചയിച്ച കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മികച്ച കോളേജുകൾക്ക് സ്വയംഭരണം നൽകും. കോളേജുകൾക്ക് സ്വയംഭരണം നൽകുന്നത് വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റത്തിന് സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു.

പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പുത്തൻതെരു കെ.പുരം ഐ.ടി.ഐയിലെ പുതിയ ബ്ലോക്കിലാണ് ക്ലാസുകൾ താത്കാലികമായി ആരംഭിക്കുക. താനൂർ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ വൊക്കേഷണൽ ഹയർ സെക്കൺഡറി സ്കൂളിന് സമീപമുള്ള അഞ്ച് ഏക്കർ ഭൂമിയിലാണ് സ്ഥിരം കെട്ടിടം നിർമിക്കുക. എം.എൽ.എയുടെ ആസ്ഥി വികസന ഫണ്ടിൽ നിന്നും അഞ്ച് കോടി ഇതിന് നീക്കിവെച്ചിട്ടുണ്ട്. എം.എൽ.എ ഫണ്ട് ഉപയോഗിച്ച് താത്കാലിക കെട്ടിടത്തിൽ ഫർണീച്ചറും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കും. അഞ്ച് കോഴ്സുകളിലായി 132 സീറ്റാണ് കോളേജിനുള്ളത്.

*നബീൽ റാശിദ്*

*അസി. എഡിറ്റർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, മലപ്പുറം*

# തൊഴിലുറപ്പ് : ജലസ്രോതസ്സുകൾ നഷ്ടപ്രതാപം വീണ്ടെടുക്കുന്നു

**തൊ**ഴിലുറപ്പ് പദ്ധതിയിലൂടെ പത്തനംതിട്ട ജില്ലയിൽ ചാലും പുഴയും തോടും കുളവും നഷ്ടപ്രതാപം വീണ്ടെടുക്കുന്നു

പുളിക്കീഴ് ബ്ലോക്കിൽ കുറ്റൂർ പഞ്ചായത്തിലെ മൂന്നും പതിനൊന്നും വാർഡിലൂടെ കടന്നുപോകുന്ന ചെളിയും പോളയും അടിഞ്ഞ് കിടന്ന മതിരമ്പുഴ ചാലിന് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പുനർജന്മം ലഭിച്ചു. ഒരു കാലത്ത് മണിമലയാറ്റിൽ നിന്നും കൃഷിക്കായി നിർമിച്ച ചാൽ പോളയും പുല്ലും നിറഞ്ഞ് ഉപയോഗശൂന്യമായി കിണറുകളും മറ്റ് കുടിവെള്ള സ്രോതസ്സുകളും വൃത്തിഹീനവുമായിരുന്നു. കഴിഞ്ഞ വർഷം 15 ഘട്ടങ്ങളായി മതിരമ്പുഴ ചാൽ വൃത്തിയാക്കി. അതിന്റെ തുടർച്ചയായി ഈ വർഷം അഞ്ച് ഘട്ടങ്ങളായി വൃത്തിയാക്കൽ നടപടികൾ നടത്തി. 165 തൊഴിലാളികൾ ഒരു മാസം പണിയെടുത്തു. ഓരോ ഘട്ടത്തിലും 191774 രൂപ അനുവദിച്ചു.

20 വർഷം മുമ്പ് പഞ്ചായത്ത് കമ്മിറ്റി മുൻകൈയെടുത്ത് വള്ളംകളി നടത്തിയിരുന്ന ചാലാണ് വനിതകൾ മുൻകൈയെടുത്ത് വൃത്തിയാക്കിയത്. ചാലിന്റെ പുനരുദ്ധാരണം വഴി കുടിവെള്ളം ശുചിയായതായി നാട്ടുകാർ പറഞ്ഞു. മാലിന്യമായിരുന്നു മറ്റൊരു പ്രശ്നം. ചാലിനുള്ളിൽ വളർന്നു കിടന്ന പുല്ല് ചീഞ്ഞ് ദുർഗന്ധം മൂലം ആളുകൾക്ക് വഴിനടക്കാൻ പാടില്ലായിരുന്നു. പകർച്ച രോഗങ്ങൾ പടർന്ന് പിടിക്കാനുള്ള സാഹചര്യങ്ങളും നിലനിന്നിരുന്നു. ചാലിന്റെ ശുചീകരണത്തോടെ ഇതിനും ശാശ്വത പരിഹാരമായി.

നെടുമ്പ്രം പഞ്ചായത്തിലെ വാളകം തോട് നാടിന് ശാപമായിരുന്നു. എന്നാൽ ഇന്ന് തോട് നാട്ടുകാർക്ക് അനുഗ്രഹമാണ്. അഴുക്കും മാലിന്യവും ചെളിയും അടിഞ്ഞ തോട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തിയിലൂടെ വൃത്തിയാക്കി. നാൽപ്പതിൽപ്പരം തൊഴിലാളികളുടെ 50 ദിവസത്തെ ശ്രമഫലമായി തോട് മാലിന്യത്തിൽ നിന്നും മോചനമായി. പുനരുദ്ധാരണത്തിന് 16 ലക്ഷം രൂപ ചെലവഴിച്ചു. തോട് വൃത്തിയാക്കിയതുമൂലം പമ്പയാറിൽ നിന്നുള്ള ശുദ്ധമായ നീരൊഴുക്ക് സാധ്യമായതോടെ തോടിന് സമീപം കൃഷിയിറക്കിയ കുടുംബങ്ങൾക്ക് 45 ഹെക്ടറിൽപരം കൃഷിക്ക് ഉപയോഗപ്രദമായി.

ഏറത്ത് ഗ്രാമപഞ്ചായത്തിൽ കയർഭൂവസ്ത്രം ഉപയോഗിച്ച് മലയാറ്റിൽതോട് ഉപയോഗപ്രദമാക്കി. 610674 രൂപ ചെലവഴിച്ചു. തൊഴിലുറപ്പ് പദ്ധതിയിലെ 65 തൊഴിലാളികൾക്ക് തോടു നിർമാണ പ്രവർത്തനങ്ങളുടെ ഏഴ് റീച്ചുകളിലായി തൊഴിൽ ലഭിച്ചു. 2164 തൊഴിൽ ദിനങ്ങൾ ലഭ്യമായി. ഓരോ റീച്ചിലും 125 മീറ്റർ വീതം 875 മീറ്റാറാണ് തോടിന്റെ പാർശ്വഭിത്തി നിർമിച്ചു ബലപ്പെടുത്തിയത്. ആറ് ഹെക്ടറിൽ ഏറെ കൃഷി ഭൂമി തോടിന്റെ ഇരുഭാഗമായുണ്ട്.

വർഷങ്ങളായി ചെളിയും ചേറും നിറഞ്ഞ് വൃത്തിഹീനമായി കിടന്ന കടപ്ര പഞ്ചായത്തിലെ തിക്കപ്പുഴയ്ക്കും ശാപമോക്ഷം ലഭിച്ചു. പമ്പാനദിയിലേക്കുള്ള തോടുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പുഴ പുനരുദ്ധരിച്ചത്. കടപ്ര, പരുമല പഞ്ചായത്തുകളിലെ അഞ്ച്, ആറ് വാർഡുകളിലൂടെ കടന്ന് പമ്പാനദിയിൽ എത്തുന്ന പുഴയാണിത്. ഏപ്രിൽ, മേയ് മാസങ്ങളിൽ നീരൊഴുക്ക് കുറയുന്ന തിക്കപ്പുഴയിൽ മാലിന്യങ്ങൾ വലിയ പ്രശ്നമായിരുന്നു. പുഴയുടെ ശുചീകരണത്തിനായി ഓരോ വാർഡിലും മൂന്ന് ഘട്ടമായി ആറ് എസ്റ്റിമേറ്റുകൾ എടുത്തായിരുന്നു പണി. 2.23 ലക്ഷം രൂപ നീക്കിവച്ചു. തിക്കപ്പുഴ വൃത്തിയാക്കലുമായി ബന്ധപ്പെട്ട് കടപ്ര അഞ്ച്, ആറ് വാർഡിലെ 76 പേർക്കും, പരുമല അഞ്ച്, ആറ് വാർഡിലെ 103 പേർക്കും തൊഴിൽ ലഭ്യമായി. തോട്ടിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് തോടിന് ആഴം കൂട്ടി. ഇതിന്റെ ഫലമായി അടുത്ത വരൾച്ചക്കാലത്ത് കൂടുതൽ വെള്ളം സംഭരിക്കാൻ തിക്കപ്പുഴയ്ക്ക് കഴിയും.



കുറ്റൂർ പഞ്ചായത്തിൽ 15 വർഷമായി പായലും പോളയും തിങ്ങി നിറഞ്ഞ ആഞ്ഞിലിക്കുഴിയാർ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ സ്ത്രീ തൊഴിലാളികൾ പുനരുദ്ധരിച്ചു. 159 സ്ത്രീ തൊഴിലാളികൾ 14 ദിവസം കൊണ്ട് അഞ്ച് ഘട്ടമായാണ് പണി പൂർത്തിയാക്കി നാടിന് അഭിമാനമായത്. തെങ്ങേലി ഏറ്റ്കടവ് മുതൽ വാളത്തോട് പുത്തൻതോട് വഴി മണിമലയാറിൽ ചെന്നു ചേരുന്നതാണ് ആഞ്ഞിലിക്കുഴിയാർ. 3,10,11,12,13 വാർഡിലെ സ്ത്രീ തൊഴിലാളികളാണ് പണി പൂർത്തിയാക്കിയത്. അഞ്ച് ഘട്ടങ്ങളിലായി 558820 രൂപ ചെലവഴിച്ചു. 2012-13ൽ 20 ഭാഗങ്ങളായി ആറിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഏറ്റുകടവു മുതൽ ഇരട്ടിച്ചിറ ഭാഗം വരെയുള്ള ഭാഗമാണ് വൃത്തിയാക്കിയത്. വലിയ യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് വൃത്തിയാക്കേണ്ട ആറാണ് വനിതകൾ വൃത്തിയാക്കിയത്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നീർത്തട പദ്ധതിയിലൂടെ ഏറത്ത് ഗ്രാമപഞ്ചായത്ത് ചൂരക്കോട് വാർഡിലെ വഞ്ഞിപ്പുഴ കുളം നവീകരിച്ചു. തൊഴിലുറപ്പ് പദ്ധതിയിലെ 48 തൊഴിലാളികളെ ഉൾപ്പെടുത്തി 410 തൊഴിൽ ദിനങ്ങളിലായാണ് കുളം നവീകരണം പൂർത്തിയാക്കിയത്.

ഉപയോഗ ശൂന്യമായ കുളം പ്രയോജനകരമാക്കിയത് 50ലേറെ കുടുംബങ്ങൾക്ക് സഹായകമായി. പ്രത്യേകിച്ചും വേനൽ കാലത്ത് പ്രദേശവാസികളും കർഷകരും കുടിവെള്ളത്തിനും, ജലസേചനത്തിനും കുളത്തെയാണ് ആശ്രയിക്കാറുള്ളത്.

*-ശക്തികുമാർ.ആർ*
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പത്തനംതിട്ട*

# തൊഴിലുറപ്പ് പദ്ധതിയിൽ ഉത്പാദന മേഖലയെ ഉൾപ്പെടുത്തണം: കെ.സി. ജോസഫ്

ഉത്പാദനമേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്താൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കണമെന്ന് ഗ്രാമവികസന വകുപ്പു മന്ത്രി കെ.സി. ജോസഫ് ആവശ്യപ്പെട്ടു. കേവലം ജോലി നൽകാൻ വേണ്ടി മാത്രം ജോലി നൽകുന്ന പദ്ധതിയായി തൊഴിലുറപ്പു പദ്ധതി മാറിയിരിക്കുന്നു. ഇതിൽ മാറ്റം വന്നില്ലെങ്കിൽ ഉത്പാദന മേഖലയെ അതു ദോഷകരമായി ബാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. മുളങ്കുന്നത്തുകാവ് കിലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളും പഞ്ചായത്തുകളും എന്ന വിഷയത്തിൽ നടത്തിയ ദ്വിദിന ദേശീയ സെമിനാറിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

കന്നുകാലി വളർത്തൽ, കയർ-ഖാദി, ആവർത്തന കാർഷിക പ്രവൃത്തികൾ എന്നിവയും തൊഴിലുറപ്പു പദ്ധതിയിലുൾപ്പെടുത്തണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ പ്രതികരണം തൃപ്തികരമല്ല. 2010-11 ൽ സംസ്ഥാന തൊഴിലുറപ്പിൽ 701 കോടി ചെലവഴിക്കാൻ സാധിച്ചു. ഇത് വലിയ നേട്ടമാണെന്നും മന്ത്രി പറഞ്ഞു. ഇപ്പോൾ റോഡരികിലെ പുല്ലുവെട്ടാനും മണ്ണു മാറ്റാനും മാത്രമാണ് ഈ പണത്തിന്റെ ഭൂരിഭാഗവും ചെലവഴിക്കുന്നത്. തന്മൂലം കാർഷിക മേഖലയിൽ പണിയെടുക്കാൻ തൊഴിലാളികളെ കിട്ടാത്ത അവസ്ഥയുണ്ട്. ക്ഷീരമേഖലയെക്കൂടി തൊഴിലുറപ്പിൽ ഉൾപ്പെടുത്തിയാൽ ഒരു വർഷത്തിനുള്ളിൽ പാൽ ഉത്പാദന രംഗത്ത് സ്വയംപര്യാപ്തത നേടാൻ സംസ്ഥാനത്തിന് കഴിയും. ഇല്ലെങ്കിൽ ഇപ്പോൾ ഈ രംഗത്തു നിൽക്കുന്നവർ കൂടി കന്നുകാലി വളർത്തൽ ഉപേക്ഷിക്കുന്ന സ്ഥിതിയുണ്ടാകുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

പദ്ധതികളുടെ നടത്തിപ്പ് മാനദണ്ഡങ്ങളിൽ ഓരോ സംസ്ഥാനത്തിന്റെയും സാഹചര്യങ്ങൾക്കനുസൃതമായി മാറ്റം വരുത്തണം. ഓരോ സംസ്ഥാനത്തിന്റെയും സാമൂഹികപശ്ചാത്തലം വ്യത്യസ്തമാണ്. ബീഹാറിനും കാശ്മീരിനും കേരളത്തിനും ഓരേ മാനദണ്ഡമെന്നത് അപ്രായോഗികമാണ്. പദ്ധതികളുടെ നടത്തിപ്പിൽ ത്രിതല പഞ്ചായത്തുകൾക്ക് കൂടുതൽ പങ്കാളിത്തവും നിയന്ത്രണാധികാരവും നൽകാൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി ജോസഫ് പറഞ്ഞു. പഞ്ചായത്തിരാജ് പദ്ധതികളുടെ കഴിഞ്ഞ രണ്ട് ദശാബ്ദക്കാലത്തെ നേട്ടങ്ങളും പോരായ്മകളും പഠിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചത് സ്വാഗതാർഹമാണ്.

പഞ്ചായത്ത്-സാമൂഹികനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ അധ്യക്ഷത വഹിച്ചു. ഗ്രാമീണ മേഖലയുടെ സാമ്പത്തിക വികസനത്തിനും നാടിന്റെ പുരോഗതിക്കുമുള്ള പദ്ധതികളാണ് നമുക്കാവശ്യമെന്ന് അദ്ദേഹം പറഞ്ഞു. നിലവിൽ ദാരിദ്ര്യ നിർമാർജനപദ്ധതികൾക്കാണ് കേരളം കൂടുതൽ ഊന്നൽ നൽകുന്നത്. പദ്ധതികളുടെ നടത്തിപ്പിൽ നിലവിലുള്ള പോരായ്മകൾ പരിഹരിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

പഞ്ചായത്തീരാജ് ഭരണ സംവിധാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് കൂടുതൽ ഉത്തരവാദിത്വം നിറവേറ്റാനുണ്ടെന്ന് പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്ത മുൻ കേന്ദ്രമന്ത്രി മണി ശങ്കർ അയ്യർ പറഞ്ഞു. വെല്ലുവിളികൾ നേരിടാൻ ഇവർ പ്രാപ്തരാകണം. പദ്ധതികളെക്കുറിച്ച് കൂടുതൽ അറിവു നേടണമെന്നും അദ്ദേഹം നിർദേശിച്ചു.

മുൻധനമന്ത്രി ടി.എം. തോമസ് ഐസക് എം.എൽ.എ., യൂണിസെഫ് പ്രതിനിധി ജോവാക്കിൻ ഗോൺസലെസ് അലിമൻ, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. കെ.എ. സരള, തദ്ദേശവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജയിംസ് വർഗീസ്, നിലമ്പൂർ നഗരസഭാ ചെയർമാൻ ആര്യാടൻ ഷൗക്കത്ത്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് എം. മണികണ്ഠൻ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി, അഡ്വ. ഫിലിപ്പോസ് തോമസ്, കില ഡയറക്ടർ പി.പി. ബാലൻ എന്നിവർ സംസാരിച്ചു.

കേന്ദ്രസർക്കാരിന്റെ ഗ്രാമവികസന മന്ത്രാലയവും കിലയും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. 17 സംസ്ഥാനങ്ങളിൽ നിന്നായി 68 വിദഗ്ധർ സെമിനാറിൽ പങ്കെടുത്തു.

*എം.എസ്. അലിക്കുഞ്ഞ്*

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ,*
*തൃശൂർ*




**മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 തൊഴിൽദിനം പൂർത്തിയാക്കിയ തൊഴിലാളികൾക്ക് ഓണക്കോടിവിതരണം മന്ത്രി കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു**

# നാടിനെ പച്ചപുതപ്പിച്ച് മുട്ടോംകടവ് പദ്ധതി

മണ്ണിനേയും കൃഷിയേയും നെഞ്ചോട് ചേർക്കുന്ന ഒരു കൂട്ടം കർഷകരുടെ സ്വപ്ന ങ്ങൾക്കും പ്രതീക്ഷകൾക്കും പുതു ജീവൻ നൽകി മുട്ടോംകടവ് നീർത്തട വികസന പദ്ധതി യാഥാർഥ്യമാകുന്നു. ജലസേചന പദ്ധതികളുടെ കുറവും മണ്ണ്-ജല സംര



ക്ഷണ പ്രവർത്തനങ്ങളുടെ അപര്യാപ്ത തയും മൂലം കർഷകർ കൃഷി ഉപേക്ഷിച്ച് മറ്റ് മേഖലകളിലേക്ക് മാറിപ്പോകുന്ന സാഹ ചര്യത്തിലാണ് മണ്ണിനെ ജലസമ്പുഷ്ടമാക്കു ന്നതോടൊപ്പം കാർഷിക മേഖലയെ അഭി വൃദ്ധിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ജില്ലാ മണ്ണ് സംരക്ഷണ വിഭാഗം മുട്ടോംക ടവ് നീർത്തട വികസന പദ്ധതി നടപ്പിലാ ക്കുന്നത്. ബളാൽ, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി എന്നീ പഞ്ചായത്തുകളിൽ 940 ഹെക്ടറുകളിലായി പദ്ധതി വ്യാപിച്ചു കിട ക്കുന്നു. പദ്ധതി പ്രദേശങ്ങളിൽ പെയ്യുന്ന മഴ വെള്ളം മുഴുവൻ മണ്ണ് സംരക്ഷണാർഥം നിരവധി ചെറുചാലുകളായി തിരിച്ച് ഒടു വിൽ ബളാൽ പഞ്ചായത്തിലെ മുട്ടോം കടവ് തോട്ടിലെത്തുന്നു.

വരൾച്ച തടയുന്നതിലൂടെ മേൽമണ്ണിന്റെ ശോഷണം തടയാനും കൂടുതൽ പ്രദേശം കൃഷിയോഗ്യമാക്കാനും ഇതുവഴി കഴിയും. പരിസ്ഥിതി സംരക്ഷണത്തോടൊപ്പം പ്രാദേ ശികമായി 25000ത്തോളം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു എന്നതും പദ്ധതി യുടെ സുപ്രധാന നേട്ടങ്ങളിലൊന്ന്.

ചെരിഞ്ഞ് ചെങ്കൽ പാറകളുള്ള പ്രദേശ മായതിനാൽ മഴയെ ആശ്രയിച്ചുള്ള കൃഷി യാണ് ബഹുഭൂരിഭാഗം പ്രദേശങ്ങളിൽ നട ക്കുന്നത്. ജനങ്ങൾ കുടിവെള്ളത്തിനായി ടാങ്കർ ലോറികളെ ആശ്രയിക്കുകയാണ് പതി വ്. വരൾച്ച മൂലം കൃഷിനാശവും വ്യാപകം. റബ്ബർ, കശുമാവ്, നെല്ല്, വാഴ, പച്ചക്കറികൾ, ഇടവിളകൾ എന്നിവയാണ് കൂടുതലായി കൃഷി ചെയ്യുന്നത്. ബളാൽ, ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി, കോടോംബേളൂർ, പനത്തടി, കുറ്റിക്കോൽ, ബേഡഡുക്ക എന്നീ പ്രദേശ ങ്ങളിലായി പദ്ധതിയുടെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഉപഭോക്തൃ സമിതിയാണ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. പത്ത് പട്ടികവർഗ കോളനികൾ ഉൾപ്പെടെ 650 ഓളം കർഷക കുടുംബങ്ങൾക്കാണ് പദ്ധതിയുടെ ഗുണം ലഭിക്കുന്നത്

2011 ഓഗസ്റ്റിലാണ് മുട്ടോംകടവ് നീർത്തട വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഒരുകോടി 23 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ കയ്യാല നിർമാണത്തിന് 71 ലക്ഷം തോടുകളുടെ പാർശ്വഭിത്തി സംര ക്ഷണം 14.20 ലക്ഷം, കുളംനിർമാണം രണ്ട് ലക്ഷം, സർവേ പരിശീലന ഡോക്യുമെന്റേ ഷൻ 1.05 ലക്ഷം എന്നിങ്ങനെ വിനിയോ ഗിച്ചുവെന്ന് നിർവഹണോദ്യോഗസ്ഥനായ ജില്ലാ മണ്ണ് സംരക്ഷണ വിഭാഗം തലവൻ വി.എം.അശോക് കുമാർ അറിയിച്ചു.

*ഗിരീഷ് കെ,*
*ഇൻഫർമേഷൻ അസിസ്റ്റന്റ്, കാസർകോട്*

# ഓണത്തിന് ദൃശ്യവിരുന്നേകി 'കാഴ്ച'



ഐ & പി.ആർ.ഡി ജീവനക്കാർ കളക്ടറേറ്റിൽ ഒരുക്കിയ പൂക്കളം

ഓണത്തോടനുബന്ധിച്ച് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് മേഖലാ ഡെപ്യൂട്ടി ഡയറക്ടറേ റ്റിന്റെ നേതൃത്വത്തിൽ സിവിൽ സ്റ്റേഷനിൽ കാഴ്ച വാർത്താ ചിത്രപ്രദർശനം സംഘടിപ്പിച്ചു. പ്രസ് ക്ലബ് അംഗങ്ങളായ 23 ന്യൂസ് ഫോട്ടോഗ്രാഫർമാരുടെ ഏറ്റവും മികച്ച എഴുപതോളം ചിത്രങ്ങൾ കോർത്തി ണക്കിയ പ്രദർശനം ജില്ലാ കളക്ടർ സി. ലത ഉദ്ഘാ ടനം ചെയ്തു.

കാഴ്ചയ്ക്ക് മുന്നോടിയായി ഐ&പി.ആർ.ഡി. ജീവനക്കാർ ഒരുക്കിയ ഓണപ്പൂക്കളത്തിനു മുന്നിൽ കളക്ടർ ഭദ്രദീപം തെളിയിച്ചു. മേഖലാ ഡെപ്യൂട്ടി ഡയ റക്ടർ പി. വിനോദ്, ജില്ലാ ഇൻഫർമേഷൻ ഓഫീ സർ ഖാദർ പാലാഴി, പത്രപ്രവർത്തക യൂണിയൻ നിയുക്ത സംസ്ഥാന പ്രസിഡന്റ് കെ. പ്രേംനാഥ്, കാലിക്കറ്റ് പ്രസ് ക്ലബ് നിയുക്ത പ്രസിഡന്റ് കമാൽ വരദൂർ, വൈസ് പ്രസിഡന്റ് അബൂബക്കർ നടുക്കണ്ടി തുടങ്ങിയവർ പങ്കെടുത്തു.

*പി. വിനോദ്*
*മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്*




## അംഗപരിമിതരുടെ സംവരണം കൂടുതൽ തസ്തികകളിൽ

ക്ലാസ് ഒന്ന്, രണ്ട് വിഭാഗങ്ങളിൽ അംഗപരിമിതർക്കുള്ള സംവരണത്തിൽ താഴെ പറയുന്ന തസ്തികകൾ കൂടി ഉൾപ്പെടുത്തി ഉത്തരവായി.

1. അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ - കേരളാ സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ സർവീസ് (ലോക്കോമോട്ടോർ ഡിസെബ്ലിറ്റി)

2. അസിസ്റ്റന്റ് എൻജിനീയർ - തദ്ദേശ സ്വയംഭരണം, വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ഹൗസിങ് ബോർഡ്, മലിനീകരണ നിയന്ത്രണ ബോർഡ്, കെ.എസ്.എൽ.ഡി.ബി. (ലോക്കോമോട്ടോർ ഡിസെബ്ലിറ്റി, ബധിരത, കാഴ്ചക്കുറവ്)

അംഗപരിമിതർക്ക് അനുയോജ്യമായ കൂടുതൽ തസ്തികകൾ കണ്ടെത്താനായി സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി നൽകിയ ശുപാർശ അനുസരിച്ചാണ് നടപടി. അംഗപരിമതർക്കായുള്ള (തുല്യ അവസരങ്ങൾ, അവകാശ സംരക്ഷണം, സമ്പൂർണമായ പങ്കാളിത്തം) ചട്ടം 1995 അനുസരിച്ച് എല്ലാ



സർക്കാരുകളും എല്ലാ സ്ഥാപനങ്ങളും മൂന്നു ശതമാനത്തിൽ കുറയാതെ അംഗപരിമിതർക്ക് നിയമനം നൽകേണ്ടതുണ്ട്. അതിൽ ഒരു ശതമാനം മേൽപ്പറഞ്ഞ ദുരിതമനുഭവിക്കുന്ന വ്യക്തികൾക്കായി സംവരണം ചെയ്തിരിക്കുന്നു. സ.ഉ.(പി). നം. 74/2013/സാമൂഹികനീതി, തീയതി 09.09.2013

## കാർഷിക കർമസേനയ്ക്ക് ഭരണാനുമതി

കാർഷിക രംഗത്തെ തൊഴിലവസരങ്ങൾ വർധിപ്പിച്ച് തടസ്സമില്ലാതെ തൊഴിൽ ശക്തി ലഭ്യമാക്കാനുദ്ദേശിച്ച് നടപ്പിലാക്കുന്ന കാർഷിക കർമസേന പദ്ധതിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായി.

പരിശീലനം സിദ്ധിച്ച, അച്ചടക്കമുള്ള തൊഴിലാളികളുടെ ലേബർ ബാങ്ക് രൂപീകരിക്കുക, മിതമായ നിരക്കിൽ ആവശ്യാ



നുസരണം തടസ്സമില്ലാതെ തൊഴിലാളികളെ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കായി മെക്കാനിക്കുകൾ, ഇലക്ട്രീഷ്യൻ, പ്ലംബർ എന്നീ സാങ്കേതിക തൊഴിലാളികളുടെ സർവീസ് ബാങ്ക് രൂപീകരിക്കുക. ഗ്രാമീണ-നഗര പ്രദേശങ്ങളിലെ തൊഴിൽ രഹിതരും പാവപ്പെട്ടവരുമായവർക്ക് തൊഴിലവസരങ്ങൾ ഉറപ്പാക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

ഉത്തരവ് സ.ഉ.(എം.എസ്.)നം. 280/2013/കൃഷി, തീയതി 27.09.2013

## ആയുർവേദ ഉത്പന്നങ്ങൾക്ക് ക്ലിനിക്കൽ പഠനത്തിന് അനുമതി

ആയുർവേദ ഉത്പന്നങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് മുമ്പ് ക്ലിനിക്കൽ പഠനം നടത്താൻ സർക്കാർ ആയുർവേദ കോളേജുകൾക്ക് അനുമതി നൽകി ഉത്തരവായി. ഗവൺമെന്റ് ആയുർവേദ കോളേജ് തിരുവനന്തപുരം, തൃപ്പൂണിത്തുറ, വി.പി.എസ്.വി. ആയുർവേദ കോളേജ് കോട്ടയ്ക്കൽ, കെയർ കേരളം കൊരട്ടി, തൃശൂർ (ടോക്സിസിറ്റി, സേഫ്റ്റി സ്റ്റഡി) എന്നിവയ്ക്കാണ് അനുമതി നൽകിയിരിക്കുന്നത്. കോളേജുകളിലെ പ്രിൻസിപ്പൽമാർ നോഡൽ ഓഫീസർമാരായിരിക്കും. ഒരു റിസേർച്ച് കോ-ഓർഡിനേറ്റർ, സ്റ്റാറ്റിസ്റ്റിഷ്യൻ, ക്ലാർക് കം ഡാറ്റാ എൻഡ്രി ഓപ്പറേറ്റർ എന്നിവരെ ഓരോ ഓഫീസിലും നിയമിക്കും. കരാറടിസ്ഥാനത്തിലായിരിക്കും നിയമനം.

ക്ലിനിക്കൽ പഠനത്തിന് മുമ്പ് നിർമാതാവ് ഉത്പന്നത്തിന്റെ ഫോർമുല ലൈസൻസിങ് അതോറിറ്റിക്ക് സമർപ്പിക്കണം. അംഗീകാരം ലഭിച്ചശേഷമാണ് ക്ലിനിക്കൽ പഠനത്തിനായി ഉത്പ




ന്നങ്ങൾ സമർപ്പിക്കേണ്ടത്. ഫോർമുല അംഗീകരിക്കാനുള്ള ഫീസ് 500 രൂപയും ക്ലിനിക്കൽ പഠനത്തിനുള്ള ഫീസ് 10,000 രൂപയുമായിരിക്കും. പഠനത്തിനുള്ള ചെലവ് നിർമാതാവ് വഹിക്കണം. ഉത്പന്നങ്ങളിൽ ഷെഡ്യൂൾ ഇ1 വിഭാഗത്തിൽപ്പെടുന്ന ചേരുവകൾ ഉണ്ടെങ്കിൽ ടോക്സിസിറ്റി, സേഫ്റ്റി പഠനങ്ങളും നടത്തണം. പരീക്ഷണ



വിധേയമായ മരുന്നിനൊപ്പം ഈ അപ്രൂവൽ സർട്ടിഫിക്കറ്റ് ടെസ്റ്റ് റിപ്പോർട്ട്, ടോക്സിസിറ്റി സ്റ്റഡി റിപ്പോർട്ട് എന്നിവയ്ക്കൊപ്പം ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർക്കും ലൈസൻസിങ് അതോറിറ്റിക്കും നൽകണം.

ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ആയുഷ് വകുപ്പിന്റെ 2010 ഓഗസ്റ്റ് 10 ലെ വിജ്ഞാപനപ്രകാരം ആയുർവേദ ഉത്പന്നങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് ക്ലിനിക്കൽ സുരക്ഷാ പഠനങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. സ.ഉ.(ആർ.ടി.)നം. 3140/2013/ആ.കു.ക്ഷേ.വ., തീയതി 06.09.2013

## എണ്ണപ്പന തൊഴിലാളികൾക്ക് പുതുക്കിയ കൂലി നിരക്ക്

കേരളത്തിലെ ഓയിൽ പാം (എണ്ണപ്പന) തോട്ടങ്ങളിലെ തൊഴിലാളികൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലിനിരക്ക് കേരള സർക്കർ പുതുക്കി നിശ്ചയിച്ചു. വിദഗ്ധ വിഭാഗത്തിൽ 305 രൂപയും അർധവിദഗ്ധ വിഭാഗത്തിൽ 250 രൂപയും അവിദഗ്ധ വിഭാഗത്തിൽ 255 രൂപയുമാണ് അടിസ്ഥാന ശമ്പളം. പ്രസ്തുത നിര



ക്കുകൾക്ക് 2011 ജൂലൈ ഒന്നു മുതലുള്ള മുൻകാല പ്രാബല്യമുണ്ട്.

സ.ഉ.(പി.)നം. 112/2013/തൊഴിൽ, തീയതി 13.09.2013

## സർക്കാർ ജീവനക്കാരുടെ ഭവന വായ്പാ പദ്ധതി

സർക്കാർ അർധസർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പാ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സർക്കാർ/അർധസർക്കാർ സർവീസിൽ സ്ഥിര തസ്തികയിൽ കുറഞ്ഞത് 10 വർഷത്തെ സർവീസ് ബാക്കിയുള്ളവരിൽ സ്വന്തമായോ ഭാര്യ/ഭർത്താവ് എന്നിവരുടെ പേരിലോ വാസയോഗ്യവും വാഹന (കാർ) സഞ്ചാരയോഗ്യവുമായ മറ്റ് വീടില്ലാത്തവരും നഗരപ്രദേശങ്ങളിൽ കുറഞ്ഞത് മൂന്ന് സെന്റും ഗ്രാമപ്രദേശങ്ങളിൽ അഞ്ചു സെന്റും ഭൂമിയുള്ളവരുമായ ജീവനക്കാർക്ക് വായ്പ അനുവദിക്കുന്നതിനുവേണ്ടിയാണ് ഭവനനിർമാണ ബോർഡ് പദ്ധതി നടപ്പിലാക്കുന്നത്. നിർമാണ ചെലവിന്റെ 75 ശതമാനമോ 10 ലക്ഷം രൂപയോ ഏതാണ് കുറവ് ആ തുകയാണ് വായ്പയായി നൽകുന്നത്. 11 ശതമാനം നിരക്കിലായിരിക്കും പലിശ. തിരിച്ചടവ് കാലാവധി 10 വർഷം.

എല്ലാ ജില്ലകളിലും നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ നടത്തിപ്പിനായി 2013-14 സാമ്പത്തികവർഷം 11 കോടി 20 ലക്ഷം രൂപ വിനിയോഗിക്കും.

സ.ഉ.(എം.എസ്.)നം. 23/2013/ഭവനം, തീയതി 05.09.2013

## പെൻഷന് ആധാർ സമയപരിധി ദീർഘിപ്പിച്ചു

ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ ലഭിക്കുന്നതിനുവേണ്ടി ആധാർ തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടുന്നതിന്റെ സമയപരിധി 2013 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിരിക്കുന്നു. ആധാർ തിരിച്ചറിയൽ രേഖ എല്ലാ പെൻഷൻ ഗുണഭോക്താക്കൾക്കും ലഭിച്ചിട്ടില്ലാത്തതിനാൽ പെൻഷനുകൾ ലഭിക്കുന്നതിന് ആധാർ രേഖ നിർബന്ധമാക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കണമെന്നുള്ള നിരവധി അപേക്ഷകൾ സർക്കാരിന് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ്.

സ.ഉ.(അച്ചടി)നം. 340/2013/ധന, തീയതി 12.07.2013

## സമാശ്വാസ പെൻഷൻ

വൃക്ക, കരൾ എന്നിവ മാറ്റിവെക്കപ്പെട്ട രോഗികൾക്ക് കേരള സാമൂഹ്യസുരക്ഷ മിഷൻ ഏർപ്പെടുത്തിയ സമാശ്വാസ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 1000 രൂപ പ്രതിമാസപെൻഷൻ അനുവദിച്ചു.

ഉത്തരവ്: സ.ഉ (എം.എസ്) നം.22/2013 തീയതി: 1/10/2013

## എൻഡോസൾഫാൻ: കടബാധ്യതയുടെ മോറട്ടോറിയം ആറുമാസം കൂടി

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയത്തിന്റെ കാലാവധി 2013 ഒക്ടോബർ ഒന്ന് മുതൽ ആറുമാസത്തേക്കു് കൂടി ദീർഘിപ്പിച്ച് ഉത്തരവായി. ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിത്തള്ളുന്ന വിഷയം പഠിക്കുന്ന കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മൂന്നു മാസം സമയംകൂടി അനുവദിക്കണമെന്ന കളക്ടറുടെ ആവശ്യം അംഗീകരിച്ച സാഹചര്യത്തിലാണ് നടപടി.

സ.ഉ(എം.എസ്) നം. 407/2013/ആ.കു.വ തീയതി: 4/10/2013


## നിയമനങ്ങൾ

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപറേഷൻ എം.ഡി ടോം ജോസിനെ ആസൂത്രണ, സാമ്പത്തികകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിച്ചു. ജലവിഭവ സെക്രട്ടറി വി.ജെ കുര്യന് വ്യോമയാനത്തിന്റെയും വ്യവസായ, ഐടി പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച് കുര്യന് കെഎസ്ഐഡിസിയുടെയും പൊതുഭരണ വകുപ്പ് സെക്രട്ടറി കെ.ആർ.ജ്യോതിലാലിന് ഫിഷറീസിന്റെയും തദ്ദേശസ്വയംഭരണ സെക്രട്ടറി ജെയിംസ് വർഗീസിന് തുറമുഖ വകുപ്പിന്റെയും അധികചുമതല നൽകി. ■

പെൺജീവിതം

■ വീണ

# മൂക്കിൽ വേദനയുടെ ഒരു ചെമന്ന പൂവ്




ടി.കെ. പദ്മിനിയുടെ ഒരു ചിത്രം

ജീവിതത്തിൽ നിങ്ങൾ കണ്ടുമുട്ടുന്ന ഓരോ സ്ത്രീയും പിന്നീട് നിങ്ങളിൽ നിറഞ്ഞു നിൽക്കും എന്ന മട്ടിൽ എന്തോ ഒരു പഴമൊഴി വായിച്ചതായി ഓർക്കുന്നു. ഓരോ കല്ലുകൾ ഉരുട്ടി മുകളിലെത്തിച്ച് ഒരു മല താനെ പൊട്ടിവരുന്നതുപോലെയൊന്ന്. അങ്ങനെ എന്തോ എന്നിൽ കടന്നുകൂടിയ ഒരാളാണ് പ്രഭാമ്മായി.

ഒരു മഴക്കാലത്താണ് എന്റെ അമ്മയുടെ രണ്ടാമത്തെ സഹോദരൻ അമ്മായിയെ കുടപ്പനക്കുന്നിൽ നിന്നും കല്യാണം കഴിച്ച് ആറ്റിങ്ങലിലേക്ക് കൊണ്ടുവന്നത്. കല്യാണം കഴിക്കുമ്പോൾ അമ്മാവന് ഒന്നേയുള്ളായിരുന്നു നിർബന്ധം - പെണ്ണിന് നന്നായി മീൻകറി വയ്ക്കാൻ അറിയണം. ഞാനന്ന് മൂന്നാം ക്ലാസുകാരി. കയ്യിൽ മൈലാഞ്ചി. സുന്ദരൻ നീളൻ മൂക്ക്. ഉരസി തെറിക്കുന്ന കോട്ടൺ സാരി. ഈ ലോകത്തിലേക്കും വച്ച് ഏറ്റവും സുന്ദരി ഇവരാണ്. ഞാൻ അവരുടെ സൗന്ദര്യത്തിന്റെ അടിമയായിപ്പോയി. ദമ്പതികൾക്കൊപ്പം വിരുന്നുണ്ണാൻ ബന്ധുവീടുകളിൽ പോയി. കല്യാണം കഴിഞ്ഞ ചെക്കനും പെണ്ണിനുമൊപ്പം വിരുന്നുണ്ണാൻ ഒരു കൊച്ചിനെയും കൊണ്ടുപോകുന്ന ശീലം അന്ന് നാട്ടുമ്പുറങ്ങളിലുണ്ട്. പ്രഭാമ്മായിയുടെ മണം ഒരു ജാതി പൂവിന്റേതാണ്. ഏതോ സെന്റുമണമാണ്. അത് ഇപ്പോഴും മനസ്സിൽ തടഞ്ഞുനിറയുന്നുണ്ട്. വോയിൽ സാരിയിൽ തട്ടി അത് കച്ചേരിനടവരെ

പടരും. കല്യണം കഴിച്ചു കൊണ്ടുവന്ന തിന്റെ പിറ്റേ ദിവസം മുതൽ അവരെ ന്നോടൊപ്പം സാറ്റു കളിച്ചുതുടങ്ങി. പാണ്ടി കളിച്ചു. മൂന്നു കളങ്ങൾ നിലത്ത് വരച്ചിട്ടാണ് പാണ്ടിക്കളം ഒരുക്കുന്നുന്നത്. കൊന്നി തൊട്ടുകളിയും ഞങ്ങൾ കളിച്ചി ട്ടുണ്ട്. ഒറ്റക്കാലിൽ പ്രഭാമ്മായി കൊക്കാകും. കഞ്ഞിയും കറിയും വച്ചുക ളിയിൽ ഞങ്ങൾ നല്ല അടുക്കളക്കാരിക ളാകും. ചിരട്ടകൾ പാത്രങ്ങളാക്കും. മുളക് ചെമ്പരത്തിയും നാലുമണിപ്പൂക്കളും കറി യായി മാറും. പ്ലാവില കരണ്ടിയും തുമ്പില പാത്രവും കഴുകി വെച്ചിട്ട് ഞങ്ങൾ പയ്യാരം പറഞ്ഞിരിക്കും. ശാർക്കര ചന്തയിൽ ഉത്സവത്തിനും നീലാ ടെക്സ്റ്റൈൽസിൽ തുണിയെടു ക്കാനും ആർ.എൻ.പിയിൽ മലയാളം പടം കാണാനും ഞങ്ങളൊരുമിച്ച് പോയി ട്ടുണ്ട്. ശാർക്കര ചന്തയിൽ നിറങ്ങളുടെ മേളയാണ്. ചാന്തും കരിയും മൺക ലവും വാങ്ങിച്ച് ഐസ്ക്രീമും തിന്ന് ഞങ്ങൾ തിരിച്ച് വീട്ടിലെത്തുന്നു.

പ്രഭാമ്മായിയുടെ നീളൻ പിനാക്യോ മൂക്ക് കാലം കഴിയുന്തോറും നീണ്ടു നീണ്ടു വരുന്നുണ്ടായിരുന്നോ എന്നാണ് സംശയം. പിന്നീട് എപ്പോഴോ ആരോ എങ്ങനെയോ പറഞ്ഞാണ് ഞാനതറി ഞ്ഞത്- അന്നു മുതലേ എന്നോടൊപ്പം കളിച്ചുതിമിർത്ത കാലം മുലേ അവരുടെ മനസ്സിന്റെ താളം തെറ്റിയിരുന്നു. അത് പഞ്ഞിക്കൂട്ടങ്ങളെപ്പോലെ ചിതറി നടന്നി രുന്നു. അതിന് അടുക്കും ചിട്ടയുമില്ലായി രുന്നു. അത് ചിലപ്പോൾ ഒരു കുഞ്ഞിന്റേ തുപോലെ പാവം പിടിച്ചതായിരുന്നു. അപ്പോൾ അത് ഭർത്താവിനോടും വീട്ടു കാരോടും പിണങ്ങി ഒരു കറുത്ത സ്യൂട്ട്കേസുമെടുത്ത് നാടുവിട്ടുപോകാൻ തയാറെടുക്കുമായിരുന്നു. ചില സമയം മനസ്സ് ഒരു കൊലയാളിയുടേതുപോലെ ദുഷ്ടത്തരം നിറഞ്ഞതാകും. അപ്പോൾ അതിന് എന്തെങ്കിലും കുരുത്തക്കേടു കൾ ഒപ്പിക്കാൻ തോന്നും. അപ്പോളത് സ്വർണവളകളെ മണ്ണിൽ പൂഴ്ത്തിവെ ക്കും. ഭർത്താവിന് കാമുകിമാരുണ്ടെന്ന് സങ്കൽപ്പിക്കും. കോളേജ് കുമാരിയായി ഔവർ കോളേജിൽ പഠിക്കാൻ പോകും. അന്നേ നല്ല തലയെടുപ്പുള്ള ട്യൂട്ടോറി യൽ കോളേജാണ് ഔവർ. പി.എസ്.സി. ചോദ്യങ്ങൾ നാമജപങ്ങളാകും. കുമാര നാശാന്റെ കവിതകൾ ചൊല്ലും. പനിപി ടിച്ച കുട്ടി ഒന്നാം പാഠം ചൊല്ലുന്ന മട്ടി ലാണ് അവ. ആശാൻ അവരുടെ പ്രിയപ്പെട്ട കവിയാണ്. ചങ്ങമ്പുഴയുടെ രമണനും അവരൊരു പ്രത്യേക താള ത്തിൽ ചൊല്ലിയിരുന്നു. ദുഃഖം നിറഞ്ഞ് അത് നമ്മളെ പാതാളത്തിലേക്ക് വലിച്ചി ഴച്ചുകൊണ്ടുപോകും. താളമില്ലാത്ത മനസ്സിൽ നിന്നും ഇത്രയും താളം നിറഞ്ഞ കവിതകൾ എങ്ങനെയാണുണ്ടാ കുന്നതെന്ന് ഞാനിന്ന് അത്ഭുതപ്പെടുന്നു. മനുഷ്യന്റെ ദുഃഖം പൂർണമായി നെഞ്ചിൽ നിന്നുമൊഴുകി പ്രകൃതിയിലെ വിടെയോ അലിയുന്നത് അന്ന് ഞാൻ കണ്ടിട്ടുണ്ട്. ഞങ്ങളുടെ കൂട്ടുകെട്ടിലെ രണ്ട് കാര്യങ്ങൾക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്. ഒന്ന്, വീട്ടിൽ മാർക്കേസ് കഥയിലെ ബാൽതാസരിന്റേതുപോലെ അതിവിശാ ലമായൊരു കൂടുണ്ടായിരുന്നു ലൗബേർഡ്സിനായി, ഒരു ദിവസം ഞങ്ങളവരെ സ്വതന്ത്രരാക്കാൻ തീരുമാ നിച്ചു. പിന്നെ അവർ ആകാശത്തിന് മാത്രം സ്വന്തം. രണ്ട്, പ്രഭാമ്മായി അവ രുടെ യൗവനകാലത്തെഴുതിയ കഥ – ഒരു പെണ്ണ് പുന്നയ്ക്ക പറിക്കാൻ പറ മ്പിൽ പോകുന്ന കഥ ഞങ്ങളൊരു പ്രമുഖ വാരികയ്ക്ക് അയച്ചുകൊടുത്തു. പത്രാധിപരുടെ കത്തോടെ കഥ മടങ്ങിവ ന്നു. അതും വീട്ടിൽ കോളിളക്കമു ണ്ടാക്കി. 'നമ്മുടെ സിനിമ' എന്ന പേരിൽ അവർ ഒരു കവിതയും എഴുതിയിട്ടുണ്ട്. 'സിനിമയ്ക്കുള്ളിലൊരു പെണ്ണുണ്ട്, സിനിമാലോകമെനിക്കുണ്ട്...' എന്നു തുട ങ്ങുന്ന കവിത അവരൊരു അമൂല്യ നിധി പോലെ സൂക്ഷിച്ചുവെച്ചിട്ടുണ്ട്.



ഞാൻ നാലാം ക്ലാസിൽ പഠിപ്പിനായി അച്ഛന്റെ തിരുവനന്തപുരത്തെ വീട്ടി ലെത്തി. പ്രഭാമ്മായിയെക്കുറിച്ച് ഒരുപാട് കഥകൾ ഞാൻ കേട്ടുകൊണ്ടേയിരുന്നു. എന്റെ മനസ്സും കള്ളങ്ങൾ പഠിച്ചു. എനി ക്കവരുടെ മനസ്സ് ചിലപ്പോഴെങ്കിലും ബാലിശമായി തോന്നി. കൗമാരത്തിൽ ഒരിക്കലൊരു വേനൽക്കാലത്ത് പ്രഭാ മ്മായി അവരുടെ ജീവിതത്തിലെ നോവു നിറഞ്ഞ ഒരു കഥ പറഞ്ഞുതന്നു. പ്രീഡിഗ്രിക്ക് അവരൊരു റെഗുലർ കോളേജിൽ പഠിക്കുന്ന കാലം. സമര ദിവസം. മഴയും കൂടി ഉള്ളതുകൊണ്ട് കൂട്ടുകാരെല്ലാം ഉച്ചയ്ക്കുമുമ്പേ വീടുപറ്റി. കുടയില്ലാത്തതുകാരണം അവരാ കോളേ ജിൽ ഒരു ക്ലാസ്മുറിയിൽ ഒറ്റയ്ക്കായി പ്പോയി. എതിരെ കുന്നാണ്. നിഴലുകൾ വീഴും. മഴ ഇരുട്ടിനെ കൊണ്ടുവരും. അടുത്ത്, തൊട്ടടുത്ത ക്ലാസ്സിൽ അഞ്ചാറ് ചെറുപ്പക്കാർ ഒരു പെൺകുട്ടിയെ കൂട്ട മായി ആക്രമിക്കുന്ന ശബ്ദങ്ങൾ അവർ കേട്ടു. അവരത് കണ്ടില്ല. ഗ്യാലറിക്ലാ സ്സിലെ ബഞ്ചിനടിയിൽ ഒളിച്ചിരുന്നു. ശബ്ദങ്ങൾ, അക്രമത്തിന്റെ, പ്രതിരോധ ത്തിന്റെ, വേദനയുടെ ശബ്ദങ്ങൾ. ഏതോ പെൺകുട്ടിയുടെ കരച്ചിലിന്റെ ശബ്ദം. അവരെഴുന്നേറ്റ് ഓടി. വീടുവരെ ഓടി. വീട് അത്ര അടുത്തൊന്നുമല്ല. പിറ്റേന്ന് പനിച്ച് പേടിച്ച് പിച്ചും പേയും പറഞ്ഞു തുടങ്ങി. പനിക്കാലത്ത് അവരുടെ ചെവി പിളർന്ന് പെൺകരച്ചിലിന്റെ ശബ്ദങ്ങളിര ച്ചുകയറി. പിറ്റേന്ന് ടൈഫോയ്ഡായി. പിന്നെ, മനസ്സ് ഒരു പൂവുപോലെ ഇറുന്നു വീഴാൻ തുടങ്ങി. പിന്നേയുമൊ രായിരം കഥകൾ, ഒരു മനുഷ്യന് എങ്ങനെ അവന്റെ മനസ്സ് കളഞ്ഞുപോ കാമെന്നു തോന്നുന്ന കഥകൾ അവരെ നിക്ക് പറഞ്ഞുതന്നു.

ഇന്നും പ്രഭാമ്മായിയുടെ വീരകൃത്യ ങ്ങൾ, കഥകൾ, കഥയില്ലായ്മകൾ എല്ലാ വരും പറഞ്ഞു ചിരിക്കുന്നത് ഞാൻ കാണാറുണ്ട്. പ്രാദേശിക നേതാക്കളോ, സാംസ്കാരിക നായകന്മാരോ മരിച്ചാൽ അവരിപ്പോഴും വീട്ടിൽ തീ കൂട്ടാറില്ല. അതൊരു പഴയ ശീലമാണ്. സിനിമാനടി ശ്രീവിദ്യയുടെ മരണം അവർ ഒരാഴ്ച യോളം ആചരിച്ചു. കഞ്ഞി വെക്കാ തെയും അടുപ്പു കൂട്ടാതെയും തിന്നാ തെയും കുടിക്കാതെയും കുളിക്കാതെയു മൊക്കെ പലപല രീതികളിലും മരണം അവർ ആചരിക്കാറുണ്ട്. മരിച്ചു പോയ വർക്കായി നിഷ്കാമകർമം പോലെ അവർ നെഞ്ചുപൊട്ടി വേദനിക്കും. അവ രുടെ മനസ്സ് പഞ്ഞിക്കൂട്ടങ്ങളെപ്പോലെ യോ, പക്ഷിക്കൂട്ടങ്ങളെപ്പോലെയോ ചിത റിയ ഒന്നാണെന്ന് എനിക്ക് തോന്നുന്നില്ല. തിരിഞ്ഞുനോക്കുമ്പോൾ അവരുടെ നീളൻ മൂക്കിൽ, സ്ത്രീയുടെ വേദനയുടെ ഒരു ചെമന്ന പൂവ് മൂക്കുത്തിയായി വിടർന്നു നിൽക്കുന്നതു മാത്രം കാണാം. ■

■ ഡോ. എ. രാജഗോപാൽ കമ്മത്ത്

# ഹാനികരമായ വാതകങ്ങൾ

പതിനെട്ടാം നൂറ്റാണ്ടിന്റെ പകുതിയോടെ സങ്കീർണമായ യന്ത്രങ്ങൾ പ്രചരിച്ചു. പ്രകൃതിവിഭവങ്ങളുടെ ഉപഭോഗം വർധിക്കുകയും ജനസംഖ്യ പതിയെ വർധിച്ചുതുടങ്ങുകയും ചെയ്തു. ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനവും, രോഗനിവാരണവും മൂലം ശിശുമരണനിരക്കു കുറഞ്ഞു. ജോലി സാധ്യതകളും വർധിച്ചു. യന്ത്രങ്ങൾ ചലിപ്പിക്കാനായി ഉപയോഗിക്കുന്ന ഇന്ധനങ്ങൾ ഹാനികരമായ വാതകങ്ങൾ വ്യാപിപ്പിച്ചു. 20 ാം നൂറ്റാണ്ടിൽ കൽക്കരി, പ്രകൃതിവാതകം എന്നീ



ഇന്ധനങ്ങൾ ഉപയോഗിച്ച് ഊർജം നേടിയ വ്യവസായസ്ഥാപനങ്ങളും മലിനീകരണത്തിന്റെ വേഗംകൂട്ടി. ടർബൈനുകൾ, ബോയിലറുകൾ, ജനറേറ്ററുകൾ, എഞ്ചിനുകൾ, ഫർണസുകൾ എന്നിവ പ്രവർത്തിപ്പിക്കാനായി ഉപയോഗിച്ച ഇന്ധനങ്ങൾ ആഗോളതാപനത്തിനു കാരണമായ വാതകങ്ങൾ പുറപ്പെടുവിച്ചു. വ്യവസായങ്ങളിൽ നിന്നുള്ള പ്രധാന ഹരിതഗൃഹവാതകങ്ങളാണ് CO2, മീഥേൻ, നൈട്രസ് ഓക്സൈഡ്, ഹൈഡ്രോഫ്ളൂറോ കാർബണുകൾ, പെർഫ്ളോറോ കാർബണുകൾ, സൾഫർ ഹെക്സാഫ്ളൂറൈഡ് എന്നിവ. പെട്രോകെമിക്കൽ, അമോണിയ, അലൂമിനിയം, സ്റ്റീൽ, അയൺ, സിമന്റ് എന്നിവയുടെ നിർമാതാക്കളാണ് ഏറ്റവും കൂടുതൽ ഹാനികരമായ വാതകങ്ങൾ പുറംതള്ളുന്നത്.

ഇരുമ്പയിര് ശുദ്ധമാകുന്നത്, ചുണ്ണാമ്പ്, സ്റ്റീൽ, ടൈറ്റാനിയം, പേപ്പർ, അലൂമിനിയം അലുമിനി, സിമെന്റ്, പെട്രോളിയം, വളങ്ങൾ, വൈദ്യുതി പ്രകൃതിവാതകപൈപ്പ് ലൈനുകൾ, പൊട്ടാഷ്, ബേസ്മെറ്റൽ സ്മെൽറ്റിങ് പ്രക്രിയ, സിലിക്കോൺ കാർബൈഡ്, നൈട്രിക് ആസിഡ്, അമോണിയ, യൂറിയ, ചുണ്ണാമ്പുകല്ല്, ഗ്ലാസ്, സോഡാ ആഷ്, ഫെറോ അല്ലോയ്, സിങ്ക്, ഫോസ്ഫോറിക് ആസിഡ്, ടൈറ്റാനിയം ഡയോക്സൈഡ്, ലെഡ്, കൽക്കരിഖനനം, മലിനജലപ്ലാന്റുകൾ, സ്റ്റേഷനറി കംബസ്റ്റ്യൻ, കംബോസ്റ്റിങ്, മാമ്പർ മാനേജ്മെന്റ്, സെമി കണ്ടക്ടറുകൾ, മാഗ്നീഷ്യം, എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് ഏറ്റവും കൂടുതൽ ഹരിതഗൃഹവാതകങ്ങൾ പുറത്തുവിടുന്നത്. നൈട്രസ് ഓക്സൈഡ് പുറത്തുവരുന്നത് നൈട്രിക് ആസിഡ്, അഡിവിക് ആസിഡ് എന്നിവയുടെ നിർമാണത്തിൽ നിന്നാണ്. ലിക്വിഡ് ക്രിസ്റ്റൽ ഡിസ്പ്ലേ സ്ക്രീനുകളുടെ നിർമാണം നൈട്രജൻ ട്രൈഫ്ളൂറൈഡ് അന്തരീക്ഷത്തിലെത്തിക്കുന്നു. സെമികണ്ടക്റ്റർ, അലൂമിനിയം, മഗ്നീഷ്യം നിർമാണവേളയിലും.

വാതകങ്ങളുടെ പുറംതള്ളൽ നിയന്ത്രിക്കുന്നത് ക്യാപ്ച്ചർ ആൻഡ് സ്റ്റോറേജ് രീതികളിലൂടെയാണ്. എഞ്ചിനുകൾ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന കാർബൺ പിടിച്ചെടുത്ത് ഭൗമാന്തരീക്ഷത്തിൽനിന്ന് മാറ്റി ഭൂഗർഭത്തിലോ മറ്റോ സൂക്ഷിക്കുന്നു. സ്ക്രബർ സാങ്കേതികത വഴി അമ്ലാംശമുള്ള വാതകങ്ങളിൽ നിന്നുള്ളവ ശുദ്ധീകരിക്കുന്നു. പുറത്തുവരുന്ന രാസവസ്തുക്കളിൽ പരിവർത്തനം വരുത്തി ഹാനികരമല്ലാതാക്കുന്നു. പലതരം ഫിൽറ്ററുകളും പ്രചാരത്തിലുണ്ട്. ഹാനികരമായ വാതകങ്ങളെ നിർവീര്യമാക്കുന്ന ന്യൂട്രലൈസേഷൻ വഴിയും മലിനീകരണം കുറയ്ക്കുന്നുണ്ട്. സെലക്റ്റീവ് കാറ്റലിക്റ്റിക് റിഡക്ഷൻ, ഡീസൾഫറൈസേഷൻ എന്നിവയും പല വ്യവസായങ്ങളിലും പ്രചാരത്തിലുണ്ട്.

## കോൺട്രെയിൽ

വിമാനങ്ങൾ, റോക്കറ്റുകൾ എന്നിവ അന്തരീക്ഷത്തിന്റെ മുകൾപാളിയിലൂടെ സഞ്ചരിക്കുമ്പോൾ അവയുടെ പുകയിൽ നിന്നും ഉണ്ടാകുന്ന സിറസ് മേഘങ്ങളാണ് കണ്ടൻസേഷൻ ട്രെയിൽ അഥവാ കോൺട്രെയിൽ. ഹൈഡ്രജൻ അടങ്ങിയ ഇന്ധനങ്ങൾ കത്തുമ്പോൾ എഞ്ചിനുകൾ ജലബാഷ്പവും പുറത്തുവിടുന്നു. ഇതു ഘനീഭവിച്ച് ഐസ് ക്രിസ്റ്റൽ ശകലങ്ങളാകുന്നു. 40 മുതൽ -600 സെൽഷ്യസ് വരെയുള്ള താപനിലയുള്ള പ്രദേശത്ത് കോൺട്രെയിൽ ഉണ്ടാകുന്നു. എഞ്ചിനിൽനിന്നും പുറത്തുവന്ന് 0.1 സെക്കന്റ് കഴിഞ്ഞാണ് കോൺട്രെയിൽ ദൃശ്യമാകുക. ചില പക്ഷികൾ വളരെ ഉയരത്തിൽ പറക്കുമ്പോൾ ഈർപ്പമുള്ള വായു നിശ്വസിക്കുന്നതു മൂലം ചെറിയ കോൺട്രെയിൽ ഉണ്ടാകുന്നതു രേഖപ്പെടുത്തിയിട്ടുണ്ട്. ഒരിക്കൽ ഇതുണ്ടായാൽ വായുവിൽനിന്നും കൂടുതൽ ഈർപ്പമെടുത്ത് വലുതാകുന്നു. ഇവയും മേഘാവരണം മൂലമുള്ള ഹരിതഗൃഹപ്രഭാവത്തിനു വഴിയൊരുക്കുന്നു.



## മീഥേൻ

നിറമില്ലാത്ത, ഗന്ധമില്ലാത്ത വാതകമാണ് മീഥേൻ. പ്രകൃതിവാതകത്തിന്റെ 70-90 ശതമാനം മീഥേനാണ്. ചതുപ്പിൽ നിന്നാണ് ഈ വാതകങ്ങളെക്കുറിച്ചുള്ള ആദ്യവിവരം ലഭിച്ചത്. 'എളുപ്പം കത്തുന്ന വായു' എന്നാണ് ഇതിനെ ആദ്യം വിളിച്ചത്. സൂര്യനിൽനിന്നെത്തുന്ന പ്രകാശോർജത്തെ അതു കടത്തിവിടുകയും തിരികെ ഭൂമിയിൽനിന്നും ഇൻഫ്രാറെഡ് വികിരണം വഴി പുറത്തേക്കു പോകുന്ന താപോർജത്തെ തടഞ്ഞു നിർത്തുകയും ചെയ്യുന്നു. ഒരു ഗ്രീൻഹൗസിലെ സ്ഫടികപാളികളുടെ പ്രവൃത്തി പോലെ. പതിനെട്ടാംനൂറ്റാണ്ടിന്റെ അർധഭാഗത്തിനു ശേഷം മീഥേൻ സാന്ദ്രത ഇരട്ടിയായിട്ടുണ്ട്. മനുഷ്യന്റെ ചെയ്തികൾ മൂലമുള്ള ആഗോള താപനത്തിന്റെ 25 ശതമാനം ഇതു മൂലമാണ്. തുടർച്ചയായി മീഥേൻ അന്തരീക്ഷത്തിലെത്തുന്നത് പെട്ടെന്നുള്ള താപനത്തിനു കാരണമാകുന്നു. പ്രകൃതിവാതകത്തിലെ ഒരു പ്രധാനഘടകമാണ് മീഥേൻ. ചതുപ്പിലുണ്ടാകുന്ന വാതകം ഇതു

ഡോ. ബീന വേണുഗോപാൽ



# അമുക്കുരം

ഒരു കുറ്റിച്ചെടിയാണ് അമുക്കുരം. ഏതാണ്ട് ഒരു മീറ്ററോളം ഉയരത്തിൽ വളരുന്നു. വിഥാനിയ എന്നാണ് ഇംഗ്ലീഷിൽ പേര്. വിഥാനിയ സോമ്നിഫെറ എന്ന് സസ്യശാസ്ത്രനാമം. സൊളാനേസീയാണ് കുടുംബം. സംസ്കൃതത്തിൽ അശ്വഗന്ധാ, വാജിഗന്ധാ എന്നൊക്കെ വിളിക്കും. അമുക്കുരത്തിന്റെ വേര് ഒടിച്ചു മണപ്പിച്ചാൽ കുതിരമണം ലഭിക്കുന്നതുകൊണ്ടാണ് അശ്വഗന്ധ എന്ന പേര് സിദ്ധിച്ചത്.

അമുക്കുരം കൃഷിചെയ്ത് വളർത്തുന്നതും അല്ലാതെ വളർത്തുന്നതും തമ്മിൽ ജൈവരാസഘടനയിൽ വ്യത്യാസമുള്ളതായി ശാസ്ത്രലോകം കണ്ടെത്തിയിട്ടുണ്ട്. അതിനാൽ കൃഷിചെയ്തുണ്ടാക്കുന്ന അമുക്കുരം വിഥാനിയ വിശ്വഗന്ധ എന്ന പേരിലറിയപ്പെടണമെന്ന് അഭിപ്രായമുണ്ട്. അമുക്കുരത്തിന് ഔഷധപ്രാധാന്യമുണ്ട്.

ആയുർവേദത്തിൽ ഏറെ പ്രസിദ്ധിപെറ്റ ഒരു വാജീകരണ ഔഷധമാണിത്. ഇതിന്റെ കിഴങ്ങാണ് ഔഷധഭാഗം. ഇലയിലും ഔഷധഗുണമുണ്ട്. ഇതിന്റെ കിഴങ്ങിൽ നിന്നും അനാഹൈഗ്രിൻ, കസ്കോഹൈഗ്രിൻ, ഹൈഗ്രിൻ, ട്രോപിൻ, കോളിൻ, സോമ്നിഫെറിൻ, വിഥാനിൻ, സ്യൂഡോട്രോപിൻ തുടങ്ങി പതിമൂന്നു തരം ആൽക്കലോയ്ഡുകൾ വേർതിരിച്ചെടുക്കുന്നു. ഇലയിൽ നിന്നും വിഥോനോലൈഡ്സ് എന്ന ഒരു ആൽക്കലോയ്ഡ് വേർതിരിച്ചെടുക്കുന്നു.

ഇത് ഹൃദയം, നാഡികൾ, മസ്തിഷ്കം എന്നിവയെ സ്വാധീനിക്കുന്നു. അത് ഉറക്കമുണ്ടാക്കുകയും വേദനയില്ലാതാക്കുകയും ചെയ്യുന്നു. പ്രായം കൊണ്ടുണ്ടാവുന്ന മൂത്രതടസ്സം മാറിക്കിട്ടുന്നു. എല്ലാറ്റിനുമുപരി ശരീരത്തിന് ബലവും ആരോഗ്യവും വർധിക്കുന്നു. മുലപ്പാലും ശുക്ലവും വർധിക്കുന്നു. നാഡികളുടെയും ശ്വാസകോശത്തിന്റെയും ആരോഗ്യം മെച്ചപ്പെടുന്നു. സ്ത്രീകളിൽ വന്ധ്യത മാറുകയും പുരുഷന്മാരിൽ ധാതുബലം കൂട്ടുവാനും ലൈംഗികശേഷി വർധിപ്പിക്കുവാനും ഇതുപകരിക്കുന്നു. ഈവക ഗുണങ്ങൾ കിഴങ്ങിന് മാത്രമല്ല, വേരിനും ഇലയ്ക്കുമുണ്ട്.

വാതം, കഫം, വെള്ളപ്പാണ്ട്, ജ്വരം, ചർമരോഗങ്ങൾ, ആമവാതം, ദേഹമാസകലമുള്ള നീര്, ക്ഷതം, ക്ഷയം, ചുമ, ശ്വാസ വൈഷമ്യം തുടങ്ങിയ രോഗങ്ങളകറ്റാൻ അമുക്കുരത്തിനാവുമെന്ന് ആയുർവേദം വിധിക്കുന്നു. അമുക്കുരം പതിവായി കഴിച്ചാൽ ഹൃദയരോഗങ്ങളിൽ നിന്നും രക്ഷപെടാവുന്നതാണ്. പുകവലിക്കാർക്ക് തന്മൂലമുണ്ടാകുന്ന ദോഷഫലങ്ങളിൽ നിന്നും മോചനം ഇതുമൂലമുണ്ടാകുന്നു. നല്ല നിദ്രയുണ്ടാകാൻ ഇത് നല്ലതാണ്. സ്ത്രീകൾക്ക് വെള്ളപോക്ക് മാറുകയും മുലപ്പാൽ വർധിക്കുകയും ചെയ്യുന്നു.

ശരീരം തടിക്കാതെ മെലിഞ്ഞുണങ്ങിയവർക്ക് അമുക്കുരം ഗുണംചെയ്യും. അമുക്കുരം പൊടിച്ച് പാലിലോ നെയ്യിലോ കഴിക്കുക. സ്ത്രീകൾക്ക് കുട്ടികൾക്കും മുതിർന്നവർക്കും നന്ന്. കുട്ടികളുടെ വളർച്ചക്കുറവ് മാറിക്കിട്ടുകയും സ്ത്രീകൾക്ക് ശരീരം പുഷ്ടിപ്പെടുകയും ചെയ്യും.

അമുക്കുരം ചേർത്തുണ്ടാക്കുന്ന ധാരാളം ആയുർവേദ ഔഷധച്ചേരുവകകൾ കമ്പോളത്തിൽ ലഭ്യമാണ്. അമിതമായി അമുക്കുരം അകത്തുപോകാൻ പാടുള്ളതല്ല. അത് ദോഷകരമാണ്. ഇതിന്റെ കായ കഴിച്ചാൽ വയറിളക്കമുണ്ടാവാം.

അമുക്കുരം അരിഷ്ടമാക്കിയോ ലേഹ്യമാക്കിയോ പാകം ചെയ്ത് കഴിക്കുന്നതിനേക്കാൾ നന്ന് അത് നേരിട്ട് പൊടിച്ച് പാലിൽ ചേർത്ത് കുടിക്കുന്നതാണ്.

അമുക്കുരത്തിന് പകരമായി റൂയെല്ലിയ ട്യൂബറോസ എന്ന കിഴങ്ങുവേരാണ് വിറ്റുവരുന്നത്. അതിന് അമുക്കുരത്തിന്റെ സാദൃശ്യമേയുള്ളൂ. ഗുണമില്ല. വഞ്ചിക്കപ്പെടാതിരിക്കാൻ നോക്കുക.



തന്നെയാണ്. ജൈവപദാർഥം ക്ഷയിക്കുന്ന ചതുപ്പുകളിൽനിന്ന് കുമിളകളായി പുറത്തു വരുന്നത് മീഥേനാണ്. പ്രധാനമായും ചതുപ്പു നിലങ്ങളിൽ നിന്നാണിതു ഉത്ഭവിക്കുന്നത്. മറ്റു പല പ്രവർത്തനങ്ങളിലും ഈ വാതകം ഉണ്ടാകുന്നു. മീഥേൻ, ഹൈഡ്രോക്സിൽ റാഡിക്കലുകളുമായി പ്രതിപ്രവർത്തിക്കുന്നു. അന്തരീക്ഷത്തിലാണിതു സംഭവിക്കുന്നത്. വ്യാവസായിക വിപ്ലവത്തിനു ശേഷം അന്തരീക്ഷത്തിലെ മീഥേൻ സാന്ദ്രത വളരെയധികം വർധിച്ചിട്ടുണ്ട്. മീഥേൻ രാസപരമായി അന്തരീക്ഷത്തിൽ വെച്ച് നശിക്കുന്നു. ഒൻപതു മുതൽ 15 വർഷം വരെ മാത്രമാണ് മീഥേൻ അന്തരീക്ഷത്തിൽ നിലനില്ക്കുന്നത്. ഭൂമിയിലിത് പുറത്തുവരുന്ന മീഥേന്റെ 60 ശതമാനം മനുഷ്യന്റെ ചെയ്തികൾ മൂലമാണ്. മണ്ണിട്ടു നികത്തുന്നത്, മലിനജലം ശരിയായ രീതിയിൽ സംസ്കരിക്കാത്തത്, കന്നുകാലി വളർത്തൽ, ചാണകം, കന്നുകാലികളുടെ ആമാശയവായു, നെൽപ്പാടങ്ങൾ, കൽക്കരി, വാഹനങ്ങൾ, പ്രകൃതിവാതക ഉത്പാദനം എന്നീ പ്രക്രിയകൾ. നനവുള്ള പ്രദേശങ്ങൾ, തടാകങ്ങളിലെ അടിത്തട്ടിലുള്ള അവശിഷ്ടങ്ങൾ, പ്രകൃതിവാതകപാടങ്ങൾ, ചിതൽ, മഹാസമുദ്രങ്ങൾ, സ്ഥിരഹിമം, മീഥേൻ ഹൈഡ്രേറ്റുകൾ എന്നിവ മീഥേന്റെ പ്രകൃതിസ്രോതസ്സുകളാണ്. ആർക്കിയ എന്ന സൂക്ഷ്മജീവിയാണ് മേൽപ്പറഞ്ഞ പ്രകൃതിസ്രോതസ്സുകളിൽനിന്നും മീഥേൻ ഉണ്ടാകാൻ കാരണം. മെഥനോജൻ എന്നാണ് ഈ മൈക്രോബുകളെ വിളിക്കുന്നത്. മെഥനോജെനെസിസ് എന്നാണ് മീഥേൻ പുറത്തു വിടുന്ന പ്രക്രിയയെ വിളിക്കുന്നത്. ഓക്സിജൻ ഒട്ടുമില്ലാത്ത പ്രദേശത്താണ് ആർക്കിയ കാണപ്പെടുന്നത്. ഓക്സിജന്റെ സാന്നിധ്യം അവയെ ഉടൻതന്നെ നശിപ്പിക്കുന്നു. മീഥേൻ നല്ലൊരു ഇന്ധനമാണ്. ഫോസിൽ ഇന്ധനങ്ങൾക്കുപകരം ഇതുപയോഗിക്കാവുന്നതാണ്. ■

■ സതീഷ് പൂവത്തൂർ

# ജനസംഖ്യ
## 2050 ൽ ഇന്ത്യക്ക് ആദ്യസ്ഥാനം?



ലോക ജനസംഖ്യ ക്രമാതീതമായി വർധിച്ചുവരുന്നതായി പുതിയ പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഫ്രാൻസിലെ ഡെമോഗ്രഫിക് സ്റ്റഡീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന നിരീക്ഷണങ്ങളിലാണ് ഈ കണ്ടെത്തൽ. 2050ൽ ലോക ജനസംഖ്യ 973 കോടി കഴിയുമെന്നും ചൈനയെ മറികടന്ന് ഇന്ത്യ ഒന്നാം സ്ഥാനത്തെത്തുമെന്നും പഠനം സൂചിപ്പിക്കുന്നു.


ഇന്ത്യയിൽ അപ്പോഴത്തെ ജനസംഖ്യ 127.7 കോടിയും ചൈനയിൽ 131.1 കോടിയും ആകുമെന്നാണ് വ്യക്തമാകുന്നത്. ഇന്ത്യയിൽ 38 കോടി വർധിക്കുമ്പോൾ ചൈനയിൽ അഞ്ച് കോടി കുറയും.

നിലവിൽ ലോകജനസംഖ്യ (2013 ലെ കണക്ക് പ്രകാരം) 714.1 കോടിയാണ്. ഈ നൂറ്റാണ്ട് അവസാനിക്കുമ്പോഴേക്കും അത് 1100 കോടിയായി പെരുകുമെന്ന് പഠനം സ്ഥിരീകരിക്കുന്നു.

# ഫേസ്ബുക്ക് ഉപയോക്താക്കളെ ഒരുമിച്ചു കാണാം

ഫേസ് ബുക്കിലെ 122 കോടി അംഗങ്ങളെയും ഇനി ഒരുമിച്ചു കാണാം. ഫേസ് ബുക്ക് പ്രോഗ്രാമറായ നതാലിയ റോജേസ് ആണ് പുതിയ ആപ്ലിക്കേഷനു പിന്നിൽ. ഫേസ് ബുക്കിൽ അംഗത്വമെടുത്തതിന്റെ ക്രമത്തിലായിരിക്കും ചിത്രങ്ങൾ ക്രമീകരിക്കുന്നത്. ഇപ്പോൾ ഫേസ് ബുക്കിലുള്ള ചിത്രങ്ങളെല്ലാം കണ്ടുതീരണമെങ്കിൽ 36 വർഷവും അഞ്ചു മാസവുമെടുക്കുമെന്നാണ് നതാലിയയുടെ വിലയിരുത്തൽ.

ഈ പ്രോഗ്രാമിലൂടെ ഫേസ് ബുക്ക് അംഗങ്ങൾക്ക് ഏറെ സുഹൃത്തുക്കളെ കണ്ടെത്താനാകുമെന്നാണ് അമേരിക്കൻ വംശജയായ നതാലിയയുടെ പ്രതീക്ഷ




# വാങ്ങാം 'തക്കാളിക്കിഴങ്ങു' ചെടി


കാർഷിക മേഖലയിലെ പുതുപുത്തൻ പരീക്ഷണങ്ങൾക്ക് വിജയം. ഇനി തക്കാളിയും ഉരുളക്കിഴങ്ങും ഒരേ ചെടിയിൽ വിളയിച്ചെടുക്കാം.

ലണ്ടൺ ഇപ്സവിച്ചിലെ ഉദ്യാന നിർമാതാക്കളായ തോംസൺ ആൻഡ് മോർഗൻ കമ്പനിയാണ് 'ടോംടാറ്റോ' എന്ന പേരിൽ ജനിതകമാറ്റം വരുത്തിയ ചെടി വിപണിയിലെത്തിച്ചിരിക്കുന്നത്. ചെടിയിലുണ്ടായ തക്കാളി നിലവിലെ തക്കാളിയേക്കാൾ രുചികരമാണെന്നും വാണിജ്യാവശ്യത്തിന് ആദ്യമായാണ് ഒരു കമ്പനി ഇവ വിപണിയിലിറങ്ങുന്നതെന്നും അവകാശപ്പെടുന്നു.

രണ്ടു ചെടികളുടെയും തണ്ടുകൾ ഒട്ടിച്ചുചേർത്ത് (ഗ്രാഫ്റ്റിങ്) വികസിപ്പിച്ച ഇത്തരം ചെടികളിലെ ഉത്പന്നങ്ങളുടെ രുചിയിൽ വലിയ വ്യത്യാസമുണ്ടായിരുന്നതായും എന്നാൽ 'ടോംടാറ്റോ' രുചികരമാണെന്നും തോംസൺ ആൻഡ് മോർഗൻ ഡയറക്ടർ പോൾ ഹാൻസേർഡ് വ്യക്തമാക്കി.



ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)



# ഗാന്ധിജിയുടെ നിത്യപ്രസക്തി

സമാധാനത്തിനും അഹിംസയ്ക്കും സ്വന്തം ജീവിതം കൊണ്ട് നിർവചനങ്ങൾ നൽകിയ മഹാത്മജി ലോകജനതയ്ക്ക് അത്ഭുത മനുഷ്യനാണ്. വർഗീയതയും വംശീയ വിദ്വേഷങ്ങളും മനുഷ്യജീവിതം സമാധാനരഹിതമാക്കുമ്പോൾ ഗാന്ധിജിയുടെ ജീവിത സന്ദേശങ്ങൾ ലോകജനതയ്ക്ക് വഴിവിളക്കാണ്. നീതിയും സത്യവും ജീവിതചര്യയാക്കുവാൻ സാധാരണ മനുഷ്യർക്ക് എളുപ്പമല്ല. തികച്ചും  സ്വകാര്യമായ ജീവിതസത്യങ്ങൾ വരെ ലോകത്തോട് വിളിച്ചുപറഞ്ഞുകൊണ്ട് സ്വന്തം സത്യസന്ധതയ്ക്ക് പൂർണത നൽകിയ വ്യക്തിത്വമാണ് ഗാന്ധിജിയുടേത്. അതുകൊണ്ടാണ്, എന്റെ ജീവിതമാണ് എന്റെ സന്ദേശമെന്ന് അദ്ദേഹത്തിന് പറയാൻ സാധിച്ചത്. വിദേശപഠന സമയത്തും വിദേശവാസകാലത്തും സ്വന്തം മതവിശ്വാസത്തിലും മൂല്യചിന്തയിലും ഇളക്കം തട്ടാതെ ജീവിക്കാൻ കഴിഞ്ഞു ഗാന്ധിജിക്ക്. ആഴമുള്ള നിശ്ചയദാർഢ്യമുണ്ടെങ്കിൽ മാത്രമേ അതൊക്കെ സാധ്യമാകൂ. സ്വന്തം പാരമ്പര്യത്തിൽ അഭിമാനിച്ചിരുന്ന ഗാന്ധിജി അത് ഉറക്കെ പ്രഖ്യാപിക്കുന്നതിനും മടികാണിച്ചില്ല.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് പുതിയ ദിശാബോധം നൽകി രംഗത്തുവന്ന ഗാന്ധിജി എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും വലിയ സ്വാധീനശക്തിയായി മാറി. വാർത്താവിനിമയ സംവിധാനങ്ങൾ വളരെ ചുരുക്കമായിരുന്ന അക്കാലത്ത് ഇന്ത്യയിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ച് എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതം അടുത്തറിയുവാൻ ഗാന്ധിജിക്ക് കഴിഞ്ഞു.  ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നു കണ്ടെത്തിയ ഗാന്ധിജി അതിനനുയോജ്യമായ ജീവിത സങ്കൽപ്പത്തിന് രൂപംകൊടുക്കുകയുണ്ടായി. എന്നാൽ, ഗ്രാമസ്വരാജ് എന്ന സങ്കൽപ്പം ഇന്നും നമുക്ക് പ്രാവർത്തികമാക്കാൻ  കഴിഞ്ഞിട്ടില്ല.

മഹാത്മാഗാന്ധിജിയുടെ ജീവിതം പുതിയ തലമുറ പഠിക്കുമ്പോൾ കണ്ടെത്തുന്ന വസ്തുതകൾ അവർക്ക് വിശ്വസിക്കാൻ പ്രയാസമാണ്. ഇങ്ങനെയൊരു മനുഷ്യൻ ഭൂമിയിൽ ജീവിച്ചിരുന്നെന്ന് വിശ്വസിക്കാൻ പുതിയ തലമുറകൾക്ക് കഴിയില്ലെന്ന് മഹാനായ ഐൻസ്റ്റീൻ പറഞ്ഞത് ഇവിടെ പ്രസക്തമാണ്. നിശ്ചയദാർഢ്യത്തോടെയാണ് ഗാന്ധിജി ജീവിതം ചിട്ടപ്പെടുത്തിയത്. സത്യഗ്രഹവും അഹിംസയും ലോകത്തിന് സമ്മാനിച്ച ഗാന്ധിജിക്ക് ഇക്കാലത്ത് പ്രസക്തി ഏറുകയാണ്. വിദ്വേഷകലുഷിതമായ ഇന്നത്തെ ലോകത്ത് ഗാന്ധിയൻ ജീവിത ദർശനം പ്രകൃതിയോടൊത്ത് ഇണങ്ങിച്ചേർന്ന് ജീവിക്കുവാൻ മനുഷ്യരോടാവശ്യപ്പെടുന്നു. എല്ലാ ജീവജാലങ്ങളും അടങ്ങുന്ന സമഗ്രമായ ജീവിതവീക്ഷണം ഉൾക്കൊണ്ടാൽ മാത്രമേ ലോകത്തിന് നിലനിൽപ്പുള്ളൂ. ■